CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പുണ്യവാൻ ഉറങ്ങുന്ന പള്ളിപ്പുറം പള്ളി

ഡോക്ടർ തോമസ് പാലയ്ക്കൽ



പള്ളിപ്പുറം പള്ളിയുടെ മുകൾത്തട്ടിൽ പാലയ്ക്കൽ തോമ്മാമൽപ്പാൻ
1818-ൽ ആരംഭിച്ച പ്രഥമ സെമിനാരിയുടെ ഒരു പൗരാണിക ദൃശ്യം



പുനഃരുത്ഥാരണം നടത്തിയ പള്ളിപ്പുറം പള്ളിയിൽ പാലയ്ക്കൽ
തോമ്മാമൽപ്പാന്റെ സെമിനാരിയുടെ പുനഃരാവിഷ്ക്കരണം

**പുണ്യചരിതനായ പാലയ്ക്കൽ തോമ്മാമൽപ്പാന്റെ
175-ാം ചരമ വാർഷികത്തിൽ പാലയ്ക്കൽ
കുടുംബയോഗം സമർപ്പിക്കുന്ന ചരിത്രസ്മരണിക.**

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പുണ്യവാൻ ഉറങ്ങുന്ന പള്ളിപ്പുറം പള്ളി

ഡോക്ടർ തോമസ് പാലയ്ക്കൽ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ഡോ: പാലയ്ക്കലിന്റെ ഇതര രചനകൾ

1. അമേരിക്കൻ മലയാളി കണ്ടതും കേട്ടതും (ലേഖന സമാഹാരം)
2. പാർവ്വതീപുരത്തെ ഭ്രാന്തി (കഥാസമാഹാരം)
3. മൂന്നാം സഹസ്രാബ്ദത്തിലെത്തിയ ക്രൈസ്തവ സഭാ ചരിത്രവും കേരള സഭാ ചരിത്രത്തിൽ അവിസ്മരണീയനായ പാലയ്ക്കൽ തോമ്മാ മൽപ്പാനും (ചരിത്രഗവേഷണ പഠനം)

Author : Dr. Thomas Palackal
Published by : Palackal Kudumbayogam. U.S.A. Unit

Printed at: Welfare Offset Printings, Vaikom
04829-232225

May 2016

Price : Rs. 50/-



www.TheCMSIndia.org

# ഡോക്ടർ തോമസ് പാലയ്ക്കൽ

വൈക്കത്ത് പാലയ്ക്കൽ തൊമ്മച്ചന്റെയും കൈനകരി തേവർകാട്ട് തെറതിയാമ്മയുടേയും മകനായി 1942ൽ ജനനം. വൈക്കം ഗവ: ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസ പര്യവസാനം. തേവര സേക്രഡ് ഹാർട്ട് കോളേജിൽ നിന്ന് ജന്തുശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും. കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളേജ്, തിരുവനന്തപുരം ഔവ്വർ കോളേജ്, ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജ്, തൃക്കാക്കര ഭാരതമാതാ കോളേജ് എന്നിവിടങ്ങളിൽ അധ്യാപകൻ. പശ്ചിമ ജർമ്മനിയിലെ റീഗൻസ്ബർഗ് യൂണിവേഴ്സിറ്റിയിൽ ഗവേഷണ പരിശീലനം, ന്യൂയോർക്കിലെ ഫോർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് സെൽ ബയോളജിയിൽ പി. എച്ച്.ഡി. സ്റ്റാറ്റൻ ഐലന്റിലെ ന്യൂയോർക്ക് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് റിസർച്ചിൽ പോസ്റ്റ് ഡോക്ടറേറ്റ്, ന്യൂയോർക്കിലെ യെഷിവ യൂണിവേഴ്സിറ്റിയിൽ അസോസ്സിയേറ്റ് ഫാക്കൽറ്റി. ന്യൂയോർക്കിൽ നിച്ച് അനാലിസിസ് ഇൻകിന്റെ സ്ഥാപകൻ, എൻവയോൺമെന്റൽ കൺസൾട്ടന്റ്, ലാബോറട്ടറി ഡയറക്ടർ. വൽഹല ന്യൂയോർക്ക് മെഡിക്കൽ കോളേജിൽ കാർഡിയോവാസ്കുലാർ റിസർച്ചിൽ പങ്കെടുത്ത് വെസ്റ്റ് ചെസ്റ്ററിലെ ഗ്രീൻബർഗിൽ താമസിച്ചിരുന്നു.

ഭാര്യ : സാലി തോമസ്

മക്കൾ : നീത, ടോണി, നിഷ, ജോസി

പേരക്കുട്ടികൾ : അന്തോനിച്ചൻ പാണാട്ട്, ടോമിച്ചൻ പാലയ്ക്കൽ,
അന്നക്കുട്ടി പാണാട്ട്, ജോപ്പിച്ചൻ പാലയ്ക്കൽ,
അലക്സാണ്ടർ പാലയ്ക്കൽ, ജോജു പാലയ്ക്കൽ,
മായ കട്ടപ്പുറം

വിലാസം : Palackal House
MCW 25/1 Vaikom 686 141
Ph: 0482 922 2688
Mob: 9497355109
e-mail: thomas@palackal.com



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പുണ്യവാൻ ഉറങ്ങുന്ന പള്ളിപ്പുറം പള്ളി

ഡോക്ടർ തോമസ് പാലയ്ക്കൽ

## 1. വൈദേശികമായ ക്രൈസ്തവ വിശ്വാസം സ്വീകരിക്കപ്പെടുവാനുണ്ടായ ഭാരതീയ പശ്ചാത്തലം

ഹൈന്ദവ രാജ്യമായ ഭാരതത്തിലേക്ക് കടന്നുവന്ന വിദേശീയ മതമാണ് ക്രിസ്തുമതം. ഭാരതത്തിന്റെ തനത് സംസ്കാരമായ ഹിന്ദുമതത്തോടൊപ്പം ഭാരതത്തിൽ തന്നെ ഉത്ഭവിച്ച മറ്റ് മതവിഭാഗങ്ങളാണ് ബുദ്ധമതവും, ജൈനമതവും, സിക്കുമതവുമൊക്കെ. പൗരാണിക കാലം മുതൽ കേരളത്തിലെ പ്രകൃതി സമ്പത്തായ സുഗന്ധദ്രവ്യങ്ങൾക്കുവേണ്ടി വിദേശീയർ കേരളവുമായി വാണിജ്യബന്ധം പുലർത്തിയിരുന്നു. ഈ വാണിജ്യ ബന്ധമായിരിക്കണം ക്രിസ്തു ശിഷ്യരിൽ ഒരാളായ മാർ തോമാ അപ്പസ്തോലൻ മറ്റു വ്യാപാരികളോടൊപ്പം കൊങ്ങല്ലൂർ തുറമുഖത്തിറങ്ങാൻ കാരണം. അദ്ദേഹം കൊടുങ്ങല്ലൂർ, കൊല്ലം, പാലയൂർ, പറവൂർ, കൊക്കമംഗലം, നിലയ്ക്കൽ, നിരണം എന്നിങ്ങനെ ഏഴ് സ്ഥലങ്ങളിൽ ക്രിസ്തു വചനങ്ങൾ അറിയിച്ചതായും, അവിടങ്ങളിൽ പ്രാരംഭ ക്രൈസ്തവ സമൂഹങ്ങൾ പ്രാബല്യത്തിൽ വന്നതായുമാണു ഇന്നുള്ള വിശ്വാസം. വിദേശീയമായ ഒരു മതം ഇവിടെ പ്രതിഷേധ രഹിതമായി സ്വാഗതം ചെയ്യപ്പെടുവാനുണ്ടായ അനുകൂല സാഹചര്യത്തിന് വ്യക്തമായ ചരിത്ര രേഖകളുടെ അഭാവത്തിൽ അന്നത്തെ പശ്ചാത്തല പരിജ്ഞാനം ഉണ്ടായേ പറ്റൂ.

വിശ്വാങ്ങളിലോ ജീവിതരീതികളിലോ ഭാരതീയ ജനത ഒരിക്കലും ഐക്യപ്പെട്ടിരുന്നില്ല. ക്രിസ്തുവിനു മുൻപ് രണ്ടായിരത്തിലധികം വർഷങ്ങൾക്കു മുൻപാണ് ആര്യന്മാരുടെ അധിനിവേശം ഉണ്ടായത്. ഉത്തരഭാരതത്തിൽ ആധിപത്യം ഉറപ്പിച്ച ആര്യ സംസ്കാരവും, ദെക്ഷിണ ഭാരതത്തിലേക്ക് പുറംതള്ളപ്പെട്ട ദ്രാവിഡ സംസ്കാരവും തമ്മിൽ പ്രകടമായ വ്യത്യാസം അധിനിവേശ കാലം മുതൽ തന്നെ നിലനിന്നിരുന്നു. സഹിഷ്ണുതയും, സമന്വയവും മൗലിക സവിശേഷതകളായുള്ള ഭാരതീയ സംസ്കാരം എല്ലാക്കാലവും എല്ലാ മതവിശ്വാസികളെയും ആദരിച്ചിരുന്നു. ക്രൈസ്തവ മതത്തിന് സ്വാഗതം ലഭിക്കുവാനുണ്ടായ ഒരു അനുകൂല സാഹചര്യം ഈ പശ്ചാത്തലമാണ്.

മറ്റൊന്ന് സംഹാരമൂർത്തികളായ ബഹുദൈവസങ്കൽപത്തിന്റെ ഭയവിഹ്വലതയിൽ കഴിഞ്ഞവർക്ക് ലളിതസുന്ദരവും,ജീവിത ഗന്ധിയുമായ പുതിയ ഏകദൈവ മതപ്രബോധനത്തിലേക്ക് ആകർഷണീയത ഉണ്ടായതാവാം. ഏകനും, പുരുഷാ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ത്മകനും, സ്നേഹ സമ്പന്നനും, കാരുണ്യവാനുമായ പിതാവെന്ന ഏകദൈവചിന്ത, താപഭൂമിയിൽ വീണ തുഷാരബിന്ദുക്കളായി പരിഗണിക്കപ്പെട്ടിരിക്കാം. തന്നെ പ്പോലെ തന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കുവാനും, തന്റെ ശത്രുക്ക ളോട് ഏഴ് എഴുപത് പ്രാവശ്യം ക്ഷമിക്കുവാനും, തന്റെ കടക്കാരോട് താൻ പൊറു ക്കുന്നതുപോലെ മാത്രം തന്നോടും പൊറുക്കപ്പെടണമെന്ന് പ്രാർത്ഥിക്കുവാനും പഠി പ്പിച്ച ഗുരുവചനങ്ങൾ വിദ്യാവിചീക്ഷണന്മാരായ ഒരു സമൂഹത്തിന് ആകർഷകം ആയതിൽ സ്വാഭാവികതയുണ്ട്. തന്നെയുമല്ല പൗരാണിക ഹൈന്ദവ സംസ്കാര ത്തിന് എതിരെ കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച ബുദ്ധമത പ്രചാരം സാംസ്കാരിക സംഘട്ടനങ്ങളിലും, വിശ്വാസ വൈരുധ്യങ്ങളിലും പെട്ട് ശിഥിലമായിക്കൊണ്ടിരുന്ന സാഹചര്യത്തിൽ രണ്ടിലും പെടാത്ത പുതിയ മത പ്രബോധനം സ്വാഗതാർഹം ആയി രുന്നിരിക്കാം.

കേരള ക്രൈസ്തവ സഭയുടെ ആരംഭകാലത്ത് സഭാ വിശ്വാസികൾ ആയി ത്തീർന്നവർ ഹൈന്ദവ-ബുദ്ധ സംഘർഷങ്ങളിൽപെട്ട് തിരസ്കരിക്കപ്പെട്ട് കിടന്ന ചില ദേവസ്ഥാനങ്ങൾ തങ്ങളുടെ പ്രാർത്ഥനാലയങ്ങളാക്കി മാറ്റിയതുകൊണ്ടാവാം പല പൗരാണിക ക്രൈസ്തവ ദേവാലയങ്ങളും ഹൈന്ദവ ക്ഷേത്രങ്ങൾ തന്നെ എന്ന് തോന്നിച്ചിരുന്നത്. പതിനാറാം നൂറ്റാണ്ടിൽ കേരളത്തിൽ എത്തിയ വാസ്കോഡിഗാമാ ഒരു കാളി അമ്പലത്തിൽ കയറി ദൈവജനനി എന്ന് തെറ്റിദ്ധരിച്ച് പ്രാർത്ഥിച്ച വിവരം ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആദിമ ക്രൈസ്തവർ തങ്ങളുടെ ഹൈന്ദവ സംസ്കാരവും, ആചാരങ്ങളും കൈവിടാതെ ജനനം, ജാതകർമ്മം, നാമകരണം, ചോറൂട്ട്, വിദ്യാരംഭം, വിവാഹം, മരണം, ശേഷക്രിയകൾ ഇവയ്ക്കൊക്കെ തങ്ങളുടെ പരമ്പരാഗത രീതികൾ തന്നെ പിൻതുടർന്നിരുന്നു. ഇവയ്ക്കെല്ലാം ക്രൈസ്തവ വ്യാഖ്യാനങ്ങളും, ക്രൈസ്തവീകരണ പ്രവണതകളും നിലനിന്നിരുന്നു എന്ന സവി ശേഷതകളേ അന്നുണ്ടായിരുന്നുള്ളു. പ്രാദേശിക വൈവിധ്യങ്ങളിൽ ഉള്ള ആചാരാ നുഷ്ടാനങ്ങളിലൂടെ ആദിമ ക്രൈസ്തവ സമൂഹങ്ങൾ സ്വതന്ത്ര പള്ളിക്കൂട്ടങ്ങളായി വർത്തിച്ചിരുന്നെങ്കിലും, അപ്പസ്തോലനാൽ തന്നെ അധികാരം ഏൽപ്പിച്ച പകലോ മറ്റം കുടുംബത്തിലെ കാരണവർക്ക് ജാതിക്ക് കർത്തവ്യൻ എന്ന അർക്കദിയാക്കോൻ സ്ഥാനത്തിലൂടെ പൗരോഹിത്യ മേൽക്കോയ്മ നൽകിയിരുന്നു. പിൽക്കാലങ്ങളിൽ പൗരോഹിത്യാധികാരം അനന്തിരാവകാശ ക്രമപ്രകാരം പിൻ തലമുറകളിലേക്ക് കൈമാറിയിരുന്നതായി റമ്പാൻപാട്ടിൽ കാണുന്നുണ്ട്. ആദിമ നൂറ്റാണ്ടിൽ പള്ളിക്കൂ ട്ടങ്ങളുടെ അജപാലനത്തിന് അർക്കദിയാക്കോൻമാരാണ് പൗരോഹിത്യ പട്ടം നൽകി യിരുന്നത്. പുരോഹിതർ കുടുംബസ്തരായിരുന്ന അക്കാലങ്ങളിൽ പൗരോഹിത്യവും പരമ്പരാഗതമായി തന്നെ നിലനിന്നിരിക്കാം.

ക്രിസ്തുമതം കേരളത്തിലേക്ക് സ്വാഗതം ചെയ്യപ്പെടുവാനുണ്ടായ മറ്റൊരു



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പ്രധാന സാധ്യത ക്രിസ്തുവിന്റെ കാലത്തിന് വളരെ മുൻപ്തന്നെ കേരളത്തിലേക്ക് കുടിയേറിയ യഹൂദ സമൂഹത്തിന്റെ സാന്നിധ്യമായിരുന്നു. കേരളത്തിലെ പൗരാണിക തുറമുഖമായ കൊടുങ്ങല്ലൂരിലും സമീപ പ്രദേശങ്ങളിലും മാത്രമല്ല സുഗന്ധദ്രവ്യങ്ങളുടെ വിളഭൂമിയായ മറ്റ് ഉൾനാടൻ പ്രദേശങ്ങളിലേക്കും ഈ യഹൂദ സമൂഹം വ്യാപിക്കുകയും, വ്യാപാര തൽപരരായ ഇവർ കേരള ജനതയുടെ ഒരു ഭാഗമായി മാറുകയും, ഉൽപാദനം, വിപണനം, കയറ്റുമതി ഈ രംഗങ്ങളിലൊക്കെ സജീവമാകുകയും ചെയ്തു. ഇങ്ങിനെ ശക്തമായ ഒരു യഹൂദസമൂഹം കേരളത്തിൽ ഉണ്ടെന്ന് വിദേശീയ യഹൂദർക്ക് അറിയാമായിരുന്നു. ഈജിപ്റ്റിൽ നിന്ന് പുറപ്പെട്ട്, ലോകം മുഴുവൻ വ്യാപിച്ചിരുന്ന ഈ യഹൂദ ജനത, 1948 - ൽ ബ്രിട്ടന്റെ സഹായത്തോടെ രൂപീകൃതമായ ഇസ്രായേൽ എന്ന പുതിയ രാജ്യത്തേക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പുറപ്പെട്ടവരുടെ കൂട്ടത്തിൽ കേരളത്തിൽ നിന്ന് വലിയൊരു വിഭാഗം യഹൂദരും ഉണ്ടായിരുന്നു. അന്ന് ഇസ്രായേലിലേക്ക് പോകാൻ സാധിക്കാതിരുന്ന യഹൂദരുടെ ചെറിയൊരു സമൂഹമേ ഇന്ന് കേരളത്തിലുള്ളു.

കേരളത്തിലേക്ക് എന്നു മുതലാണ് യഹൂദർ കുടിയേറിയതെന്നോ, കേരളത്തിലെ സുഗന്ധദ്രവ്യങ്ങൾക്ക് വേണ്ടി വിദേശീയ വ്യാപാരികൾ എന്നു മുതലാണ് കേരളത്തിലേക്ക് വന്നുതുടങ്ങിയതെന്നോ തെളിയിക്കുന്ന ചരിത്രരേഖകൾ ഒന്നുമില്ല. തോമ്മാശ്ലീഹാ എ.ഡി. 52 - ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി എന്ന് പറയുമ്പോൾ മനസിലാക്കേണ്ടത് ഏതോ വ്യാപാര സംഘത്തിന്റെ കൂടെയാണ് അദ്ദേഹം എത്തിയത് എന്നാണ്. ക്രിസ്തുമതത്തിന്റെ ആരംഭകാലത്ത് കേരളത്തിലേക്ക് ഒരപ്പസ്തോലൻ വരുവാൻ കാരണം അന്ന് കേരളത്തിൽ ഉണ്ടായിരുന്ന യഹൂദസമൂഹത്തെ കുറിച്ച് അപ്പസ്തോലന് അറിവുണ്ടായിരുന്നത് കൊണ്ടാവണം. യഹൂദഭാഷയും യഹൂദാചാരങ്ങളും നിലനിർത്തുന്ന ഒരു സമൂഹം കേരളത്തിൽ ഉണ്ടെന്നുള്ളതുകൊണ്ടാവണം യഹൂദജനതക്ക് വേണ്ടി ജീവാർപ്പണം ചെയ്ത ക്രിസ്തു ചരിത്രവുമായി തോമസ് അപ്പസ്തോലൻ കേരളത്തിലേക്ക് വന്നത്. അദ്ദേഹം അന്നിവിടുണ്ടായിരുന്ന യഹൂദ സമൂഹത്തോടായിരിക്കണം ക്രൈസ്തവചരിത്രം അറിയിച്ചത്. യഹൂദനായ അപ്പസ്തോലനിൽ നിന്ന് കേരളത്തിൽ അദ്യം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചത് ഈ യഹൂദ സമൂഹമായിരിക്കണം. അവരുടെ സഹായത്തോടെയായിരിക്കണം അപരിചിതമായ ഒരു രാജ്യത്ത് ഏഴ് വ്യത്യസ്ത പ്രദേശങ്ങളിൽ ക്രൈസ്തവ വിശ്വാസം പ്രചരിപ്പിക്കുവാൻ അപ്പസ്തോലന് സാധിച്ചത്. യഹൂദ സമൂഹങ്ങളിൽ നിന്ന് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ആദിമ ക്രൈസ്തവരിൽ നിന്നായിരിക്കണം ഹൈന്ദവ വിശ്വാസികൾ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചത്.



www.TheCMSIndia.org

## 2. പള്ളിപ്പുറത്തിന്റെ ചരിത്ര പ്രാധാന്യം

കരമാർഗ്ഗ ഗതാഗതം പുരോഗമിച്ചിട്ടില്ലാത്ത ഒന്നാം നൂറ്റാണ്ടിൽ ജലമാർഗ്ഗ ഗതാഗതമാണ് പ്രബലപ്പെട്ടിരുന്നത്. വിസ്തൃതമായ കായലും നദികളും സമൃദ്ധമായിരുന്ന കേരളത്തിൽ ജല മാർഗ്ഗ ഗതാഗതം വളരെയധികം വികസിച്ചിരുന്നു. കേരളത്തിലെ ഉൾനാടൻ കൃഷിയിടങ്ങളിൽ നിന്നുള്ള സുഗന്ധദ്രവ്യങ്ങൾ ശേഖരിച്ച് കൊച്ചി തുറമുഖത്തും കൊടുങ്ങല്ലൂർ തുറമുഖത്തും കൊണ്ടുവന്ന് വിദേശികൾക്ക് വ്യാപാരം നടത്തിയിരുന്ന രീതിയായിരിക്കാം തോമ്മാശ്ലീഹായുടെ വരവിന് വേദിയൊരുക്കിയത്. വേമ്പനാട്ട് കായലിൽ കൂടിയുള്ള ജലഗതാഗതത്തിന് ഉപയോഗിച്ചിരുന്ന പത്തേമാരികൾ കാറ്റിന്റെയും വേലിയേറ്റത്തിന്റെയും ഗതിക്കനുസരിച്ചാണ് സഞ്ചരിച്ചിരുന്നത്. പ്രതികൂല സാഹചര്യങ്ങളിൽ വിശ്രമിക്കാൻ അനേകം ഇടത്താവളങ്ങൾ ഉണ്ടായിരുന്നു. ഈ ഇടത്താവളങ്ങളൊക്കെ പ്രസിദ്ധങ്ങളായ അങ്ങാടികളായി വളർന്നിരുന്നു. തെക്കൻ പള്ളിപ്പുറം അക്കാലങ്ങളിലെ സുപ്രധാന അങ്ങാടികളിൽ ഒന്നായിരുന്നു. തോമ്മാശ്ലീഹായാൽ ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ഏഴ് ക്രൈസ്തവ സമൂഹങ്ങളിൽപ്പെട്ട കോക്കമംഗലത്തിനടുത്തായിരുന്നു പള്ളിപ്പുറം. കോക്കമംഗലത്ത് ആരംഭിച്ച ക്രൈസ്തവ സമൂഹം പ്രബല ശക്തിയായി വളർന്നത് പള്ളിപ്പുറത്താണ്. പള്ളിപ്പുറം ഒരു സുപ്രധാന ക്രൈസ്തവ കേന്ദ്രമായി വളർന്നപ്പോൾ, അവിടുത്തെ പൗരാണിക കുടുംബങ്ങളുമായി ബന്ധപ്പെടുവാൻ വേണ്ടി മറ്റ് ക്രൈസ്തവ കേന്ദ്രങ്ങളിൽ നിന്നുള്ള പൗരാണിക കുടുംബക്കാർ പള്ളിപ്പുറത്തേക്ക് വരുകയോ പള്ളിപ്പുറത്തുനിന്ന് മറ്റ് കേന്ദ്രങ്ങളിലേക്ക് പോവുകയോ ചെയ്തിട്ടുണ്ട്. അങ്ങിനെയാണ് പള്ളിപ്പുറം പൗരാണിക കേന്ദ്രമായി സുപ്രസിദ്ധമായത്.

## 3. പള്ളിപ്പുറം പള്ളിയുടെ ക്രൈസ്തവ പൗരാണികത്വം തെളിയിക്കുന്ന അമൂല്യ വസ്തുക്കൾ.

വേമ്പനാട്ട് കായലിന്റെ പടിഞ്ഞാറെ തീരത്ത് കൊച്ചിക്കും ആലപ്പുഴക്കും ഇടക്ക് സ്ഥിതി ചെയ്യുന്ന പള്ളിപ്പുറത്ത് വളരെ വിസ്തൃതമായ അങ്ങാടി ഉണ്ടായിരുന്നു. കായൽ തീരം മുതൽ പടിഞ്ഞാട്ട് ബഹുദൂരം വിസ്തൃതിയിൽ പ്രബലമായിക്കൊണ്ടിരുന്ന ഈ അങ്ങാടിക്ക് ചുറ്റുമായാണു കോക്കമംഗലത്തു നിന്നുള്ള ആദിമ ക്രൈസ്തവ കുടുംബങ്ങൾ താമസം തുടങ്ങിയത്. പള്ളിപ്പുറത്ത് പ്രബലപ്പെട്ടുകൊണ്ടിരുന്ന ക്രൈസ്തവ കുടുംബക്കാർ മതകർമ്മാനുഷ്ടാനങ്ങൾക്ക് ആശ്രയിച്ചിരുന്നത് പ്രാഥമിക ക്രൈസ്തവ ദേവാലയങ്ങളിൽപ്പെട്ട കോക്കമംഗലത്തെ സെന്റ് തോമസ് പള്ളിയായിരുന്നു. പള്ളിപ്പുറത്ത് സ്ഥിരതാമസമാക്കിയ ക്രിസ്ത്യാനികൾക്ക് സ്വന്തമായിഒരു ആരാധനാലയം വേണമെന്നുള്ള ആഗ്രഹത്താൽ സ്ഥാപിച്ചതാണു കായലോരത്ത് കാണുന്ന കപ്പേള. തുടർന്നുള്ള കാലങ്ങളിൽ വിസ്തൃതമായി കൊണ്ടി



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

രുന്ന സമൂഹത്തിന്റെ സൗകര്യകൂടുതലിനു വേണ്ടി അങ്ങാടിയുടെ മദ്ധ്യഭാഗത്താണ് ആദ്യദേവാലയം സ്ഥാപിച്ചത്. വീണ്ടും നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോഴാണ് സ്ഥലസൗകര്യക്കൂടുതലുള്ള പുതിയ പള്ളി സ്ഥാപിച്ചത് എന്നാണ് ഇന്നുള്ള വിശ്വാസം. ആംഗ്ലിക്കൻ മിഷണറിയായ തോമസ് വൈറ്റ്ഹൗസ് 1860-ൽ പ്രസിദ്ധീകരിച്ച "ലിംഗറിഗ്സ് ഓഫ് ലൈറ്റ് ഇൻ ഡാർക്ക് ലാൻഡ്" എന്ന പുസ്തകത്തിൽ മലബാറിലെ സുറിയാനി പള്ളികളുടെ പൗരാണിക ചരിത്രത്തെയും, പിന്നീട് ഉണ്ടായിട്ടുള്ള പുരോഗമനങ്ങളെയും കുറിച്ച് നടത്തിയ ഗവേഷണത്തിൽ, പള്ളിപ്പുറം പള്ളിയുടെ പ്രഥമ സ്ഥാപനം നടന്നത് മൂന്നാം നൂറ്റാണ്ടിൽ ആണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇദ്ദേഹം 1859-ൽ പള്ളിപ്പുറം പള്ളി സന്ദർശിക്കുകയും അന്നത്തെ വികാരിയുടെ സഹായത്തോടെ ചരിത്ര രേഖകൾ പഠിക്കുകയും അന്നേക്ക് 18 വർഷം മുൻപ് അൾത്താരയിൽ അടക്കം ചെയ്തിരിക്കുന്ന പാലയ്ക്കൽ തോമാ മല്പാനേയും അദ്ദേഹം നടത്തിയിരുന്ന സെമിനാരിയേയും കുറിച്ചുള്ള അറിവിന്റെ വെളിച്ചത്തിലാണ് പള്ളിപ്പുറം പള്ളിയുടെ പൗരാണികത്വത്തെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്.

പള്ളിപ്പുറം പള്ളിയുടെ പൗരാണികത്വം തെളിയിക്കുന്ന പല അമൂല്യ വസ്തുക്കൾ ഈ പള്ളിയിൽ ഉണ്ട്. ഇതിൽ ഒന്നാമതായി എടുത്ത് പറയേണ്ടത് നവീകരിച്ച പള്ളിയുടെ പ്രധാന അൾത്താരയ്ക്ക് ഇടതുവശത്ത് സ്ഥാപിച്ച സുതുതിമണ്ഡപത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന മരപ്പലകയിൽ കൊത്തിയ ഒരു കുരിശാണ്. കോക്കമംഗലത്തെ ആദിമ ക്രൈസ്തവ സമൂഹത്തിനുവേണ്ടി തോമാശ്ലീഹാ തന്നെ പണിത് നല്കിയ കുരിശാണിതെന്ന് ചില ചരിത്ര രേഖകളിൽ കാണുന്നുണ്ട്. പക്ഷെ ഈ അഭിപ്രായത്തെ മറ്റ ചില ചരിത്രകാരന്മാർ ചോദ്യം ചെയ്യുന്നത്, തോമാശ്ലീഹായുടെ കാലത്ത് കുരിശ് അധിക്ഷേപ ചിഹ്നമായി കണക്കാക്കിയിരുന്നതുകൊണ്ടാണ്. മൂന്നാം നൂറ്റാണ്ടിൽ കോസ്റ്റന്റൈൻ ചക്രവർത്തി റോമാ സാമ്രാജ്യത്തിൽ മതസ്വാതന്ത്ര്യം അനുവദിച്ചതിനു ശേഷമാണ് അവഹേളനത്തിന്റെ ചിഹ്നമായിരുന്ന കുരിശ് അഭിമാനത്തിന്റെ ഭക്തി ചിഹ്നമായി മാറിയത്. മതപീഠനത്തിന്റെ ആദ്യ മൂന്ന് നൂറ്റാണ്ടുകാലം ക്രൈസ്തവചിഹ്നം മത്സ്യം ആയിരുന്നു. കുരിശ് ഭക്തിചിഹ്നമായി അംഗീകരിക്കപ്പെട്ട ആദിമ നൂറ്റാണ്ടുകളിൽ കൽദായ കേന്ദ്രങ്ങളിൽ നിന്ന് കോക്കമംഗലത്തെ ക്രൈസ്തവ സമൂഹത്തിനുവേണ്ടി ഏതെങ്കിലും മേൽപട്ടക്കാരൻ കൊണ്ടുവന്ന കുരിശാണിതെന്നാണ് ചില ചരിത്രകാരന്മാർ വിശ്വസിക്കുന്നത്. ക്രൈസ്തവ വിശ്വാസം സ്വീകരിച്ച കോക്കമംഗലത്തെ ആദികാല ഹിന്ദു കുടുംബങ്ങളിൽ ചിലത് വിശ്വാസ വ്യതിചലനങ്ങളിൽ പെട്ട്, ക്രിസ്തുമതം ഉപേക്ഷിച്ചപ്പോൾ, കായലിലേക്ക് എടുത്തെറിഞ്ഞ ഈ കുരിശ് പള്ളിപ്പുറത്തിനു തൊട്ട് കിഴക്കുള്ള മാട്ടേൽ തുരുത്തിൽ വന്നടിഞ്ഞു. പിൽക്കാലത്ത് പുല്ലുചെത്താൻ ചെന്ന ഒരു ഹരിജനസ്ത്രീ പുല്ല് ചെത്തി തെളിഞ്ഞ സ്ഥലത്ത് മണ്ണിൽ പൂണ്ടുകിടന്നിരുന്ന ഈ പലക

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അരിവാൾ കൊണ്ട് കൊത്തിവലിച്ചപ്പോൾ രക്തപ്രവാഹം ഉണ്ടായത്കണ്ട് ഭയന്ന്, വൻകരയിലെ ക്രൈസ്തവരെ അറിയിച്ചു. അവരിൽ ചിലർ ഭക്ത്യാദരപൂരസ്സരം ഈ കുരിശെടുത്ത് കപ്പേളയിൽ പ്രതിഷ്ഠിച്ചു. ഇതറിഞ്ഞ് വളരെപ്പേർ കപ്പേളയിൽ വന്ന് കുരിശിനെ വണങ്ങിയിരുന്നു. പലർക്കും ദൈവാനുഗ്രഹം ലഭിക്കുന്നു എന്ന വാർത്ത പ്രസിദ്ധമായതോടെ വിശ്വാസികൾ കുരിശിൽ നിന്ന് പൊടി ചീകിയെടുത്ത് വീടുകളിൽ സൂക്ഷിച്ച് തുടങ്ങിയപ്പോഴാണ് ഈ കുരിശ് പള്ളിയിലെ വലതുവശത്തെ ചെറിയ അൾത്താരയുടെ മുകളിലേക്ക് മാറ്റി സ്ഥാപിച്ചത്. മാധ്യമ പ്രചരണം വികസിച്ചിട്ടില്ലാത്ത അക്കാലത്ത്, അർഹിക്കുന്ന പരിഗണന ലഭിക്കാതെ അനേക നൂറ്റാ



*നൂറ്റാണ്ടുകൾക്ക് മുൻപ് മാട്ടേൽ തുരുത്തിൽ നിന്നും കണ്ടെടുക്കുകയും ഈ അടുത്തകാലത്ത് അൾത്താരയ്ക്കടുത്ത് സ്ഥാപിച്ച സ്തൂതിമണ്ഡപത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുന്ന പൗരാണിക പള്ളിപ്പുറം കുരിശ്.*

ണ്ടുകാലം ഈ കുരിശ് അവഗണനയിൽ കഴിഞ്ഞെങ്കിലും പള്ളിപ്പുറം പള്ളിയുടെ ക്രൈസ്തവ പൗരാണിക പ്രാധാന്യം സ്ഥിരീകരിക്കുന്ന ഒരു തെളിവാണിത്.

പള്ളിപ്പുറം പള്ളിയുടെ പൗരാണികത്വം വെളിപ്പെടുത്തുന്ന മറ്റൊന്ന് പ്രധാന അൾത്താരയുടെ മദ്ധ്യത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഉണ്ണിമിശിഹായുടേയും ദൈവജനനിയുടേയും പലകയിൽ വരച്ച എണ്ണഛായാ ചിത്രമാണ്. ഈ ചിത്രം ആര് എന്ന് വരച്ചു എന്നുള്ളതിന് നേരിട്ടുള്ള തെളിവുകൾ ഇല്ലെങ്കിലും, സുവിശേഷകനായ ചിത്രകാരനെന്നും, ചിത്രകാരനായ സുവിശേഷകനെന്നും വിശേഷിപ്പിക്കുന്ന വിശുദ്ധ ലൂക്കാ വരച്ചതാണെന്നാണ് നൂറ്റാണ്ടുകൾക്ക് മുൻപുമുതൽ വിശ്വസിച്ചുവരുന്നത്. യൂറോപ്പിൽ നിന്നും കൊണ്ടുവന്ന രണ്ടുചിത്രങ്ങളിൽ ഒന്നാണിതെന്നും, മറ്റേത്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മദ്രാസിലെ സെന്റ് തോമസ് മൗണ്ടിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നതെന്നും, അതുകൊണ്ട് ഈ രണ്ട് ദേവാലയങ്ങളേയും ഭാരതത്തിലെ ഏറ്റവും പൗരാണിക മരിയൻ ദേവാലയങ്ങളായിട്ടാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്.



*ക്രൈസ്തവ സഭാരംഭത്തിൽ യൂറോപ്പിൽ നിന്നും കൊണ്ടുവന്ന ദൈവജനനിയുടെ എണ്ണഛായാചിത്രം.*

പള്ളിപ്പുറം പള്ളിയുടെ പൗരാണികത്വം സ്ഥിരീകരിക്കുന്ന മറ്റൊരു തെളിവ് തോമ്മാശ്ലീഹായുടെ നാമത്തിൽ സമർപ്പിച്ചിരുന്ന വലതുവശത്തെ ചെറിയ അൾത്താരയാണ്. ഒരുകയ്യിൽ ഒരു പുസ്തകവും മറുകയ്യിൽ മരപ്പണിക്കാരന്റെ മട്ടവും പിടിച്ച് നിൽക്കുന്ന വിശുദ്ധ തോമ്മാശ്ലീഹായുടെ ഒരു തിരുസ്വരൂപമാണ് ഈ അൾത്താരയിൽ പ്രതിഷ്ടിച്ചിരുന്നത്. ഈ രൂപത്തിന് മുകളിൽ ഗ്ലാസിട്ട് മറച്ചിരുന്ന വൃത്താകൃതിയിൽ ഉള്ള സ്ഥലത്താണ് മാട്ടോൽ തുരുത്തിൽ നിന്ന് കണ്ടെടുത്ത പള്ളിപ്പുറം കുരിശ് സ്ഥാപിച്ചിരുന്നത്. തോമ്മാശ്ലീഹായുടെ പേരിലുണ്ടായിരുന്ന ഈ അൾത്താരയിലെ തോമ്മാശ്ലീഹായുടെ രൂപവും അതിന് മുകളിൽ ഉണ്ടായിരുന്ന കുരിശും പള്ളിപ്പുറം പള്ളിയുടെ പ്രത്യേകതയാണ്. ഇതുകൂടാതെ പ്രധാന അൾത്താരയുടെ വലതുഭാഗത്ത് അടിനിരയിൽ തോമ്മാശ്ലീഹായുടെ തന്നെ മറ്റൊരു ചെറിയ രൂപവും പ്രതിഷ്ടിച്ചിട്ടുണ്ട്. തോമ്മാശ്ലീഹായുടെ രണ്ട് രൂപങ്ങളും തോമ്മാശ്ലീഹായുടെ നാമത്തിലുള്ള ചെറിയ അൾത്താരയുടെ മുകളിൽ സ്ഥാപിച്ചിരുന്ന കൽദായ കുരിശും തെളിയിക്കുന്നത് കോക്കമംഗലത്തെ സെന്റ് തോമസ് ദേവാലയവും പള്ളിപ്പുറത്തെ സെന്റ് മേരീസ് ദേവാലയവും കേരളത്തിലെ ഇതര ദേവാലയങ്ങളുടെ മാതൃദേവാലയങ്ങൾ ആയിട്ടാണ്. പുനരുദ്ധാരണ സമയത്ത് ഈ അൾത്താരയിൽ നിന്ന് തോമാശ്ലീഹായുടെ രൂപം എടുത്ത് മാറ്റുകയും ഈ അൾത്താര വി. ചാവറയച്ചന്റെ നാമത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുകയാണ്.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



*വലതുവശത്തെ ചെറിയ അൾത്താരയിൽ നിന്നെടുത്ത് പുതിയ സ്തുതിമണ്ഡപത്തിൽ സ്ഥാപിച്ചിരിക്കുന്ന വിശുദ്ധ തോമ്മാശ്ലീഹായുടെ ഒരു മഹനീയ രൂപം*

വലിയ അൾത്താരയുടെ വലതുഭാഗത്ത് അടിനിരയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന മറ്റൊരു രൂപമാണ് വിശുദ്ധ ദൊമനിക്കോസിന്റേത്. പാലയ്ക്കൽ തോമ്മാ മല്പാൻ ഒരു ദൊമനിക്കോസ് ഭക്തനായിരുന്നു. ഈ പുണ്യവാന്റെ പേരിലുള്ള ദൊമിനിക്കൻ സന്യാസ സഭയുടെ സദൃശ്യത്തിൽ ആയിരുന്നു പാലയ്ക്കൽ മൽപ്പാൻ തന്റെ ജീവിത സ്വപ്നമായിരുന്ന താപസ ഭവനത്തെ കണക്കാക്കിയിരുന്നത്. പള്ളിപ്പുറം സെമിനാരിയിലെ ശെമ്മാശ്ശന്മാർ പ്രത്യേക അവസരങ്ങളിൽ മാന്നാനം സെമിനാരിയിലേക്ക് പോയിരുന്നപ്പോളൊക്കെ ദൊമിനിക്കോസ് പുണ്യവാന്റെ രൂപം വഹിച്ചുകൊണ്ട് പോയിരുന്നത് പാലയ്ക്കൽ മൽപ്പാന്റെ പ്രത്യേക ഭക്തികൊണ്ടായിരുന്നു.

പള്ളിപ്പുറം പള്ളിയുടെ അതേ സാദൃശ്യത്തിൽ 1023-ൽ പണികഴിപ്പിച്ച ചേർത്തല മുട്ടം സെന്റ് മേരീസ് പള്ളി, പള്ളിപ്പുറം പള്ളിയുടെ പുത്രി ദേവാലയമായിട്ടാണ് കണക്കാക്കപ്പെടുന്നത്. മുട്ടം പള്ളിക്കുവേണ്ടി അളവെടുത്തപ്പോൾ പള്ളിപ്പുറം പള്ളിയുടെ പുറത്തോടുപുറമാണ് അളന്നത്. അതുകൊണ്ട് പള്ളിപ്പുറംപള്ളിയുടെ ബാഹ്യ ആകൃതിയാണു മുട്ടം പള്ളിക്കകം.

പള്ളിപ്പുറം പള്ളിയുടെ മദബഹയിൽ ഇടത്തും വലത്തും വശങ്ങളിലായി നിലനിൽക്കുന്ന രണ്ട് കല്ലറകളിൽ സംസ്കരിക്കപ്പെട്ടിരിക്കുന്ന രണ്ട് മഹത് വ്യക്തികളും പള്ളിപ്പുറം പള്ളിയുടെ ചരിത്ര പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഇടതുവശത്തെ



www.TheCMSIndia.org

കല്ലറയിൽ അടക്കം ചെയ്തിരിക്കുന്നത് വാരാപ്പുഴയിലെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന മോൺ. റാഫേൽഡിഫിഗുരേദോ എന്ന പോർച്ചുഗീസ് മെത്രാനെയാണ്. ഇദ്ദേഹം കേരളത്തിലെ പ്രഥമ തദ്ദേശീയ മെത്രാൻ പള്ളിവീട്ടിൽ ചാണ്ടി കത്തനാരുടെ സഹായമെത്രാനും അദ്ദേഹത്തിന്റെ മരണാനന്തരം മെത്രാൻ സ്ഥാനത്തേക്ക് നിയമിതനായ ആളുമാണ്. വലതുവശത്തെ കല്ലറയിൽ അടക്കം ചെയ്തിരിക്കുന്നത് വാരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ പ്രഥമ തദ്ദേശീയ സെക്രട്ടറിയും പള്ളിപ്പുറം സെമിനാരിയുടെ മൽപ്പാനും, മാന്നാനം കൊവേന്തയുടെ സ്ഥാപകരിൽ പ്രഥമനും, വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ഗുരുവുമായ പാല







പള്ളിപ്പുറം പള്ളിയിലെ മദ്ബഹായുടെ വലതുഭാഗത്ത് അടക്കം ചെയ്തിരിക്കുന്ന പാലയ്ക്കൽ തോമ്മാ മൽപ്പാന്റേയും ഇടതുഭാഗത്ത് അടക്കം ചെയ്തിരിക്കുന്ന വികാരി അപ്പസ്തോലിക്കായുടേയും കല്ലറകൾക്ക് മുകളിലെ ശിലാലിഖിതങ്ങൾ.

യ്ക്കൽ തോമാമൽപ്പാന്റേതാണ്. ഈ പ്രാധാന്യങ്ങളൊക്കെ കണക്കിലെടുത്തുകൊണ്ടാണ് വത്തിക്കാന്റെ നിർദ്ദേശപ്രകാരം പരിശുദ്ധ മാർപാപ്പ പോൾ ആറാമന്റെ പ്രഥമ ഭാരത സന്ദർശനത്തിനുവേണ്ടി എയർ ഇൻഡ്യ തയ്യാറാക്കിയ ചിത്ര ശേഖരത്തിൽ പള്ളിപ്പുറം പള്ളിയുടെ പൗരാണിക ചിത്രം ഉൾപ്പെടുത്തിയിരുന്നത്.

പള്ളിപ്പുറം പള്ളിയുടെ ക്രൈസ്തവ പൗരാണികത്വം തെളിയിക്കുന്ന പല അമൂല്യങ്ങളായ ചരിത്രരേഖകളും ഇന്നു ലഭ്യമാണ്. പള്ളിപ്പുറം പള്ളി നാളാഗമം (പ്രസിദ്ധീകരിക്കാത്തത്), പള്ളിപ്പുറം ഇടവകക്കാരനും, പാലയ്ക്കൽ തോമ്മാ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

മൽപ്പാന്റെ പ്രഥമ വൈദിക വിദ്യാർത്ഥിയും, പിൽക്കാലത്ത് വാരാപ്പുഴയിലെ വികാരി അപ്പസ്തോലിക്കായുടെ സെക്രട്ടറിയും ആയിരുന്ന മംഗലത്ത് ചാണ്ടി മൽപ്പാന്റെ നാളാഗമം (പ്രസിദ്ധീകരിക്കാത്തത്), ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ നാളാഗമങ്ങൾ, മലയാളത്തിലെ കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയുടെ സ്ഥാപക പിതാക്കന്മാർ, പോരൂർക്കര കുര്യാക്കോസ് ഏലിയാസിന്റെ കൃതി, മാന്നാനത്തെ കൊവേന്ത ഉണ്ടായ വിവരം കണിയാന്തറ യാക്കോബിന്റെ കൃതി, കത്തുകൾ പ്രയോർ ജനറാൾ, ഗീവർഗ്ഗീസ് പാറപ്പുറത്തിന്റെ നാളാഗമം, പുണ്യചരിതനായ പാലയ്ക്കൽ തോമ്മാ മൽപ്പാൻ സെക്രട്ടറി ജനതാ സർവീസസ്, മൂന്നാം സഹസ്രാബ്ദത്തിലെത്തിയ ക്രൈസ്തവ സഭാചരിത്രവും കേരളസഭാ ചരിത്രത്തിൽ അവിസ്മരണീയനായ പാലയ്ക്കൽ തോമ്മാ മൽപാനും, ഡോക്ടർ തോമസ് പാലയ്ക്കൽ എന്നിവയാണ്.

## 4. പള്ളിപ്പുറത്തിന്റെ ചരിത്രത്തിൽ അവിസ്മരണീയനായ പാലയ്ക്കൽ തോമ്മാമൽപ്പാന്റെ വൈദിക പരിശീലന കാലം.

ഭാരതത്തിലെ ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരെ അനേകം യുദ്ധങ്ങൾ നടത്തിയിട്ടുള്ള ആളാണ് മൈസൂറിലെ സിംഹം എന്നറിയപ്പെടുന്ന ടിപ്പുസുൽത്താൻ. 1782 - ൽ അദ്ദേഹത്തിന്റെ പിതാവായ ഹൈദരാലിയുടെ മരണശേഷം അദ്ദേഹം നടത്തിയ ചില യുദ്ധങ്ങൾ വടക്കൻ തിരുവിതാംകൂറിന്റെ ചില ഭാഗങ്ങൾവരെ നീളുകയുണ്ടായി. ആയിരത്തി എഴുന്നൂറ്റി എണ്പതുകളിൽ ഉണ്ടായ ടിപ്പുവിന്റെ ഈ പടയോട്ട കാലത്ത് വളരെയധികം ക്രൈസ്തവർ തെക്കൻ തിരുവിതാംകൂറിലേക്ക് പാലായനം ചെയ്തു. അക്കാലങ്ങളിൽ മൽപ്പാന്മാരുടെ കീഴിൽ ഗുരുകുല സമ്പ്രദായത്തിൽ വൈദിക പരിശീലനം നടത്തിയിരുന്ന കേന്ദ്രങ്ങൾ മൽപ്പാൻ സെമിനാരികൾ എന്നാണ് അറിയപ്പെട്ടിരുന്നത്.

തെക്കൻ തിരുവിതാംകൂറിലേക്ക് കുടിയേറിയവരിൽ പ്രമുഖരും സമ്പന്നരുമായ രണ്ട് പേരായിരുന്നു വടക്കൻ കുത്യതോട്ടിൽ നിന്നുള്ള തച്ചിൽ മത്തുതരകനും അദ്ദേഹത്തിന്റെ അനുജൻ എബ്രഹാം മൽപ്പാനും. ഈ എബ്രഹാം മൽപ്പാൻ കൃത്യതോട്ടിലെ കൽപ്പറമ്പിൽ വളരെ പ്രസിദ്ധമായ ഒരു സെമിനാരി നടത്തിയിരുന്നു. ഈ തച്ചിൽ സഹോദരന്മാർ പള്ളിപ്പുറത്തുവന്ന് താമസിക്കുകയും എബ്രഹാം മൽപ്പാന്റെ കീഴിൽ വൈദിക പരിശീലനം നടത്തിയിരുന്ന ശെമ്മാശ്ശന്മാർ ഇവരോടൊപ്പം വന്ന് പള്ളിപ്പുറത്തെ വസതിയിൽ പരിശീലനം തുടരുകയും ചെയ്തു. പള്ളിപ്പുറം പള്ളി ഇടവകയിലുള്ള പാലയ്ക്കൽ കുടുംബത്തിൽ ജനിച്ച തോമ്മാച്ചന് വൈദിക പരിശീലനം നേടണമെന്ന് ചെറുപ്രായത്തിൽ തന്നെ ആഗ്രഹം ഉണ്ടായിരുന്നു. എബ്രഹാം മൽപ്പാൻ പള്ളിപ്പുറത്ത് വൈദിക പരിശീലനം തുടങ്ങിയതറിഞ്ഞ്



www.TheCMSIndia.org

അദ്ദേഹത്തെ ചെന്ന് കാണുകയും, അദ്ദേഹത്തിന്റെ മറ്റ് ശിഷ്യരോടൊപ്പം വീട്ടിൽ നിന്ന് അമ്മ കൊടുക്കുന്ന ഭക്ഷണവും കഴിച്ച് പഠനം ആരംഭിക്കുകയും ചെയ്തു. അക്കാലങ്ങളിൽ മൽപ്പാൻ സെമിനാരികൾ നടത്തിയിരുന്നവരിൽ മലബാറിന്റെ മൽപ്പാൻ എന്നും ഭാരതത്തിന്റെ ഡോക്ടർ എന്നും ഉള്ള ബഹുമതികൾ ഉണ്ടായിരുന്ന ഇദ്ദേഹം അധികാര ചിഹ്നമായി മോതിരവും, ളോഹയുടെ മീതെ ഒരു കാപ്പ കൂടി ധരിക്കുകയും ചെയ്യുമായിരുന്നു. ഈ തച്ചിൽ എബ്രഹാം മൽപ്പാന്റെ കീഴിലാണ് പാലയ്ക്കൽ തോമ്മാച്ചൻ വൈദിക പഠനം പൂർത്തിയാക്കി പട്ടം സ്വീകരിച്ചത്.

പഠനത്തിലും, മതപ്രബോധനത്തിലും ഒരുപോലെ സമർത്ഥനായിരുന്ന തോമ്മച്ചനെ ഈ എബ്രഹാം മൽപ്പാനാണ് വികാരി അപ്പസ്തോലിക്കായുടെ സെക്രട്ടറിയായി വാരാപ്പുഴക്കയച്ചത്. ഈ മൽപ്പാൻ കൊടുങ്ങല്ലൂരിലെ പദ്രുവാദോ മെത്രാസനത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും ഇദ്ദേഹത്തിന് പാലയ്ക്കലച്ചനോടുള്ള പ്രത്യേക സ്നേഹവും വിശ്വാസവും കൊണ്ടാണ് പ്രൊപ്പഗാന്ദായുടെ കീഴിലുള്ള വികാരി അപ്പസ്തോലിക്കയുടെ സെക്രട്ടറിയായി പറഞ്ഞയച്ചത്.

## 5. വികാരി അപ്പസ്തോലിക്കയുടെ സെക്രട്ടറിയായിരുന്ന പാലയ്ക്കൽ തോമ്മാമൽപ്പാൻ നടത്തിയ സഭാ നവീകരണ പ്രവർത്തനങ്ങൾ

വികാരി അപ്പസ്തോലിക്കയുടെ സെക്രട്ടറി ആയിരിക്കുമ്പോൾ ചെറുപ്പത്തിന്റെ മനോധൈര്യംകൊണ്ടും. ദിവ്യരക്ഷകന്റെ പരമരക്ഷാകരസന്ദേശത്തിന്റെ അത്യുജ്ജ്വലമായ ഭക്തിപ്രാഭവംകൊണ്ടും സമുദായസ്നേഹിയായ പാലയ്ക്കലച്ചൻ വിപ്ലവകരമായ പല സാമുദായിക പരിഷ്ക്കാരങ്ങൾ മെത്രാനച്ചനോടൊത്ത് നടപ്പിൽ വരുത്തി.

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്തിമ ദശകത്തിൽ കേരളത്തിൽ ആകെയുണ്ടായിരുന്ന നാല് മിഷണറിമാരിൽ ഒരാളും പ്രസിദ്ധ പൗരസ്ത്യ പണ്ഡിതനും, ഓസ്ട്രിയക്കാരനും ആയ പൗളിനോസ് ഓഫ് സെന്റ് ബർത്തലോമിയായുടെ കണക്കനുസരിച്ച് അന്ന് 84 സുറിയാനി കത്തോലിക്കാ ഇടവകകളും, കത്തോലിക്കാ സഭ വിട്ട് യാക്കോബായ വിഭാഗം ആയവരുടെ 32 ഇടവകകളും ഉണ്ടായിരുന്നു. അന്നത്തെ 84 സുറിയാനി കത്തോലിക്കാ ഇടവകകളിൽ 20 ഇടവകകൾ കൊടുങ്ങല്ലൂരിലെ പദ്രുവാദോയുടെ കീഴിലും, 64 ഇടവകകൾ വാരാപ്പുഴയിലെ പ്രൊപ്പഗാന്ദായുടെ കീഴിലും ആയിരുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ വികാരി അപ്പസ്തോലിക്കയായി അധികാരമേറ്റ റൈമണ്ട് സെന്റ് ജോസഫിന്റെ (റെയ്മൂന്ത് സൂര്യ) കാലശേഷം അധികാരത്തിൽ വന്ന മാവൂരിലെ സ്റ്റബലിനി മെത്രാന്റെ കാലത്ത് നടന്ന



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

നിർണ്ണായക സഭാ പരിഷ്ക്കാരങ്ങൾക്കെല്ലാം ഒപ്പം നിന്ന് പ്രവർത്തിച്ചത് പാലയ്ക്കൽ തോമ്മാച്ചനായിരുന്നു.

അക്കാലങ്ങളിൽ പള്ളികളിൽ കുമ്പസാരക്കൂട് ഇല്ലായിരുന്നു. കുമ്പസാരത്തിന്റെ പവിത്രതക്കും, രഹസ്യ സ്വഭാവത്തിന്റെ വിശുദ്ധിക്കും അനുപേക്ഷണീയമായ കുമ്പസാരക്കൂട് എല്ലാ പള്ളികളിലും ഉണ്ടാകണമെന്നും സ്ത്രീകളെ എങ്കിലും കുമ്പസാരക്കൂടില്ലാതെ കുമ്പസാരിപ്പിക്കരുതെന്നും നിഷ്ക്കർഷിച്ചത് പാലയ്ക്കലച്ചനാണ്. ഇതുപോലെ പാലയ്ക്കലച്ചൻ നടപ്പിലാക്കിയ മറ്റൊരു സാമൂഹ്യ പരിഷ്ക്കരണം ആയിരുന്നു സിമിത്തേരി സ്ഥാപനം. അക്കാലങ്ങളിൽ മരിച്ചവരെ അടക്കിയിരുന്നത് പള്ളിമുറ്റങ്ങളിലും പള്ളിപറമ്പുകളിലും ആയിരുന്നു. പിതാക്കന്മാരോടുള്ള അനാദരവിന് ഇടയാകുന്ന മൃഗങ്ങളുടെ ഉപദ്രവത്തിനും, അനാചാര നടപടികൾക്കും ഇത് അവസരം ഉണ്ടാക്കിയിരുന്നു. മതിലുകെട്ടി സുരക്ഷിതമാക്കിയ സ്ഥലത്തേ ശവസംസ്കാരം നടത്താവൂ എന്നും, ഒരു മരണരജിസ്റ്റർ പള്ളികളിൽ സൂക്ഷിക്കണമെന്നും നിർബന്ധിച്ച് കൽപന പുറപ്പെടുവിച്ചത് പാലയ്ക്കലച്ചനാണ്.

പരിശുദ്ധ മാതാവിന്റെ ദർശന സമൂഹം എല്ലാ പള്ളികളിലും ആരംഭിക്കണമെന്നും, സാധിക്കുന്നവരൊക്കെ ഇതിൽ ചേരണമെന്ന് നിഷ്ക്കർഷിക്കുകയും, ഇതിന്റെ നിയമാവലിയും പ്രവർത്തന ശൈലിയും എഴുതി ഉണ്ടാക്കുകയും ചെയ്തത് പാലയ്ക്കൽ അച്ചൻ തന്നെയാണ്. ഈ സമൂഹം വളർന്നുവരുമ്പോൾ അതിന്റെ ഉന്നതസമിതി ആയിരുന്നു പട്ടക്കാർക്കുവേണ്ടിയുള്ള ദർശന സമൂഹം. സഭയ്ക്ക് വിജ്ഞാനികളായ വൈദികരെ പരിശീലിപ്പിക്കുവാനും, ദൈവവിജ്ഞാനവും, ബൈബിൾ ഭാഷ്യവും നൽകുന്നതിനു പ്രാപ്തിയുള്ള പ്രാസംഗികരെ പരിശീലിപ്പിക്കുവാനും ആയിരുന്നു ഈ ദർശന സമൂഹം വഴി പാലയ്ക്കലച്ചൻ ലക്ഷ്യമിട്ടത്. ഇതിനുവേണ്ടി ഒരു ദർശന ഭവനം അഥവാ ഒരു താപസ ഭവനം അച്ചന്റെ നിത്യ സ്വപ്നമായിരുന്നു. തന്റെ ശിഷ്യരോട് ഈ ആവശ്യം അറിയിക്കുകയും അവരെക്കൊണ്ട് പ്രാർത്ഥിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തെളിവാണ് ചാവറയച്ചൻ പ്രഥമ ദിവ്യബലിയിൽ തന്റെ ഗുരുവിന്റെ ആഗ്രഹം സാധിച്ച് കിട്ടുന്നതിനുവേണ്ടി "ഈ സ്ഥലവും വേലയും നിറവേറുവാനുള്ള ദൈവാനുകൂല്യം ഉണ്ടാകണം" എന്ന് പ്രാർത്ഥിക്കുന്നത്.

അതുപോലെതന്നെ നൂതന പരിഷ്കൃത രീതികൾ നടപ്പിലാക്കുവാനുള്ള ആഗ്രഹത്താലാണു സുറിയാനി പട്ടക്കാരുടെ പ്രാകൃത രീതിയിലുള്ള അങ്കർക്ക എന്ന വൈദികവേഷം മാറ്റി പകരം ലത്തീൻകാരുടേതുപോലെ കണംകാലുവരെ ഇറക്കമുള്ള വെളുത്ത ളോഹ ധരിക്കുവാനുള്ള അവകാശം സുറിയാനിക്കാർക്കുവേണ്ടി മെത്രാനച്ചനിൽ നിന്ന് നേടിയെടുത്തത്.

ചരിത്രകാരന്മാർ പലപ്പോഴും പരാമർശിക്കാത്ത ഒരു വിഭാഗം ക്രൈസ്തവർ അന്ന് കേരളത്തിൽ ഉണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഈ ക്രൈസ്തവ വിഭാഗം നിലനിന്നിരുന്നു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലുള്ള പ്രേഷിതരാൽ ക്രൈസ്തവ വിശ്വാസത്തിലേക്ക് ആനയിക്കപ്പെട്ട ഈ തീരദേശ വാസികൾ ആരംഭം മുതൽ തന്നെ ലത്തീൻ ഭരണ നേതൃത്വത്തിൻ കീഴിലായിരുന്നു. അന്നത്തെ സുറിയാനി ക്രിസ്ത്യാനികൾ ഇവരെ അധകൃത പുതുക്രിസ്ത്യാനികൾ എന്ന പേരിൽ വേർതിരിച്ചാണു കണ്ടിരുന്നത്. അതുകൊണ്ടാണ് സുറിയാനി ക്രിസ്ത്യാനികളുടെ പ്രതിനിധികളായ ചരിത്രകാരന്മാർ ഇവരുടെ കാര്യം പരാമർശിക്കുക പോലും ചെയ്യാതിരുന്നത്. തോമാശ്ലീഹായുടെ ശിഷ്യന്മാർ എന്ന് അഹങ്കരിച്ചിരുന്ന സുറിയാനിക്കാർ പതിനേഴ് നൂറ്റാണ്ടു കാലത്തെ ജീവിതത്തിനിടയിൽ ഫ്രാൻസിസ് സേവ്യറിനെയോ, അദ്ദേഹത്തെപോലുള്ള പ്രേഷിതരാൽ ക്രിസ്ത്യാനികൾ ആയവരേയോ, ക്രൈസ്തവ സഹോദരരായി കണക്കാക്കിയിരുന്നില്ല എന്നത് എത്രയോ ലജ്ജാകരമായിരുന്നു.

അന്നത്തെ ഈ ലത്തീൻ റീത്തിൽ തന്നെ ന്യൂനപക്ഷക്കാരും, അധകൃതരുമായ ഒരു വിഭാഗത്തെ അഞ്ഞൂറ്റിക്കാർ എന്ന പേരിൽ ഭൂരിപക്ഷ പ്രബല സമൂഹമായ എഴുന്നൂറ്റിക്കാർ തരം താഴ്ത്തി വേർതിരിച്ച് നിറുത്തിയിരുന്നു. പ്രൊപ്പഗാന്ദാ തിരുസംഘം വാരാപ്പുഴയിൽ സെമിനാരി തുടങ്ങുകയും, വൈദിക പരിശീലനം നൽകുകയും ചെയ്തപ്പോൾ ഈ അഞ്ഞൂറ്റിക്കാർക്ക് പ്രവേശനം അനുവദിച്ചിരുന്നില്ല. സ്റ്റെബലീനി മെത്രാനും, സെക്രട്ടറി പാലയ്ക്കലച്ചനും ഇത് ക്രൈസ്തവരീതിയല്ല എന്ന അഭിപ്രായക്കാരായിരുന്നു. അഞ്ഞൂറ്റിക്കാരിൽ നിന്നും യോഗ്യരായവർക്ക് പട്ടം കൊടുക്കണമെന്നും, സമുദായത്തിലെ ഉച്ചനീചത്വം അവസാനിപ്പിക്കണമെന്നും വാദിച്ച് മെത്രാനച്ചനെക്കൊണ്ട് അവർക്ക് പട്ടം കൊടുപ്പിച്ചതാണു പാലയ്ക്കലച്ചനു എതിരായിട്ടുണ്ടായ ആദ്യത്തെ സഭാ വിദ്വേഷം. ഇതിനെതുടർന്ന് രോഷാകുലരായ എഴുന്നൂറ്റിക്കാർ തങ്ങളുടെ പള്ളികളിൽ പ്രവേശിക്കുന്നതിനും, പ്രസംഗിക്കുന്നതിനും പാലയ്ക്കലച്ചനെ തടഞ്ഞു. ഈ സഭാ വഴക്ക് രൂക്ഷമായപ്പോൾ മെത്രാനച്ചന്റെ സുരക്ഷിതത്വത്തിനുപോലും ഭീഷണി ആയതോടെയാണു അഞ്ഞൂറ്റിക്കാരുടെ പ്രധാന പള്ളിയായ അർത്തുങ്കലേക്ക് മെത്രാനച്ചൻ താമസം മാറ്റേണ്ടിവന്നത്. ലത്തീൻ റീത്തിലെ സവർണ്ണ വിഭാഗത്തോട് സമാനദൃശ്യം ഉണ്ടായിരുന്ന സുറിയാനി കത്തോലിക്കരും പാലയ്ക്കലച്ചന്റെ മനുഷ്യസ്നേഹ പ്രവണതയെ അപലപിക്കുകയും, സാമൂഹ്യദ്രോഹി എന്ന് ദുർവ്യാഖ്യാനം നടത്തുകയുമാണ് ഉണ്ടായത്.

## 6. പള്ളിപ്പുറം പള്ളിയിലെ സെമിനാരി സ്ഥാപനം

പഠിക്കലും പഠിപ്പിക്കലും ആയിരുന്നു വികാരി അപ്പസ്തോലിക്കയുടെ സെക്രട്ടറി സ്ഥാനത്തേക്കാൾ പാലയ്ക്കലച്ചനു അഭികാമ്യം. സ്വന്തമായി ഒരു സെമിനാരി തുടങ്ങണമെന്നും, വിജ്ഞാനികളായ വൈദികരെ പരിശീലിപ്പിക്കണമെന്നും, ദൈവവി



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ജ്ഞാനവും ബൈബിൾ ഭാഷ്യവും നല്കുന്നതിന് പ്രാപ്തിയുള്ള പ്രാസംഗികരെ പരിശീലിപ്പിക്കണമെന്നും പാലയ്ക്കലച്ചനു ആഗ്രഹമുണ്ടാകാൻ കാരണം വരാപ്പുഴയിൽ താമസിച്ചിരുന്ന കാലത്ത് പാശ്ചാത്യ പുരോഹിതന്മാരുമായി ഉണ്ടായിരുന്ന സമ്പർക്കം കൊണ്ടാണ്. ഈ ആഗ്രഹവുമായി വരാപ്പുഴയിൽ കഴിയുന്ന കാലത്ത് പള്ളിപ്പുറം ഇടവകക്കാരനായ മംഗലത്ത് ചാണ്ടി എന്ന പയ്യനെ പട്ടത്തിനു പഠിപ്പിക്കണമെന്ന് അയാളുടെ വെല്യപ്പനായ പള്ളിപ്പുറം പള്ളി വികാരി പറയുകയാലും, അദ്ദേഹം ചാർച്ചക്കാരൻ ആകയാലും ഈ ആഗ്രഹം മെത്രാനച്ചനോട് പറഞ്ഞപ്പോൾ, ഒന്നുകിൽ സെക്രട്ടറിയായി തുടരണമെന്നും ഇല്ലെങ്കിൽ പാലയ്ക്കലച്ചനെപോലെതന്നെ വിശ്വസ്തനും, കാര്യപ്രാപ്താഉള്ളവനുമായ ഒരാളെ പകരക്കാരനായി കൊണ്ടുവന്നിട്ടേ പോകാവൂ എന്നും കൽപ്പിച്ചതുകൊണ്ട് കൊല്ലത്ത് തങ്കശ്ശേരി പുൽപള്ളിയിൽ നിന്ന് സ്നേഹിതനായ പോരൂർക്കര തോമ്മാച്ചനെ വരുത്തി ചുമതല ഏല്പിച്ചിട്ടാണ് പാലയ്ക്കലച്ചൻ പള്ളിപ്പുറത്തേക്ക് മടങ്ങിയത്.

പാലയ്ക്കലച്ചന്റെ അമ്മവീടായ പുത്തൻപുരയ്ക്കൽ തറവാട് ചമ്പക്കുളത്തെ കല്ലൂർക്കാട് പള്ളി ഇടവകയിൽ ആയിരുന്നതുകൊണ്ട് അതേ ഇടവകയിലെ പോരൂർക്കര തറവാട്ടിൽ ജനിച്ചുവളർന്ന പോരൂർക്കര തോമ്മാച്ചനുമായി ചെറുപ്രായം മുതൽ തന്നെ പാലയക്കലച്ചനു നല്ല സൗഹൃദബന്ധം ഉണ്ടായിരുന്നു. 1818-ൽ പള്ളിപ്പുറം പള്ളി ഇടവകക്കാരൻ മംഗലത്ത് ചാണ്ടിയെ സുറിയാനി പഠിപ്പിക്കാൻ തുടങ്ങിയതാണ് പള്ളിപ്പുറം സെമിനാരിയുടെ ആരംഭം. അക്കാലത്ത് വടയാറ്റു പള്ളിയിൽ പാറേമാക്കൽ മത്താൻ മൽപ്പാൻ പഠിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ കൂടെ വൈക്കത്തുപള്ളി ഇടവകക്കാരൻ പഴയകടവിൽ യൗസേപ്പ്, കടുത്തുരുത്തി പള്ളി ഇടവകക്കാരൻ മുട്ടത്തിൽ കുര്യൻ, എരണയ്ക്കൽ കുരുവിള, മുട്ടുചിറപള്ളി ഇടവകക്കാരൻ പറമ്പിൽ പൗലോസ് ഇങ്ങനെ നാലുപേർ പഠിച്ചിരുന്നു.

ആ സമയം തലയോലപ്പറമ്പിൽ കുരിശ് പള്ളി വയ്ക്കുന്നതിന് മലപ്പുറത്തുള്ള ഇട്ടൻ കത്തനാരച്ചൻ തുടങ്ങി. അപ്പോൾ വടയാറ്റ് മൽപ്പാനച്ചൻ ആ സ്ഥലം അദ്ദേഹത്തിന്റെ ഇടവകയ്ക്ക് ചേരേണ്ടതാണെന്നും, അദ്ദേഹത്തിന് പള്ളി വയ്പ്പിക്കണമെന്നും വാദിച്ച് സർക്കാരിൽ അന്യായപ്പെട്ടു. ഈ വഴക്ക് മുഖാന്തിരം ഇട്ടൻ കത്തനാരച്ചൻ പെരിയ ബഹുമാനപ്പെട്ട പ്രോസ്പരുമൂപ്പൻ പാദ്രിയച്ചനെ ബോധിപ്പിച്ച്, നമ്മുടെ രൂപതയിൽ ഉള്ളവർ നമ്മുടെ രൂപതയിൽ പഠിച്ചല്ലാതെ പട്ടം കൊടുക്കുകയില്ലെന്നും, ആയതുകൊണ്ട് ഈ നാല് വാലിഭക്കാരും വടയാറ്റു നിന്നും മാറി പള്ളിപ്പുറത്ത് പാലയ്ക്കൽ തോമ്മാ കത്തനാരോടുകൂടെ പാർത്ത് പഠിച്ചുകൊള്ളണമെന്നും, അവരെ പഠിപ്പിച്ച് കൊള്ളണമെന്നും ഒരു കല്പന വാങ്ങിച്ചു. മേൽപ്പറഞ്ഞ ഇട്ടൻ കത്തനാരച്ചൻ ഈ നാലുപേരെയും കൊണ്ടുവന്ന് പള്ളിപ്പുറത്ത് ആക്കുകയും ചെയ്തു. ആ ആണ്ടിൽ തന്നെയാണ് കൈനകരിയിലെ ചാവറകുടുംബ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ത്തിൽനിന്ന് കൊച്ചുകുര്യാക്കോയെ പതിനൊന്നാമത്തെ വയസ്സിൽ പാലയ്ക്കലച്ചൻ കൂട്ടിക്കൊണ്ടുവന്ന് പള്ളിപ്പുറം സെമിനാരിയിൽ ചേർത്ത് പഠിപ്പിച്ച് തുടങ്ങിയത്.

അതിനുശേഷം വാരാപ്പുഴ സെമിനാരിയിൽ അന്ന് മൽപ്പാനായി പഠിപ്പിച്ചിരുന്ന ഞാറയ്ക്കൽ പള്ളി ഇടവകക്കാരൻ മാളിയേക്കൽ ചെറിയാൻ മാത്തു കത്തനാരച്ചനോടുകൂടി പഠിച്ചിരുന്ന കോയിൽമുക്ക് പള്ളി ഇടവകക്കാരൻ ഉരാന്മേൽ ചാണ്ടപ്പിള്ള ശെമ്മാശ്ശനും കൂടി. പിന്നീട് കുറവിലങ്ങാട്ട് പള്ളി ഇടവകക്കാരൻ നാൽപ്പതുവയസ്സ് പ്രായം ചെന്ന പീലിപ്പോസ് എന്നൊരാൾ താപസിയായി കടുത്തുരുത്തി പള്ളിയിൽ പാർത്ത് പുണ്യഭാഷിയായി നടന്നിരുന്നു. ഇയാൾക്ക് പട്ടമേൽക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നാൽ ഞാൻ ചെലവിന് കൊടുത്തുകൊള്ളാമെന്ന് ആ ഇടവകക്കാരൻ നിലപ്പന കുഞ്ഞുവറീത് മാപ്പിള പറഞ്ഞയക്കുകയും ഇപ്രകാരം രണ്ടു പേരും കൂടി പള്ളിപ്പുറത്ത് വന്ന് പാലയ്ക്കൽ മല്പ്പാനച്ചനോട് അപേക്ഷിക്കയാൽ അദ്ദേഹത്തെയും കൂട്ടി. ഇപ്രകാരം മറ്റ് ഇടവകകളിൽ നിന്നും സെമിനാരികളിൽ നിന്നും ഓരോരുത്തർ വന്നു കൂടുകയും ചെയ്തു. ഈ ശെമ്മാശ്ശന്മാരും മുൻപറഞ്ഞ കോയിൽമുക്കുകാരൻ ചാണ്ടപ്പിള്ള ശെമ്മാശ്ശനും പിന്നേയും മറ്റ് ചിലരും വന്നുകൂടിയതിനാൽ ഇദ്ദേഹം ഒരു സെമിനാരിക്രമം എഴുതിയുണ്ടാക്കി. ആയതിന് പന്ത്രണ്ടു വകുപ്പുകൾ ഉണ്ടായിരുന്നു. അത് ഒരു പസ്കിയിൽ പതിച്ച് പഠിക്കുന്ന സ്ഥലത്തു വച്ചു. പള്ളിയുടെ മുകൾത്തട്ടിൽ വടക്കുവശത്ത് ഒരു വരാന്തയും, ആ വരാന്തയുടെ കിഴക്കുവശവത്തും പടിഞ്ഞാറുവശത്തും ഓരോ മുറിയും ഉണ്ടായിരുന്നു. വരാന്തയുടെ കിഴക്കുവശത്തെ മുറിയിലാണ് മല്പാനച്ചൻ താമസിച്ചിരുന്നത്. പടിഞ്ഞാറുവശത്തുള്ള മുറിയിലാണ് ശെമ്മാശ്ശന്മാർ പാർത്തിരുന്നത്. ഈ രണ്ട് മുറികൾക്ക് ഇടയിലുണ്ടായിരുന്ന വരാന്തയായിരുന്നു സെമിനാരി. ഈ വരാന്തയുടെ നടുവിൽ നീളത്തിൽ മേശയും മേശയുടെ ഇരുവശങ്ങളിലും ബഞ്ചുകളും ഉണ്ടായിരുന്നു. ഈ ബഞ്ചുകളിൽ ഇരുന്നാണ് ശെമ്മാശ്ശന്മാർ പഠിച്ചിരുന്നത്. വരാന്തയുടെ കിഴക്കേ അറ്റത്ത് മൽപ്പാനച്ചനു ഒരു മേശയും കസേരയും ഉണ്ടായിരുന്നു. ശെമ്മാശ്ശന്മാരോടൊത്ത് മൽപ്പാനച്ചൻ എപ്പോഴും ഈ കസേരയിൽ ഉണ്ടാകും. താഴെ ഇറങ്ങി പള്ളിക്കകത്തു ലുത്തിനിയ, ധ്യാനവായന, കൊന്തനമസ്കാരം മുതലായത് എത്തിക്കാനും, മറ്റ് സമയങ്ങളിൽ ശെമ്മാശ്ശന്മാരോടൊപ്പമിരുന്ന് എല്ലാ കാര്യങ്ങളിലും മൽപ്പാനച്ചനും കൂടിയിരുന്നു. അത്താഴം കഴിഞ്ഞ് കുറെനേരം ജ്ഞാന കാര്യങ്ങളെക്കുറിച്ച് സംഭാഷണം ചെയ്തശേഷം മണികൊട്ടി എല്ലാവരും ഉറങ്ങുകയും ചെയ്തിരുന്നു. പാലയ്ക്കൽ തോമ്മാച്ചൻ പള്ളിപ്പുറം പള്ളിയിൽ സെമിനാരി സ്ഥാപിക്കുമ്പോൾ അദ്ദേഹത്തിന്റെ തീവ്രമായ പരിശ്രമം വൈദികപരിശീലനത്തിനും, ദൈവശാസ്ത്ര പരിജ്ഞാനത്തിനും ആവശ്യമായത്ര വേദഗ്രന്ഥങ്ങൾ ശേഖരിക്കുന്നതായിരുന്നു. അന്ന് നിലവിൽ ഉണ്ടായിരുന്ന സുറിയാനിയിലുള്ള കുറെ കയ്യെഴുത്ത് പ്രതികൾ കർമ്മാ



www.TheCMSIndia.org

നുഷ്ടാനങ്ങൾക്കുള്ള പ്രാർത്ഥനാ സംഗ്രഹങ്ങൾ മാത്രമായിരുന്നു. സുറിയാനി ഭാഷയിൽ ശാസ്ത്ര പുസ്തകങ്ങളും, തെയലോജിയ, മോരാൾ ഇങ്ങിനെയുള്ള പട്ടക്കാർക്ക് അത്യാവശ്യമായ പുസ്തകങ്ങൾ ഇല്ലായ്കയാൽ പട്ടക്കാരുടെ അറിവില്ലായ്മ നിമിത്തം ഉണ്ടാകുന്ന നാശങ്ങളെക്കുറിച്ച് നല്ല ബോദ്ധ്യം ഉണ്ടായിരുന്നതുകൊണ്ട് ഇദ്ദേഹം വളരെ സങ്കടപ്പെട്ടിരുന്നു. ഇതിനുവേണ്ടി വളരെ അന്വേഷിച്ചതിൽ പാണ്ഡി രാജ്യങ്ങളിൽ ഈശോസഭക്കാർ ചില പുസ്തകങ്ങൾ തമിഴിൽ ഉണ്ടാക്കിയിട്ടുണ്ടെന്ന് കേട്ട് ആ പുസ്തകങ്ങൾ വരുത്തി. അതുപോലെതന്നെ ഇവിടങ്ങളിലും ചില മിഷനറിമാരാൽ ഉണ്ടാക്കപ്പെട്ട ചില മലയാള പുസ്തകങ്ങളും വരുത്തി. ഇവയെല്ലാം ശെമ്മാശ്ശന്മാർക്ക് വായിക്കാൻ കൊടുക്കുകയും അവരെക്കൊണ്ട് ഇതെല്ലാം പകർത്തിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹവും തമിഴ് പഠിച്ച് ഈ പുസ്തകങ്ങൾ എല്ലാം വായിച്ചിരുന്നു. ഇതിന്റെ പേരിൽ മറ്റ് മല്പാന്മാർ ഇദ്ദേഹത്തെ പാണ്ടിമല്പാൻ എന്ന് പരിഹസിച്ചിരുന്നു. സുറിയാനി ഭാഷയിലുള്ള പരിജ്ഞാനക്കുറവ് കൊണ്ടാണ് തമിഴ് പുസ്തകങ്ങൾ വായിക്കുന്നത് എന്ന് പരിഹസിച്ചിരുന്നു. പുണ്യജീവിതം, വലിയ ഓത്തിന്റെ അർത്ഥം, ഞാറയ്ക്കൽ മല്പാൻ, കരിയാറ്റി മല്പാൻ, പൗലീനോസ് മൂപ്പച്ചൻ എന്നിവരാൽ ഉണ്ടാക്കപ്പെട്ട കൂദാശ പുസ്തകങ്ങൾ, മറ്റ് ചില വിശേഷ മലയാള പുസ്തകങ്ങൾ, ജ്ഞാനമുത്തു, ജ്ഞാനസജ്ജീവനി, ഏഴാഴ്ച്ചപ്പുതുമ, നക്ഷത്രമാല, പുരാന്തിമം, പശ്ചിമം മുതലായ വിശേഷ തമിഴ് പുസ്തകങ്ങൾ എന്നിവ പള്ളിപ്പുറം സെമിനാരിക്ക് മാത്രം ഉണ്ടായിരുന്ന പ്രത്യേകതകളാണ്. അച്ചടി എന്ന് കേട്ടിട്ടുപോലുമില്ലാത്ത അക്കാലത്ത്, ഇങ്ങിനെയുള്ള പുസ്തകങ്ങൾ സമ്പാദിക്കുന്നതിനു ഇദ്ദേഹത്തിന് വളരെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നിട്ടുണ്ട്.

തന്റെ ശിഷ്യന്മാരെ എല്ലാവരേയും പക്ഷഭേദം കൂടാതെ പഠിപ്പിക്കുകയും എല്ലാവരേയും ഒരുപോലെ ഗുണനിലവാരമുള്ള വൈദികരാക്കാൻ അക്ഷീണം പ്രയത്നിക്കുകയും ചെയ്തിരുന്നു. അവർക്കുവേണ്ടി കയ്യെഴുത്തായിരുന്ന സുറിയാനി പുസ്തകങ്ങൾ പല സ്ഥലങ്ങളിൽ നിന്നും വരുത്തി അവർക്ക് കൊടുക്കുകയും അവരെക്കൊണ്ട് പകർത്തി എഴുതിക്കുകയും ചെയ്തിരുന്നു. പട്ടക്കാർക്കടുത്ത അറിവിനു തക്കതായ പഠിത്തം ഉണ്ടാകണമെങ്കിൽ ലത്തീൻ ഭാഷ പഠിക്കണം എന്ന് നിശ്ചയിച്ച് ചിലരെയെങ്കിലും ലത്തീൻ പഠിപ്പിച്ചാൽ അവരുവഴിയായി ശേഷം പേർക്കും ഉപകാരം ഉണ്ടാകും എന്ന് തീരുമാനിച്ചാണ് തന്റെ അരുമ ശിഷ്യനായ ചാവറ അച്ഛനെയും പള്ളിപ്പുറം പള്ളി ഇടവകക്കാരൻ മംഗലത്ത് ചാണ്ടിയേയും, വൈക്കത്ത് പഴയകടവിൽ യൗസേപ്പിനേയും വരാപ്പുഴക്ക് പറഞ്ഞയച്ചത്. പക്ഷെ, നിർഭാഗ്യവശാൽ അന്നുണ്ടായിരുന്ന റീത്ത് മത്സരങ്ങളുടെ പകക്കിരയായി ഇവർക്ക് തിരിച്ചു പോരേണ്ടിവന്നു. എന്നിട്ടും നിരാശനാവാതെ വിജ്ഞാന പ്രിയനായ ഇദ്ദേഹം ചാവറ അച്ചനെയെങ്കിലും ലത്തീൻ പഠിപ്പിക്കണമെന്ന ആഗ്രഹത്താൽ അന്ന് തങ്കി



www.TheCMSIndia.org

പള്ളിയിൽ വികാരിയായിരുന്ന മെയിൻ പാദ്രി അച്ചന്റെ അടുത്ത് ചിലവുകൾ കൊടുത്ത് പറഞ്ഞയച്ചു. ആറുമാസത്തെ പഠനത്തെ തുടർന്ന് അസുഖം ബാധിക്കയാൽ അദ്ദേഹം തിരിച്ചുപോന്നെങ്കിലും പിന്നീട് സ്വപ്രയത്നത്താൽ ലത്തീൻ പഠിച്ച് ഗുരുവിന്റെ ആഗ്രഹം സാധിച്ചു. വൈദികർക്കുള്ള പരിജ്ഞാനക്കുറവ് അംഗീകരിക്കാൻ തയ്യാറായത് കൊണ്ടാണ് സുറിയാനി ലത്തീൻ സംഘട്ടന കാലത്തുപോലും തന്റെ ശിഷ്യന്മാരെ ലത്തീൻ പഠിക്കാൻ വരാപ്പുഴക്ക് പറഞ്ഞയച്ചതെന്നുള്ളത് അദ്ദേഹത്തിന്റെ വിശാല വീക്ഷണത്തെയാണു കാണിക്കുന്നത്.

## 7. കേരളത്തിലെ പ്രഥമ കൊവേന്ത സ്ഥാപനത്തിന്റെ ചരിത്ര പശ്ചാത്തലവും, സ്ഥാപക പിതാക്കന്മാരും.

പള്ളിപ്പുറം പള്ളി ഇടവകക്കാരൻ മംഗലത്ത് ചാണ്ടിക്ക് വൈദിക പരിശീലനം നൽകണമെന്ന് അയാളുടെ വെല്യപ്പനായ പള്ളിപ്പുറം പള്ളി വികാരി പറഞ്ഞതനുസരിച്ച്, വരാപ്പുഴയിലെ വികാരി അപ്പസ്തോലിക്കയുടെ സെക്രട്ടറി സ്ഥാനത്തേക്ക് പോരൂർക്കര തോമ്മാച്ചനെ തന്റെ പകരക്കാരനായി സ്ഥാനമേൽപ്പിച്ചിട്ടാണു പാലയ്ക്കൽ തോമ്മാച്ചൻ പള്ളിപ്പുറത്തു വന്ന് സെമിനാരി തുടങ്ങിയതെന്ന് ഇതിനുമുൻപ് പരാമർശിച്ചിട്ടുണ്ട്. ചമ്പക്കുളത്ത് കല്ലൂർക്കാട് പള്ളി ഇടവകയിലെ പോരൂർക്കര കുടുംബത്തിൽ ജനിച്ച പോരൂർക്കര തോമ്മാച്ചനെ ചെറുപ്പം മുതൽതന്നെ പാലയ്ക്കലച്ചനും പരിചയമുണ്ടാകാൻ കാരണം പോരൂർക്കര കുടുംബം തന്റെ അമ്മവീടിന് അടുത്തായിരുന്നതുകൊണ്ടാണെന്നും ഇതിനു മുൻപ് പരാമർശിച്ചിട്ടുണ്ട്. പാലയ്ക്കലച്ചൻ സ്വപ്നം കണ്ടിരുന്ന ദർശനഭവനം അഥവാ താപസ ഭവനം എന്ന ലക്ഷ്യത്തിനു പകരം പൊരൂർക്കര തോമ്മാച്ചന്റെ മനസ്സിൽ രൂപം കൊണ്ടിരുന്നത് വനവാസ സന്യാസമായിരുന്നു. പോരൂർക്കര തോമ്മാച്ചന്റെ വനവാസ സന്യാസത്തിന് പിൻബലമായി അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നത് ആത്മമിത്രമായ കണിയാന്തറ യാക്കോബായിരുന്നു.

ചമ്പക്കുളംകാരായ ഈ രണ്ട് ആത്മമിത്രങ്ങൾക്ക് ബാല്യംമുതൽ തന്നെ സന്യാസത്തിന്റേയും ബ്രഹ്മചര്യത്തിന്റെയും ഉൽകൃഷ്ട ചിന്തകൾ ഉണ്ടാവുകയും ഇരുവരും ചേർന്ന് വനവാസസന്യാസം നടത്താമെന്ന് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. കണിയാന്തറ യാക്കോബിന് കാർഷിക രംഗത്ത് തന്റെ പിതാവിന് സഹായിയായി കുട്ടനാട്ടിൽതന്നെ കഴിയേണ്ടിവന്നു. എന്നാൽ പോരൂർക്കര തോമ്മാച്ചൻ പട്ടമേറ്റ്, ചമ്പക്കുളം പള്ളിയിൽ വികാരിയായി. പിതാവിനോടൊത്ത് കാർഷിക രംഗത്ത് തങ്ങേണ്ടിവന്ന കണിയാന്തറയാക്കോബിന്റെ മനസ്സിൽ പൂർവ്വകാല മിത്രവുമായി നടത്തിയ കരാർ തീവ്രമായിത്തന്നെ നിലനിന്നിരുന്നെങ്കിലും പോരൂർക്കര തോമ്മാച്ചൻ പട്ടത്തിനു പോയിരുന്ന ദീർഘകാലത്തെ വേർപെട്ടുള്ള ജീവിതത്തിനി



www.TheCMSIndia.org

ടയിൽ മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങി വിവാഹത്തിന് സമ്മതിച്ച് പ്രതിശ്രുത വധുവിനേയും കണ്ട് നിൽക്കുന്ന കാലത്താണ് പോരൂർക്കരയച്ചൻ പട്ടമേറ്റ് തിരിച്ച് ചമ്പക്കുളത്തെത്തുന്നതും, മറ്റെല്ലാം ഉപേക്ഷിച്ച് ആത്മസുഹ്രുത്തിനോടൊത്ത് പൂർവ്വകാല ഉടമ്പടി പ്രാവർത്തികമാക്കാൻ മാതാപിതാക്കളുടെ അനുമതിക്ക് പോലും കാത്തുനിൽക്കാതെ സുഹൃത്തിനൊപ്പം വരാപ്പുഴക്ക് തിരിച്ചതും. അന്നുമുതൽ പോരൂർക്കര കണിയാന്തറബന്ധം വേർപിരിഞ്ഞിട്ടില്ല. വരാപ്പുഴയിൽ സ്ഥാനമേറ്റതിനുശേഷം പാലയ്ക്കൽ മല്പാനുമായി കൂടുതൽ സഹവർത്തിക്കുന്നതിനും, ബാല്യകാലം മുതൽ മനസ്സിൽ സൂക്ഷിക്കുന്ന വനവാസസന്യാസത്തെക്കുറിച്ച് പലപ്രാവശ്യം ചർച്ച ചെയ്യുന്നതിനും ഇടയായി. താൻ മനസ്സിൽ പടുത്തുയർത്തിക്കൊണ്ടിരിക്കുന്ന ദർശന ഭവനവും, പോരൂർക്കരയച്ചൻ ആഗ്രഹിക്കുന്ന വനവാസസന്യാസവും തമ്മിൽ സംയോജിപ്പിക്കാനാവാത്ത അന്തരം ഉണ്ടായിരുന്നില്ല. തൽഫലമായി ഉണ്ടായ ഏകീകൃത അഭിപ്രായ ഐക്യത്തോടെയാണു രണ്ടുപേരുംകൂടി മെത്രാനച്ചനെ കണ്ടതും ഇംഗിതം അറിയിച്ചതും. പോരൂർക്കരയച്ചനു പകരം മറ്റൊരാളെ സെക്രട്ടറി സ്ഥാനത്തേക്ക് കൊണ്ടുവരാമെന്നും, തങ്ങളെ ഈ താപസഭവനലക്ഷ്യത്തിലേക്ക് നീങ്ങാൻ അനുവദിക്കണമെന്നും അപേക്ഷിച്ചു. എന്നാൽ മെത്രാനച്ചൻ വിഭിന്നമായ ഒരഭിപ്രായമാണു അവരുടെ മുന്നിൽ അവതരിപ്പിച്ചത്. പാലയ്ക്കലച്ചനേയും പോരൂർക്കരയച്ചനേയും പോലുള്ള സമർത്ഥരും, വിജ്ഞാനീയരും സമുദായ പരിഷ്ക്കർത്താക്കളും ആയവർ സമൂഹത്തിൽ നിന്നു വേർപെട്ട് താപസഭവനങ്ങളിൽ ഒതുങ്ങുന്നത് സമുദായത്തോട് ചെയ്യുന്ന അനീതി ആയിരിക്കുമെന്നും മറിച്ച് ലോകർക്കുകൂടി ഉപകാരപ്രദമായ രീതിയിൽ വൈദിക പരിശീലനത്തിനു കാര്യക്ഷമതയുള്ള ഒരു ദേശീയ കൊവേന്തക്കാണു നിങ്ങൾ ശ്രമിക്കേണ്ടതെന്ന് ഉപദേശിക്കുകയും ചെയ്തു. പാലയ്ക്കലച്ചന്റെ താപസഭവനവും, പോരൂർക്കരയച്ചന്റെ വനവാസ സന്യാസവും സമുന്വയിപ്പിച്ച് മെത്രാനച്ചൻ ദേശീയ കൊവേന്ത എന്ന ആശയമാക്കി മാറ്റുകയാണു ചെയ്തത്. ഒരു തരത്തിൽ ചിന്തിച്ചാൽ ഉദാരമനസ്കനായ പോരൂർക്കരയച്ചൻ പാലയ്ക്കൽ അച്ചന്റെയും, മെത്രാനച്ചന്റെയും അഭിപ്രായത്തോട് അനുകൂലിക്കുകയാണ് ചെയ്തത്. അന്നുമുതലുള്ള കൂടിയാലോചനകളിൽ പോരൂർക്കരയച്ചന്റെ ആത്മമിത്രമായ കണിയാന്തറ യാക്കോബ് നിഴലുപോലെ അച്ചന്മാരെ പിന്തുടർന്നിരുന്നു. കേരളക്കരയിൽ ആദ്യമായി പ്രാദേശീയ കൊവേന്ത തുടങ്ങാൻ മെത്രാനച്ചനിൽ നിന്നുതന്നെ നിർദ്ദേശമുണ്ടായിട്ടും ഈ ത്രിമൂർത്തികൾക്ക് ആത്മധൈര്യം ഇല്ലായിരുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ കൊവേന്തകൾ നടത്തിയിരുന്നത് രാഷ്ട്രീയ പിൻബലമുള്ള സമൂഹ നേതൃത്വമായിരുന്നു. ഇക്കാര്യത്തിലും മെത്രാനച്ചനാണു ഇവർക്ക് ആത്മധൈര്യം പകർന്നത്. കേരളത്തിലെ ക്രൈസ്തവ സമൂഹം സമ്പന്നമാണെന്നും, സമ്പന്നരായ നാട്ടുകാർ സഹായിച്ചാൽ ഇത് നടക്കുമെന്നും ധൈര്യപ്പെടുത്തി ആയതിലേക്ക് സഹായാഭ്യർത്ഥന നടത്തുന്ന ഒരു പത്ര



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മേനിയും ഇരുന്നൂറുരൂപയും കൊടുത്ത് ഇവരെ കർമ്മരംഗത്തേക്ക് ഇറക്കിയത് മെത്രാനച്ചനാണു. ഈ പത്രമേനിയുമായി വിവിധ ഇടവകകളിൽ ചെന്ന അച്ചന്മാർക്ക് അഭൂതപൂർവ്വമായ സഹായ വാഗ്ദാനങ്ങളാണ് കിട്ടിയത്. മെത്രാനച്ചനിൽ നിന്ന് കിട്ടിയ പത്രമേനിയും ഇരുന്നൂറുരൂപയുംകൊണ്ട് നാട്തെണ്ടി സാമ്പത്തിക ശക്തി വർദ്ധിപ്പിച്ച് കൊവേന്ത സ്ഥാപനത്തിനു അക്ഷീണം പ്രവർത്തിച്ച ഈ ആരംഭകാല പിതാക്കന്മാരെ വിസ്മൃതിയിൽ വിസ്മരിക്കാൻ ആരാലും സാധ്യമല്ല.

## 8. മാന്നാനത്ത് സ്ഥാപിതമായ കർമ്മലീത്താ മൂന്നാം സഭയുടെ പുരോഗമന പന്ഥാവുകൾ.

മെത്രാനച്ചനിൽ നിന്ന് കിട്ടിയ പത്രമേനിയും കൊണ്ട് പാലയ്ക്കൽ തോമ്മാ മൽപ്പാനും പോരൂർക്കര തോമ്മാ മൽപ്പാനുംകൂടി 1830 തുലാമാസത്തിൽ എടത്വ യിലെ കൊയിൽമുക്ക് പള്ളിയിലേക്ക് പോകുംവഴി, ചമ്പക്കുളത്ത് കല്ലൂർക്കാട് പള്ളി യിൽ കയറി പസ്തേന്തി കാട്ടി വിവരം അറിയിച്ചു. അവിടുത്തെ പട്ടക്കാരും യോഗ ക്കാരും കൂടി ഇരുന്നൂറു രൂപാക്ക് ആയിരപ്പറ നെല്ല് കിട്ടത്തക്കവണ്ണം നിശ്ചയിച്ച് വികാരിയച്ചൻ പസ്തേന്തിയിൽ ഒപ്പുവച്ചുകൊടുത്തു. അവിടെനിന്ന് ഇവർ കൊയിൽമുക്ക് പള്ളിയിലേക്ക് പോയി. അവിടേയും പസ്തേന്തി കാട്ടി വിവരം അറി യിച്ചു. അവരെല്ലാം കൂടി ആലോചിച്ച് പള്ളിയിൽ നിന്ന് നാനൂറുരൂപാക്ക് പതിനാ യിരം ചക്രം കൊടുക്കത്തക്കവണ്ണം നിശ്ചയിക്കുകയും പൂട്ട് തുറന്ന് പതിനായിരം ചക്രം എണ്ണി ഇവരെ ഏൽപ്പിക്കുകയും ചെയ്തു.

അവിടെനിന്ന് പിരിഞ്ഞ് പാലയ്ക്കൽ മൽപ്പാനച്ചൻ പള്ളിപ്പുറത്തുവന്ന് പാർക്കുകയും. മെത്രാനച്ചൻ അർത്തുങ്കൽ അന്ത്രയോസ്സീഹായുടെ പള്ളിയിൽ താമസിച്ചിരുന്നതുകൊണ്ട് പോരൂർക്കരയച്ചൻ അവിടെ ചെന്ന് സെക്രട്ടറിയായി താമ സിക്കുകയും ചെയ്തു. അതുകഴിഞ്ഞ് കുറച്ചുകാലം കഴിഞ്ഞപ്പോൾ കൊവേന്ത വയ്ക്കേണ്ട സ്ഥലം കാണണമെന്നു നിശ്ചയിച്ച് പാലയ്ക്കൽ മൽപ്പാനും പോരൂർക്ക രയച്ചനും, അദ്ദേഹത്തിന്റെ ആത്മമിത്രവും സന്തതസഹചാരിയുമായ കണിയാന്തറ യാക്കോബും, പള്ളിപ്പുറം ഇടവകക്കാരനായ കല്ലുങ്കൽ ഇട്ടി അയിപ്പിനേയും കൂട്ടി, വഴികാട്ടിയായി ഇട്ടൻ എന്ന ഒരു ഈഴവനേയും കൂട്ടി യാത്ര പുറപ്പെട്ടു. ഇവർ ഇത്തിപ്പുഴയാറുവഴി പോയി വെട്ടിക്കാട്ടുമുക്കും കടന്ന് ആ പ്രദേശങ്ങളൊക്കെയും കണ്ടു. അവിടെനിന്ന് കടനാട്ടിൽ പാറ എന്ന പേരുള്ള ഒരു സ്ഥലവും കടന്ന് മുള ക്കുളത്ത് ചെന്നു. അവിടെയും പറ്റിയ രീതിയിലുള്ള സ്ഥലമൊന്നും കണ്ടില്ല. അവി ടെനിന്ന് തിരിച്ചു പോരുംവഴി ഉയരമുള്ള കുന്നും മലകളുമൊക്കെ കണ്ട് ഇഷ്ടപ്പെ ടാതെ കടനാട്ടിൽ പാറയും കടന്ന് വെട്ടിക്കാട്ടുമുക്കിനു പടിഞ്ഞാറായി കളമ്പൂരി



www.TheCMSIndia.org

നടുത്ത് ഒരു സ്ഥലം കണ്ടു. അവിടെ വേനൽക്കാലത്ത് ഓരു വരുന്നതിനാൽ അതും വേണ്ടെന്നുവച്ച് പള്ളിപ്പുറത്ത് തിരിച്ചെത്തി, ഇനി അന്വേഷണം കുറച്ച് കഴിഞ്ഞാകാം എന്ന് തീരുമാനിച്ച് പോരൂർക്കരയച്ചൻ അർത്തുങ്കൽ താമസിക്കുന്ന മെത്രാനച്ചന്റെ അടുത്തേക്ക് പോയി. അതിനുശേഷം കുറേക്കാലം കഴിഞ്ഞ് പാസ്ക്കാൾ പാദ്രിയച്ചനും, പാലയ്ക്കൽ മൽപ്പാനും, പോരൂർക്കരയച്ചനും, ഇട്ടൂപ്പ് കത്തനാരച്ചനും മംഗലത്ത് ചാണ്ടി കത്തനാരച്ചനും കൂടി ആദ്യം പോയവഴിയേതന്നെ പുറപ്പെട്ട്, വെട്ടിക്കാട്ട്മുക്കിനും കടനാട്ടിൽ പാറയ്ക്കും പടിഞ്ഞാറ് ചെമ്മന്തി എന്നു പേരുള്ള ഉയർന്ന ഒരു കുന്നുംപുറം കണ്ടു. വളരെ പ്രയാസവും ബുദ്ധിമുട്ടും സഹിച്ച് അതിനുമുകളിൽ കയറിനോക്കിയപ്പോൾ, ഉയരവും, വീതിവിസ്താരവും, സ്ഥലസൗകര്യവും നല്ലതുതന്നെ എന്ന് കണ്ടെങ്കിലും വള്ളമടുക്കാനും, കടവിൽനിന്ന് എന്തെങ്കിലും മുകളിലെത്തുക്കുവാനും പ്രയാസക്കൂടുതൽ എന്ന് മനസ്സിലാക്കി ആ സ്ഥലവും വേണ്ടെന്നുവച്ച് എല്ലാവരും അവരവരുടെ സ്ഥലത്തേക്ക് മടങ്ങുകയും ചെയ്തു. അതിനെതുടർന്ന് പാലയ്ക്കൽ മല്പ്പാനച്ചനു വാതം പിടിപെട്ട് കിടപ്പിലായി. ഒരു മാസത്തോളം കുർബാന ചൊല്ലാതെ തളർന്ന് കിടപ്പിലായിപ്പോയി. അസുഖം ഏതാണ്ട് ഭേദമായപ്പോൾ വടകരയ്ക്ക് പോയി. അവിടെവച്ച് ചാവറയച്ചനേയും കൂട്ടി ആറ്റിനക്കരെ കടന്ന്, പലമലകളും കുന്നുകളും കയറിയിറങ്ങി ഉച്ചതിരിഞ്ഞപ്പോൾ ആ സ്ഥലങ്ങളും ഇഷ്ടപ്പെടാതെ തിരിച്ചുപോന്നു. പള്ളിപ്പുറത്തെത്തി അധികം താമസിയാതെ അതിരമ്പുഴയ്ക്ക് കിഴക്ക് പള്ളിക്കുന്നെന്നും, പള്ളിക്കയമെന്നും പേരുള്ള ഒരു നല്ല സ്ഥലമുണ്ടെന്ന് കേട്ട് പാലയ്ക്കൽ മൽപ്പാനും, പോരൂർക്കരയച്ചനും കൂടി പോയി കാണുകയും, വെള്ള സൗകര്യമുള്ളിടത്ത് സ്ഥലസൗകര്യക്കേടും സ്ഥലസൗകര്യമുള്ളിടത്ത് വെള്ളസൗകര്യക്കേടും ഉണ്ടെന്ന് മനസ്സിലാക്കിയപ്പോൾ അതും വേണ്ടെന്നുവച്ചു. അവിടെനിന്ന് കുടമാളൂർ ആറ്റിൽ വന്നപ്പോൾ കുടമാളൂർ പള്ളിക്ക് കിഴക്ക് പുഴയരുകിൽ ഒരു ഉയർന്നകുന്നു കണ്ടു. അവിടെ കയറി നോക്കിയപ്പോൾ സ്ഥലസൗകര്യംകൊണ്ടും, ജലസൌകര്യംകൊണ്ടും അത് കൊള്ളാമെന്ന് നിശ്ചയിച്ചു. ഏറെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുമെങ്കിലും, അവിടെ ഒരു പള്ളി വയ്ക്കുന്നതിനു വിചാരണ കഴിക്കുന്നതിനു ദിവാൻജിയുടെ ഉത്തരവു വാങ്ങി തഹസീൽദാർക്ക് അയപ്പിച്ചു. തഹസീൽദാര് നാട്ടുകാർക്ക് നോട്ടീസയച്ച് വിചാരണ ചെയ്തപ്പോൾ മേലെഴുതിയ പുല്ലരികുന്നിൻപുറം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതമാകകൊണ്ട് ഊരായ്മക്കാർക്ക് സമ്മതമില്ലാത്തതുകൊണ്ട് അവിടെ പള്ളിവയ്ക്കുന്നതിനു അനുവദിക്കുകയില്ലെന്നും, സങ്കടമുണ്ടെന്നും റിപ്പോർട്ടുണ്ടാക്കുകയാൽ അത് നടക്കുകയില്ലെന്ന് മനസ്സിലായി. പിന്നീട് ആ സ്ഥലത്തിനു വടക്കുവശത്ത് കുടമാളൂർ ചെറിയപള്ളിക്ക് കിഴക്കുവശത്തുള്ള ഒരു കുന്നുംപുറം വാങ്ങിക്കണം എന്ന തീരുമാനത്തിൽ പരിശ്രമം തുടങ്ങി. അവിടെയടുത്ത് തയ്യിൽതരകനെന്നും, അയാ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ളുടെ അനുജൻ കൊച്ചുപോത്തൻപിള്ള എന്നും പേരുള്ള രണ്ട് സഹോദരന്മാർ ഐകമത്യത്തോടെ പാർത്തുവരുന്നു എന്നറിഞ്ഞ് അവരെ ചെന്നു കണ്ടു വിവരങ്ങൾ ധരിപ്പിച്ചപ്പോൾ, അച്ചന്മാർ വേറെയെങ്ങും പോകേണ്ടെന്നും, ഞങ്ങളുടെ ഈ കുന്നുംപുറംതന്നെയാണു നല്ലതെന്നും പറഞ്ഞ്, അച്ചന്മാരെ അവിടെ കയറ്റി കാണിച്ചപ്പോൾ അത് കൊള്ളാമെന്ന് സമ്മതിച്ച്, പണി തുടങ്ങുന്നതിന് പറഞ്ഞേർപ്പെടുത്തിയിട്ടു തിരികെപോന്നു. അതിനുശേഷം ഏറ്റുമാനൂർ പ്രവൃത്തിയിൽ മാന്നാനംകരയിൽ ഓലംകണ്ണുമുകൾ എന്ന കാലായിൽ പള്ളിയും വീടും വയ്ക്കുന്നതിനു സമ്മതമാണെന്ന് കരക്കാരെ കൊണ്ട് സമ്മതപത്രം ഉണ്ടാക്കി. മെത്രാനച്ചനു അർത്തുങ്കൽ പാർത്തിട്ട് സുഖക്കേണ്ടു വരുന്നതിനാൽ കുടമാളൂർവന്ന് പാർക്കണമെന്ന് തീരുമാനിച്ച്, അവിടെവന്ന് പാർത്തു. തൽക്കാലം ഈ പുതിയ സ്ഥലം വെട്ടിത്തെളിച്ച് ഒരു കുരിശ് പുര കെട്ടിച്ച്, മെത്രാനച്ചനോട് അനുവാദം മേടിച്ച് കുർബാന ചൊല്ലണമെന്നും, അല്ലാതെ അതിരമ്പുഴയിൽ വന്ന് കുർബാന ചൊല്ലിയിട്ട് സ്ഥലത്തുവന്ന് പണികൾ നടത്തിക്കുവാൻ എളുപ്പമല്ലാത്തതുകൊണ്ട് പോരൂർക്കരയച്ചൻ ചാവറയച്ചനെ പള്ളിപ്പുറത്തിനു പറഞ്ഞുവിട്ടു. അതനുസരിച്ച് പാലയ്ക്കലച്ചൻ മെത്രാനച്ചനെ കണ്ട് ഈ ആവശ്യം അറിയിച്ചപ്പോൾ കുത്തിമറിച്ച് കുർബാന ചൊല്ലാൻ തുടങ്ങിയാൽ തുടർന്നുള്ള പണികൾക്ക് കാലതാമസം ഉണ്ടാകുമെന്നും, അതുകൊണ്ട് എത്രയും വേഗം ചെറുതായിട്ടെങ്കിലും ഒരു കുരിശ് പുര കല്ല്കെട്ടി പണിയണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അപ്രകാരം നിശ്ചയിച്ച്, പണികൾ തുടങ്ങാൻ വേണ്ടി പോരൂർക്കരയച്ചൻ അവിടെ തങ്ങുകയും, പാലയ്ക്കലച്ചൻ ക്ഷീണത്താലും പള്ളിപ്പും സെമിനാരിയിൽ പഠിപ്പിക്കേണ്ടതുകൊണ്ടും പള്ളിപ്പുറത്തേക്ക് പോരുകയും മചയ്തു. പോരൂർക്കരയച്ചൻ അവിടെ തങ്ങി പണികളുടെ ചുമതല ഏറ്റെടുത്ത് നടത്തി. അതിനുശേഷം ഈ സ്ഥലത്തിന്റെ നിയമാനുസൃതമായ നടപടികൾ നടക്കുന്നതിനിടയിൽ പോരൂർക്കരയച്ചനും, ചാക്കോ കത്തനാരച്ചനും, മലയാറ്റൂരച്ചനും, ചാവറയച്ചനും കൂടി വെട്ടിതെളിച്ച് തീയിട്ട് വെടിപ്പാക്കിയ സ്ഥലത്തു വരുകയും അവിടെവച്ച് ഗീവർഗ്ഗീസു സഹദായുടെ പെരുന്നാളിന്റെ വേസ്പര ചൊല്ലി. ആ അവസരങ്ങളിൽ പെരുമാലി കുടുംബത്തിൽ നിന്നായിരുന്ന അച്ചന്മാർക്കുള്ള ഭക്ഷണം കൊടുച്ചയച്ചിരുന്നത്. ഈ സ്ഥലത്തിനെ ബേസ്റൗമ്മാ എന്നാണ് അച്ചന്മാരു പറഞ്ഞിരുന്നത്. അതുകൂടാതെ അച്ചന്മാർക്കുവേണ്ടി പെരുമാലിക്കാർ വളരെ ബുദ്ധിമുട്ടുകൾ സഹിക്കുകയും അച്ചന്മാർക്ക് താമസിക്കാൻവേണ്ടി ചിറ്റേഴത്ത് ഈച്ചരച്ചാർ എന്നയാളുടെ കളപ്പുര വാങ്ങി വെടുപ്പാക്കികൊടുക്കുകയും ചെയ്തു.

ഈ സമയത്ത് നിയമാനുമതിയുടെ ഉത്തരവുകൾ കിട്ടിയ സന്തോഷത്താൽ പോരൂർക്കരയച്ചൻ കുടമാളൂർ ചെന്ന് മെത്രാനച്ചനെ കണ്ട് വിവരങ്ങൾ ധരിപ്പിച്ചു. അദ്ദേഹം ഇപ്പോൾത്തന്നെ മരംകൊണ്ട് ഒരു കുരിശ് പണിയിപ്പിച്ച് വെഞ്ചരിച്ച് കര



www.TheCMSIndia.org

ക്കാരെയും വരുത്തി കുരിശ് നാട്ടണമെന്നും താമസിച്ചാൽ വഴക്കിനിടയാകും എന്നും കൽപ്പിച്ചതിനാൽ പോരൂർക്കരയച്ചൻ വന്ന് പറഞ്ഞയുടൻ മലാറ്റൂരച്ചൻ തയ്യിൽചെന്ന് മരം വാങ്ങിച്ച് കുരിശ് പണിയിച്ച് സന്ധ്യാസമയത്ത് തയ്യിൽ തരകന്റേയും കൊച്ചുപോത്തൻ മാപ്പിളയുടേയും ഉത്സാഹത്താൽ അവരുടെ പരിചയക്കാരായ കരക്കാരെ വരുത്തി കളപ്പുരയിൽ വച്ച് പോരൂർക്കരയച്ചൻ കുരിശ് വെഞ്ചരിച്ച് കൊട്ടുംഘോഷവുമായി കൊണ്ടുവന്ന് മേടമാസം ഇരുപത്തിയെട്ടാം തീയതി രാത്രിയിൽ ബേസ്റൗമ്മയിൽ കുരിശ് നാട്ടി സകലപുണ്യവാളന്മാരുടെ ലുത്തിനിയ ചൊല്ലി. കല്ലിടീലിനു മെത്രാനച്ചൻ വരുമ്പോൾ ഇരിക്കാൻ ഒരിടം ഇല്ലാത്തതുകൊണ്ട് തരകന്റെ ഒരു മുളംകാട്‌വെട്ടി അതുകൊണ്ട് കപ്പേളതുടങ്ങിയതിനടുത്ത് കാലുനാട്ടി ഓലമേഞ്ഞ് തൽക്കാലത്തേക്ക് പായകൊണ്ട് കുത്തിമറച്ച് രണ്ട് മുറികളുണ്ടാക്കി. കല്ലിടീലിന്റെ തലേന്നാൾ അച്ചന്മാരോടൊത്ത് മെത്രാനച്ചൻ ഈ പന്തലിലാണ് ഉറങ്ങിയത്. 1831 ഇടവം പതിനൊന്നാം തീയതി മെത്രാനച്ചൻ വന്ന് കോവേന്തക്ക് കല്ലിടാമെന്ന് സമ്മതിച്ചിരുന്നു. ആ ദിവസം കല്ലിടുവാനും കപ്പേളയിൽ കുർബാന ചൊല്ലുവാനും നിശ്ചയിച്ചിരിക്കുന്നു എന്ന വിവരം പാലയ്ക്കലച്ചന്റെ ശിഷ്യന്മാരേയും സ്നേഹിതരായ പട്ടക്കാരേയും അറിയിച്ചു. എന്നാൽ ആ ദിവസം അടുത്തുവന്നപ്പോൾ മെത്രാനച്ചനു ശരീരം മുഴുവൻ ഒരുതരം വലിയ ചരങ്ങുണ്ടായതിനാൽ കല്ലിടുന്നതിനു അൽപം മടിയായിരുന്നു. എന്നാൽ പാലയ്ക്കലച്ചനും, പോരൂർക്കരയച്ചനും, പാസ്ക്കൽ പാദ്രേ അച്ചനും വളരെ താൽപര്യപ്പെട്ട് അപേക്ഷിച്ചതിനാൽ മെത്രാനച്ചൻ കല്ലിടുവാനായി വന്നു. പക്ഷെ മെത്രാനച്ചനു അസുഖമാകയാൽ പാലയ്ക്കലച്ചൻ കല്ലിടട്ടെ എന്നും, അച്ചനും പാടില്ലെങ്കിൽ പോരൂർക്കരയച്ചൻ കല്ലിടട്ടെ എന്നും ഓരോരുത്തരും എളിമയോടെ അഭിപ്രായപ്പെട്ടു. ഒടുവിൽ പോരൂർക്കരയച്ചൻ കല്ലിടട്ടെ എന്നു തീരുമാനിച്ചു. ആരുടെ നാമത്തിൽ വേണമെന്നതിനെ ചൊല്ലിയും മൂന്ന് അഭിപ്രായങ്ങൾ ഉണ്ടായി. യോഹന്നാൻ മാംദാനയുടെ നാമത്തിൽ ആവണമെന്ന് മെത്രാനച്ചനും, ദുമനിക്കോസ് പുണ്യവാന്റെ നാമത്തിൽ വേണമെന്ന് പാലയ്ക്കലച്ചനും, യൗസേപ്പുപിതാവിന്റെ നാമത്തിൽ വേണമെന്ന് പോരൂർക്കരയച്ചനും അഭിപ്രായപ്പെട്ടു. ഈ മൂന്ന് അഭിപ്രായങ്ങളും പറഞ്ഞുകഴിഞ്ഞപ്പോൾ, മെത്രാനച്ചനും പാലയ്ക്കലച്ചനും കൂടി പോരൂർക്കരയച്ചന്റെ അഭിപ്രായമാണു എല്ലാത്തിലും നല്ലത് എന്ന തീരുമാനത്തിൽ മെത്രാനച്ചൻ അടുത്ത് നിന്നുകൊണ്ട് പോരൂർക്കരയച്ചനെക്കൊണ്ട് യൗസേപ്പ് പിതാവിന്റെ നാമത്തിൽ കൊവേന്തപ്പള്ളിക്ക് അടിസ്ഥാനമിടുവിച്ചു.

ഇങ്ങനെ കൊവേന്തക്ക് കല്ലിട്ട് അവിടെ നാട്ടിയ മരക്കുരിശുങ്കൽ ഒരു പന്തലിട്ട് ദിവസേന അസ്തമയ സമയത്ത് വലിയ ലുത്തിനിയാ കഴിച്ചുവന്നു. ഇതിന്റെയെല്ലാം ചുമതല വഹിച്ചിരുന്നത് പാലയ്ക്കൽ തോമ്മാച്ചനും, പൊരൂർക്കര

CHRISTIAN MUSICOLOGICAL SOCIETY OF INDIA

യച്ചനും, കണിയാന്തറ യാക്കോബും ആയിരുന്നു. പാലയ്ക്കൽ മല്പ്പനച്ചനു പള്ളിപ്പുറം സെമിനാരിയുടെയും, പഠിപ്പിക്കലിന്റേയും ചുമതല ഏല്പ്പിച്ചിരുന്നത് ഒഴിവാക്കാൻ പറ്റുമായിരുന്നില്ല. ഈ പുതിയ സ്ഥലത്ത് ഞായറാഴ്ച പെരുന്നാളുകളിൽ പാട്ടുകുർബാന തുടങ്ങിയതു മുടക്കുവാനും പാടില്ല. ഇവിടുത്തെ പണികൾക്കായി ഒരാൾ ധർമ്മം തെണ്ടുവാൻ പോകാതിരിക്കുവാനും കഴിയുകയില്ല. ഇങ്ങനെയിരിക്കയിൽ ലത്തീൻപട്ടക്കാരും, കടപ്പുറത്തെ അഞ്ഞൂറ്റിക്കാരൊഴിച്ച് ശേഷമുള്ളവരായ എഴുന്നൂറ്റിക്കാരുടെ പത്ത് പള്ളിക്കാരും കൂടെ ഇവർക്കെതിരായി നീക്കങ്ങൾ തുടങ്ങി. കടപ്പുറത്തുകാരായ അഞ്ഞൂറ്റിക്കാർക്ക് പട്ടം കൊടുപ്പാനായിട്ട് പാസ്കൽ പാദ്രിയോടുകൂടെ മെത്രാനച്ചനെ ഇറക്കിക്കൊണ്ടു പോയത് പാലയ്ക്കലച്ചനും പോരൂർക്കരയച്ചനും മുഖാന്തിരമാണെന്നും അതുകൊണ്ട് ഇവരോടും ഇവരുടെ ശിഷ്യരോടും ഒരുകാര്യത്തിലും സഹകരിക്കരുതെന്ന നിശ്ചയമുണ്ടായി. അന്ന് വാരാപ്പുഴയിൽ പെരിയ ബഹുമാനപ്പെട്ട നിക്കോളാവൂസ് മൂപ്പച്ചൻ വികാരി ജെനറൽ ആയിരുന്നു. ഇദ്ദേഹത്തിനു പാലയ്ക്കൽ മൽപ്പാനുമായി വലിയ സ്നേഹമായിരുന്നെങ്കിലും, ഇക്കാര്യത്തിൽ പത്ത് പള്ളിക്കാരുടെ മനസ്സിൽ വിരോധം ഉണ്ടാക്കരുതെന്ന കരുതലോടെ ഒരുപക്ഷവും ചേരാതെ നിന്നിരുന്നെങ്കിലും ഈ സംഗതി മുഖാന്തിരത്താലെയോ, അദ്ദേഹത്തിന്റെ അപേക്ഷയാലോ പെ.ബെ. മൗറേലിയോസ് മെത്രാനച്ചൻ (സ്തബലീനി) റോമ്മാക്ക് പോകുവാനും പെ.ബെ. പ്രംസിസ്ക്കശവരിയാർ മെത്രാപ്പോലീത്താ കേരളത്തിലേക്ക് നിയോഗിക്കപ്പെടുവാനും കല്പന വന്നതിനാൽ പാലയ്ക്കലച്ചനും, പോരൂർക്കരയച്ചനും വളരെയധികം സങ്കടമുണ്ടായി. ഈ അച്ചന്മാർ രണ്ടുപേരുംകൂടി കൊച്ചച്ചന്മാരുമായി അർത്തുങ്കൽ ചെന്ന് മാറിപ്പോകുന്ന മെത്രാനച്ചനു കണ്ണീരോടെ വിടപറഞ്ഞു. അവിടെനിന്ന് തിരിച്ചുവരുന്നവഴി പാലയ്ക്കൽ മല്പ്പാൻ പള്ളിപ്പുറത്ത് തങ്ങുകയും പോരൂർക്കരയച്ചനും, ചാവറയച്ചനും കൂടി മാന്നാനത്തേക്ക് മടങ്ങുകയും ചെയ്തു. അക്കാലങ്ങളിൽ ചാവറയച്ചനും, കണിയാന്തറ യാക്കോബും ചേർന്ന് മാന്നാനത്ത് ചില പണികൾ നടത്തിക്കുകയും, പോരൂർക്കരയച്ചൻ പാലാ, ചേർപ്പുങ്കൽ, ഭരണങ്ങാനം എന്നിവിടങ്ങളിൽ രാപകൽ നടന്ന് ധർമ്മം തേടി കിട്ടുന്നത് മാന്നാനത്ത് എത്തിക്കുകയും ചെയ്തിരുന്നു.

പെ. ബെ. പ്രംസീസ്ക്കമെത്രാപ്പോലീത്തച്ചൻ ചുമതലയേറ്റപ്പോൾ പാലയ്ക്കലച്ചന്റെ ഉത്സാഹത്താൽ തന്റെ ശിഷ്യനായ പള്ളിപ്പുറംകാരൻ മംഗലത്ത് ചാണ്ടിയെ ഇദ്ദേഹത്തിന്റെ സെക്രട്ടറിയായി നിയമിച്ചു. അന്നുമുതൽ മെത്രാനച്ചനെകൊണ്ടും, കൊവേന്തയെക്കൊണ്ടും പല ആരോപണങ്ങൾ പുതിയ മെത്രാനച്ചനെ തെറ്റിദ്ധരിപ്പിക്കുവാൻവേണ്ടി എഴുന്നൂറ്റിക്കാരും മറ്റ് പലരും പരിശ്രമിച്ചിരുന്നു. എങ്കിലും ഇദ്ദേഹം മിഷനറി ആയിരിക്കുമ്പോൾ പാലയ്ക്കലച്ചനുമായി പരിചയം ഉണ്ടായിരുന്നതിനാൽ ഇതൊന്നും വിശ്വസിച്ചില്ലെങ്കിലും, കൊവേന്തയ്ക്ക് ആരനുവദിച്ചു എന്നും



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

എഴുത്താലെയുള്ള കല്പന ഉണ്ടോ എന്നും ചോദിച്ചപ്പോൾ മൗറേലിയോസ് മെത്രാനച്ചൻ കൊടുത്തിരുന്ന എഴുത്തുകൾ കാണിച്ചെങ്കിലും അനുകൂലമായോ പ്രതികൂലമായോ ഒന്നും കല്പിച്ചില്ല. പക്ഷെ ചാവറയച്ചൻ പള്ളിപ്പുറം പള്ളിയിൽ വികാരിയായിട്ട് പോകണമെന്ന് ഒരു കല്പനയുണ്ടായി. അതുമൂലം അച്ചന്മാർക്ക് വളരെയധികം സങ്കടമുണ്ടായി. എങ്കിലും മേൽപ്പട്ടക്കാരനെ അനുസരിക്കണം എന്ന അച്ചന്മാരുടെ അഭിപ്രായത്തിനു വഴങ്ങി ചാവറയച്ചന് പള്ളിപ്പുറം പള്ളിയുടെ വികാരിയായി ചുമതല ഏൽക്കേണ്ടിവന്നു. അക്കാലത്ത് പാലയ്ക്കലച്ചന്റെ ഒരനന്തിരവൻ വർക്കി കത്തനാരച്ചൻ പുത്തൻകുർബാനചൊല്ലിയതിനുശേഷം കൂടെക്കൂടെ മാന്നാനത്തിനു പോവുകയും ചാവറയച്ചനു പകരക്കാരനായി പള്ളിപ്പുറം പള്ളിയുടെ ചുമതലയേറ്റ് ചാവറയച്ചനെ മാന്നാനത്തിനു പോകാൻ സഹായിക്കുകയും ചെയ്തിരുന്നു. ഇങ്ങിനെയിരിക്കയിൽ ഇതിനെക്കാൾ സങ്കടകരമായ മറ്റൊരു സംഗതി ഉണ്ടായി. പോരൂർക്കരയച്ചൻ മാന്നാനം വിട്ട് കായംകുളം, പള്ളിത്തോപ്പ് ഇങ്ങനെ ലത്തീൻ റീത്തിലുള്ള പള്ളികളിൽ വികാരിയായിട്ട് പോകണമെന്ന് ഒരു കൽപന പുറപ്പെടുവിച്ചു. കല്പന കിട്ടിയപ്പോൾ പോരൂർക്കരയച്ചൻ പള്ളിപ്പുറത്തുവന്ന് പാലയ്ക്കലച്ചനുമായി ആലോചിച്ചു. മേൽപ്പട്ടക്കാരന്റെ കല്പന ദൈവത്തിന്റെ തിരുമനസ്സാകയാലും, ഇത് നമ്മുടെ ചൊല്ലുവിളി പരീക്ഷിപ്പാനായിട്ട് കല്പിച്ചതാണോ എന്ന് നിശ്ചയമില്ലാത്തതുകൊണ്ടും അനുസരിക്കുകയാണ് നല്ലതെന്ന് പാലയ്ക്കലച്ചൻ അഭിപ്രായപ്പെട്ടതനുസരിച്ച് പോരൂർക്കരയച്ചൻ ആദിക്കുകളിലേക്ക് പോയി. അനന്തരം പേ.ബെ. മെത്രാനച്ചൻ പാലയ്ക്കൽ മല്പാനോട് കൽപ്പിച്ച കാര്യങ്ങളെല്ലാം എത്രയും വലിയ കീഴ്വഴക്കത്തോടെ നിറവേറ്റുന്നതിനാലും, അപ്രകാരം തന്നെ പോരൂർക്കരയച്ചൻ കല്പനകേട്ട് തെക്കോട്ട് പോയി വികാരിത്വം നടത്തിയതിനാലും മെത്രാനച്ചനു വലിയ സന്തോഷവും താല്പര്യവും ആയിരുന്നു. അതിനിടയിൽ പോരൂർക്കരയച്ചൻ പള്ളിത്തോപ്പ് മുതലായ പള്ളികളിലെ വികാരിത്വം കഴിഞ്ഞ് തിരിച്ച് മാന്നാനത്തുവന്നു. തിരിച്ചുവരുന്നവഴിക്ക് അദ്ദേഹം കൊല്ലത്തുനിന്ന് മരപ്പണിയും കല്പ്പണിയും അറിയാവുന്ന പണിക്കാരനെ കൊണ്ടുവന്നു. അയാൾ പള്ളിക്കും പള്ളിക്കു വടക്കോട്ടുള്ള മുറികൾക്കും അടിത്തറയിട്ട് പണികൾ തുടങ്ങി.

## 9. മാന്നാനം സെമിനാരിയുടെ ഉത്ഭവം

ഇക്കാലത്ത് പാലയ്ക്കലച്ചന്റെ കൂടെ പഠിക്കുന്നവരിൽ അതിരമ്പുഴക്കാരൻ ആലഞ്ചേരിയെന്നും, വലിയപറമ്പൻ എന്നും രണ്ട് ശെമ്മാശ്ശന്മാർ പാലയ്ക്കലച്ചൻ എപ്പോഴും മാന്നാനത്തു വരുന്നതുകൊണ്ടും അവർക്ക് മാന്നാനം അടുത്തായതുകൊണ്ടും അവിടെനിന്നുകൊണ്ട് അച്ചന്റെകൂടെ പഠനം തുടരാമല്ലോ എന്നും കരുതി മാന്നാനത്ത് താമസമാക്കി. ഇതിനെച്ചൊല്ലി പാലയ്ക്കലച്ചനും പോരൂർക്കര



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

യച്ചനും തമ്മിൽ അഭിപ്രിയ വ്യത്യാസം ഉണ്ടായി. പാലയ്ക്കലച്ചനു പഠിത്തവും ശെമ്മാശ്ശന്മാരും കൂടെ വേണം, അല്ലാഞ്ഞാൽ പള്ളിക്കടുത്ത ശുശ്രൂഷ ആഘോഷമായി ചൊല്ലുവാനും, ജനങ്ങൾക്ക് നമ്മുടെമേൽ താല്പര്യം ഉണ്ടാകുവാനും, കൊവേന്തക്ക് ആളുകളെ കിട്ടുവാനും സാധ്യത കുറയും. ആകയാൽ സെമിനാരിയും പഠിത്തവും ഒരുഭാഗത്തും, കൊവേന്ത മറ്റൊരു ഭാഗത്തും ആയിരിക്കുകയാണ് വേണ്ടതെന്നായിരുന്നു പാലയ്ക്കലച്ചന്റെ അഭിപ്രായം. എന്നാൽ സെമിനാരിയായിട്ട് പഠിപ്പിച്ചുവന്ന പല സ്ഥലങ്ങളും കാലദൈർഘ്യത്താൽ നശിക്കുന്നതാണു കാണുന്നതെന്നായിരുന്നു പോരൂർക്കരയച്ചന്റെ അഭിപ്രായം. തന്നെയുമല്ല ഇവരെ ചൊവ്വേ വളർത്തിക്കൊണ്ടുപോകുന്നതിനു പ്രയാസമുണ്ടാവുകയും കൊവേന്തയെന്ന വാക്ക് വച്ചതിനാൽ ദൈവശരണമല്ലാതെ മാനുഷശരണം നോക്കുകയാൽ വിപരീതമാകുമെന്നും പോരൂർക്കരയച്ചൻ അഭിപ്രായപ്പെട്ടു. എങ്കിലും പോരൂർക്കരയച്ചൻ പാലയ്ക്കലച്ചന്റെ മനസ്സിനും ആഗ്രഹത്തിനും കീഴ്വഴങ്ങി. അതുകൊണ്ട് ശെമ്മാശ്ശന്മാർ മാന്നാനത്തു തന്നെ താമസമാക്കി. ഇതിനിടയിൽ വടക്കോട്ടുള്ളു മുറിയുടെ താഴത്തെ നിലയുടെ പണി തീർത്ത് അവിടെ താമസിക്കാറായി. ഈ സമയത്ത് പാലയ്ക്കലച്ചനു അർശസിന്റെ അസുഖം കൊണ്ട് മാന്നാനത്തെ തണുത്ത കാറ്റിൽ വന്ന് താമസിക്കാൻ പ്രയാസമായതിനാൽ അധികസമയവും പള്ളിപ്പുറത്തുതന്നെ താമസിച്ചു. അധികം താമസിയാതെ മുകൾതട്ടിലും താമസിക്കാറായി. ഇക്കാലത്ത് പുതിയതായി ചിലരൊക്കെ പഠിക്കാനായി വന്നുകൊണ്ടിരുന്നു. ഒരു മുഴുവൻ ധ്യാനം നടത്തിയശേഷം കൊവേന്തയിൽ ചേർന്ന് പഠിക്കാൻ താൽപര്യമുള്ളവർ അറിയിക്കണമെന്നും അവർ മുകളിലത്തെ നിലയിലും ബാക്കിയുള്ളവർ താഴത്തെ നിലയിലും താമസിക്കണമെന്ന് പോരൂർക്കരയച്ചൻ നിഷ്ക്കർഷിച്ചു. ഇതിൽ ചിലർക്ക് അമർഷമുണ്ടായി. അവർ പാലയ്ക്കലച്ചനെ കണ്ട് പോരൂർക്കരയച്ചൻ ഞങ്ങൾ സെമിനാരിക്കാരെ താഴെയിറക്കിയെന്നും മറ്റുള്ളവരെ മുകളിൽ കയറ്റി താമസിപ്പിച്ചു എന്നും മറ്റും പരാതിപ്പെട്ടു. എന്നാൽ പാലയ്ക്കലച്ചൻ ഇത് കാര്യമാക്കിയില്ലെന്ന് മാത്രമല്ല, ശേഷിക്കുന്ന പണികൾ എത്രയുംവേഗം തീർക്കാൻ ഉത്സാഹിക്കുകയാണ് വേണ്ടതെന്നു പറഞ്ഞു ചാവറയച്ചനെ മാന്നാനത്തിനു പറഞ്ഞയച്ചു. അതിനുശേഷം ചാവറയച്ചൻ ആരക്കുഴ, മയിലക്കൊമ്പ്, കാരക്കുന്നം, കോതമംഗലം മുതലായ സ്ഥലങ്ങളിൽ പോയി ധർമ്മം തേടുകയും തടികൾ വാങ്ങി എറിപ്പിച്ച് ചങ്ങാടമാക്കി വർഷം തുടങ്ങുമ്പോൾ കൊണ്ടുപോകത്തക്കവണ്ണം ഇടപാടു ചെയ്ത് മാന്നാനത്തേക്ക് മടങ്ങുകയും ചെയ്തു. തുടർന്ന് കൂടുതൽ തടികൾക്കായി കണിയാന്തറ യാക്കോബിനെ ഇവിടങ്ങളിലേക്ക് അയച്ചു. ഈ കാലങ്ങളിൽ പാലയ്ക്കലച്ചനു ദീനം കൂടുതലാകയാൽ ചാവറയച്ചൻ മാന്നാനത്തും പള്ളിപ്പുറത്തുമായി കഴിയുന്നതിനിടയിൽ 1841 മകരം 16-ാം തീയതി സെമിനാരിയുടെ മൽപ്പാനും, സഭയുടെ സ്ഥാപകനുമായ പാലയ്ക്കൽ തോമ്മാ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മൽപ്പാൻ മരിച്ചു. മെത്രാനടുത്ത രീതിയിലുള്ള ശവസംസ്കാരമാണു അന്ന് നടന്നത്. അക്കാലത്ത് വൈദികർ മരിച്ചാൽ പള്ളിക്കകത്ത് ശവസംസ്കാര നടത്തുന്ന പതിവുണ്ടായിരുന്നു. എന്നാൽ മെത്രാൻ പദവിയിലെത്തിയ ഒരാളെ മദബഹായിലാണ് അടക്കം ചെയ്തിരുന്നത്. പാലയ്ക്കൽ മല്പാനച്ചൻ മരിച്ച ആ രാത്രിയിൽ പള്ളിപ്പുറത്ത് കൂടിയവരെല്ലാം കൂടി തീരുമാനിച്ചത് അദ്ദേഹത്തിന്റെ ഭൗതിക ശരീരം മെത്രാനടുത്ത ബഹുമതികളോടെ മദബഹായിൽ തന്നെ അടക്കംചെയ്യാനാണ്. 1832ൽ അധികാരമേറ്റ ഫ്രാൻസിസ്കോ ശൗരിയാർ മെത്രാന് പ്രാരംഭത്തിൽ മറ്റുള്ളവരുടെ ദുഷ്പ്രേരണയാൽ കൊവേന്ത സ്ഥാപന സംരംഭങ്ങളോട് എതിർപ്പു പ്രകടിപ്പിച്ചിരുന്നു എങ്കിലും തുടർന്നുള്ള കുറച്ചുകാലത്തെ സമ്പർക്കത്തിൽ നിന്ന് പാലയ്ക്കലച്ചനോടുള്ള സ്നേഹാദരവുകൾ ഉന്നത നിലവാരത്തിൽ എത്തിയിരുന്നതുകൊണ്ടാണ് അദ്ദേഹത്തെ മദബഹായിൽ തന്നെ അടക്കം ചെയ്യുവാൻ കല്പന നൽകിയത്. കബറടക്കത്തിന് പള്ളിപ്പുറം, മുട്ടം, വെച്ചൂർ, തത്തംപള്ളി, ആലപ്പുഴ, ചേന്നംകേരിൽ, ചമ്പക്കുളം, എടത്വാ എന്നിവിടങ്ങളിൽ നിന്നുള്ള 8 ദർശന സമൂഹങ്ങൾ പങ്കെടുത്തു. കൂടാതെ തൈക്കാട്ടുശ്ശേരി, ചെമ്പ്, പറവൂർ, കടുത്തുരുത്തി, മുട്ടുചിറ, കുടമാളൂർ ഇങ്ങനെയാള്ള ഇടവകകളിൽ നിന്ന് കുരിശുകളും കുടകളുമായി വളരെപേർ എത്തിയിരുന്നു. തുടർന്ന് 41 വരെ ദിവസേന അവിടെ റാസ ചൊല്ലി.

## 10. പാലയ്ക്കൽ തോമ്മാമൽപ്പാനെക്കുറിച്ചുള്ള വിവരങ്ങൾ എഴുതി സൂക്ഷിക്കാൻ ചാവറയച്ചനെ ചുമതലപ്പെടുത്തിയ പെ. ബ. ലെയോപ്പാൾദ് എന്ന മൂപ്പച്ചന്റെ ദീർഘവീക്ഷണം.

പാലയ്ക്കൽ തോമ്മാമൽപ്പാനച്ചൻ വരാപ്പുഴയിലെ വികാരി അപ്പസ്തോലിക്കായുടെ സെക്രട്ടറിയായിരുന്നപ്പോൾ അദ്ദേഹം നടപ്പിൽ വരുത്തിയ സഭാ പരിഷ്ക്കരണ സംരംഭങ്ങളെക്കുറിച്ചും, വരാപ്പുഴയിൽ നിന്ന് സെക്രട്ടറി സ്ഥാനം രാജിവച്ച് പള്ളിപ്പുറത്ത് തിരിച്ചെത്തി സെമിനാരി തുടങ്ങി. വൈദിക പരിശീലനം നടത്തിയിരുന്നതിനെക്കുറിച്ചും, അദ്ദേഹത്തിന്റെ നിത്യ സ്വപ്നമായിരുന്ന താമസ ഭവനത്തിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചതിനെക്കുറിച്ചും അദ്ദേഹത്തിന്റെ അരുമ ശിഷ്യനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചൻ സ്വന്തമായി എഴുതി ഉണ്ടാക്കിയിട്ടുള്ള നാളാഗമ ചരിത്രങ്ങൾ ആധികാരികരേഖകളാണ്. പാലയ്ക്കൽ തോമ്മാമൽപ്പാന്റെ ജീവചരിത്രം എഴുതാൻ ഉണ്ടായ പശ്ചാത്തലം ചാവറയച്ചൻ തന്നെ വിവരിക്കുന്നുണ്ട്. ചാവറയച്ചനെ പതിനൊന്നാം വയസ്സിൽ കൂട്ടിക്കൊണ്ടുവന്ന് കൂടെനിറുത്തി പഠിപ്പിച്ചു വൈദികനാക്കി. താൻ തുടങ്ങിവച്ച കൊവേന്ത സ്ഥാപനത്തിന്റെ ചുമതല ഏൽപ്പിച്ചിട്ട് 1841-ൽ പള്ളിപ്പുറം സെമിനാരിയുടെ മൽപ്പാനായിരിക്കെ മരണപ്പെട്ടതിനു



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ശേഷം മാന്നാനത്തെ കൊവേന്ത പണിപൂർത്തിയാക്കിയതിനും, തുടർന്ന് കൂനമ്മാവിൽ പുതിയ കൊവേന്ത സ്ഥാപിച്ചതിനും ശേഷം, കൂനമ്മാവിൽ കഴിയുന്ന അവസരത്തിൽ പാലയ്ക്കൽ തോമ്മാമൽപ്പാന്റെ ജീവചരിത്രം എഴുതുവാൻ അദ്ദേഹത്തിനുണ്ടായ നിർദ്ദേശത്തെക്കുറിച്ച് ചാവറയച്ചന്റെ നാളാഗമത്തിലെ വാചകങ്ങൾ തന്നെ ഇവിടെ ചേർക്കുന്നു.

"ഈശോമറിയം യൗസേപ്പു തുണ. അമലോൽഭവ കർമ്മലമാതാവിന്റെ ശുശ്രൂഷകളായ കർമ്മലീത്താ ദിൻക്കാസ മൂന്നാം സഭക്കാരായിട്ട എത്രയും പെ. ബെബർണദിനൊസദെസംതാത്രേസ്യാ എന്ന മാലയാളത്തിന്റെ വിഗാരി അപ്പസ്തോലിക്ക ആയ മെത്രാപ്പോലീത്താച്ചൻ 1855-ാം കാലം ധനുമാസം 8-ാം തീയതി പെ. ബ. മർസ്സിനൊസ എന്ന മിസ്യൊണാരി അപ്പസ്തോലിക്ക എന്ന ദേഹത്തിനെ മന്നാനത്ത കൊവേന്തയിൽ അയച്ചു. അദ്ദേഹത്തിന്റെ കയ്യാൽ ഞാൻ കുറിയാക്കോസ് എളിയ പറഞ്ഞൊപ്പും കൈക്കൊണ്ട മറ്റുള്ളവര എന്നാലയും പറഞ്ഞൊപ്പുംകൈക്കൊണ്ടാ. വീണ്ട കൂനമ്മാവും കർമ്മെൽ അരണാട്ടുകരയിങ്ങനെ മറ്റ് ചില കൊംവെന്തകളുമുണ്ടായി. എന്നതിൽ കൂനമ്മാവു എന്ന ഈ കൊംവെന്ത പുത്തൻ സന്യാസികളുടെ കൊംവെന്തയായിട്ട് നിയമിച്ച ആയതിനാൽ എത്രയും പെ. ബ. ലെയോപ്പാൾദ് എന്ന മൂപ്പച്ചൻ പുത്തൻ സന്യാസികളുടെ ഗുരുവും കൊമെന്തകൾക്കു ഒക്കെയും വിഗാരി പ്രവിൻസിയാൾ ആകുന്ന പെ. ബ. മെത്രാപ്പോലിത്തച്ചന്റെ പേർക്കുള്ള ദെലഗാദ ആയിട്ടും കല്പിച്ചു. അദേഹം ഭരണം നടത്തി വരുമ്പോൾ 1864 മകരം 12ആം തീയതി ഞാനും ഈ കൂനമ്മാവു വന്ന പാർത്തിരിക്കയിൽ ഈ 12-ാം തീയതി 8 മണിക്ക് കൊംവെന്തയിൽ കൂടിയിരിക്കുന്നവരുടെയും മരിച്ചപൊയവരുടെയും പേരും നാടും ഇടവക മുതലായ ചില വിവരങ്ങളും ചോദിപ്പാനായിട്ട് എന്നെ അദ്ദേഹത്തിന്റെ മുറിയിൽ വിളിച്ചു ചോദിച്ചപ്പോൾ നമ്മുടെ കൊംവെന്തക്ക് അടിസ്ഥാനക്കാരനായ പെ. ബ. പള്ളിപ്രത്ത മൽപ്പാനച്ചന്റെ പേരും വിവരവും ചോദിച്ചപ്പോൾ ഞാൻ അറിഞ്ഞിരിക്കുന്ന ചില വർത്തമാനങ്ങൾ പറഞ്ഞപ്പോൾ നമ്മുടെ കാർണവൻ ആയിരിക്കയാലും ആദേഹം ഏറിയ വെലകൾ ഒക്കയും ചെയ്തിരിക്കകൊണ്ടും പിൻവരുന്നവർക്ക് ഒരോർമ്മയുണ്ടാകുവാനായിട്ട് ഈയാളിന്റെ വർത്തമാനങ്ങൾ അറിയുന്നതൊക്കെയും ഒന്നു എഴുതിക്കണമെന്നും ആയതിന്നവെണ്ടിയ ഒത്താശകൾ ഒക്കെയും ഞാൻ ചെയ്യാമെന്നും പെ. ബ. മൂപ്പച്ചൻ കൽപ്പിച്ചു.

അപ്പോൾതന്നെ കടലാസു എടുത്തു നമ്മുടെ പൈതങ്ങളിൽ ആനക്കല്ലുങ്കൽ മിനാട്ടൂർ മണുവെൾ എന്ന കൊച്ചശമ്മാശിനെകൊണ്ട് കടലാസും വരപ്പിച്ച ഒരെഴുത്തുകാരനെയും തന്നുകൊള്ളാമെന്ന് കല്പിച്ചതിനാൽ ഈ കാര്യം നിറവേറ്റുവാൻ ഇനിക്ക എത്രയോ കടമായിരിക്കുന്നു. അതെന്ത്യെ ഈ വർത്തമാനം കെട്ടതിനാൽ ആദെഹത്തിനെ ഓർപ്പാനും മറ്റവരുടെ കണ്ടപിടിത്ത്വത്തിന്നും ഈദേഹ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ത്തിന്റെ വർത്തമാനങ്ങളെ എഴുതി ഇടണമെന്നും ആയതിന എന്നാൽ വെണ്ടുന്ന സഹായങ്ങളെ ചെയ്യാമെന്നു കല്പിച്ചപ്പോൾ പൈതപ്രായ മുതൽ ആത്മത്തിന്നടുത്തതും ശരീരത്തിനടുത്തതുമായ രണ്ട് സങ്ങതികളിലും ആദെഹം തന്നെ അന്വേഷിച്ച നടത്തി പിടിപ്പിച്ചു വളർത്തി. അദേഹത്തിന്റെ മരണം വരയും മാംസത്തിനടുത്ത സമ്മന്തക്കാരിലും അരൂപിക്കടുത്ത മക്കളായ ശിഷ്യരിലും അതികമായിട്ടുള്ള താല്പര്യവും എന്റെ മെൽവച്ചാ ആദെഹത്തിന്റെ സമ്പത്തിന്നവകാശി എന്നതുപോലെ താൻ താല്പര്യം വച്ച സ്നേഹിച്ചു വന്ന സമ്പത്തായ ഈ കൊംവെന്തയുടെ വെലയ്ക്കും എന്നെ ശുമതലപ്പെടുത്തിയും വച്ച മരിയ്ക്കയും ചെയ്തു. ഈ വണ്ണമുള്ള ഉപകരണങ്ങൾഒക്കെയും കൈക്കൊള്ളപ്പെട്ടവനായിരിക്കുന്നതിനാൽ ഈ വെലചെയ്വാൻ കടമായിരിക്കുന്നു. എന്നാൽ ഈ എഴുത്തുവാൻ പൊകുന്ന സങ്ങതികൾ ഒക്കെയും കണ്ണുകൊണ്ട് കണ്ടതായിട്ടും വിശ്വാസമുള്ളവരിൽ നിന്നും കേട്ടതായിട്ടും ഈദെഹത്തിന്റെ വാക്കാൽ തന്നെ പറഞ്ഞു കെട്ടതായിട്ടും ഉള്ളതത്രെയാകുന്നു. ഈ വണ്ണം എഴുതുന്നു എംകിലും ഞാൻ അറിയാത്തതായ മറ്റും പലവിവരങ്ങളും ഉണ്ടായിരിക്കും. എംകിലും ഞാൻ അറിഞ്ഞിട്ടുള്ളതും ആയതിനാൽ എന്റെ ഓർമ്മയിൽ വരുന്നതും ആയ സംഗതികൾ മാത്രം ഇവിടെ കാണിക്കുന്നു."

## 11. പാലയ്ക്കൽ തോമ്മാമൽപ്പാന്റെ ജീവചരിത്രം

*(വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിന്റെ നാളാഗണത്തിൽ നിന്നുള്ള വസ്തുതകൾ ഭാഷാ പുരോഗതി ചേർത്ത് എഴുതിയത്.)*

തെക്കൻ പള്ളിപ്പുറം പള്ളിയുടെ കിഴക്കേ അങ്ങാടിയിൽ വടക്കുഭാഗത്തുള്ള പാലയ്ക്കൽ തറവാട്ടിലാണ് പാലയ്ക്കൽ തോമ്മാമൽപ്പാനച്ചൻ 1780-ൽ ജനിച്ചത്. ഇദ്ദേഹത്തിന്റെ മുത്തപ്പനായി വർഗ്ഗീസ് കത്തനാരും, ഇളയപ്പനായി മാത്തുകത്തനാരും ഉണ്ടായിരുന്നു. 1599-ലെ ഉദയംപേരൂർ സൂനഹദോസിനു മുൻപ് വൈദികർ കുടുംബസ്തരായിരുന്നു. വൈദ്യന്റെ മൂത്തമകൻ വൈദ്യൻ ആകുന്നതുപോലെ വൈദികന്റെ മൂത്തമകൻ വൈദികൻ ആകുമായിരുന്നിരിക്കണം. തോമ്മാച്ചന്റെ പിതാവിന്റെ കാലമായപ്പോൾ ബ്രഹ്മചര്യം നിലവിൽ വന്നതുകൊണ്ടും മൂത്തമകൻ അന്നത്തെ നാട്ടുനടപ്പനുസരിച്ച് നന്നേ ചെറുപ്പത്തിൽ തന്നെ വിവാഹിതൻ ആയിരുന്നതുകൊണ്ടുമാകാം ഇളയമകൻ മാത്തു കത്തനാരായത്. ആദികാല ക്രൈസ്തവ കുടുംബങ്ങളിൽ ചിലതിന് പകലോമറ്റം കുടുംബത്തിന് നൽകിയിരുന്ന അർക്കദിയാക്കോൻ സ്ഥാനം പോലെ, പൗരോഹിത്യ അവകാശം അപ്പസ്തോലനാൽ നൽകപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ പൗരോഹിത്യ അവകാശം ലഭിച്ച ഒരു കുടുംബമാണ് പാലയ്ക്കൽ കുടുംബമെന്ന് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എഴുതിയ നാളാ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഗമത്തിൽ നിന്നും വ്യക്തമാണ്. ഈ മാത്തുക്കത്തനാരുടെ ജ്യേഷ്ടസഹോദരനാണു പാലയ്ക്കൽ മൽപ്പാനച്ചന്റെ പിതാവെന്നു പറയുന്നതല്ലാതെ അദ്ദേഹത്തിന്റെ പേരെഴുതാനുള്ള സ്ഥലം ചാവറയച്ചൻ നാളാഗമത്തിൽ ഒന്നുമെഴുതാതെ ഇട്ടിരിക്കുകയാണ്. മൽപ്പാനച്ചന്റെ അമ്മ ചമ്പക്കുളത്ത് കല്ലൂർക്കാട് പള്ളി ഇവടകയിൽ പള്ളിയുടെ തെക്കേ അങ്ങാടിയിൽ പുത്തൻപുരയ്ക്കൽ എന്ന് പേരുള്ള വീട്ടിൽ ജനിച്ചവളാണു. അക്കാലങ്ങളിൽ പാലയ്ക്കൽ കുടുംബം ഒരുവിധം ദ്രവ്യവും, മാനവുമുള്ളവരത്രെ എന്നാണ് ചാവറയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത്. മൽപ്പാനച്ചന്റെ ചെറുപ്രായത്തിൽ മലയാളവർഷം 965 കാലത്ത് മാരകമായ വസ്സൂരിയും പഞ്ഞവും ഉണ്ടാവുകയും പല കുടുംബങ്ങളിലെയും കാരണവന്മാരിൽ പ്രാപ്തിയുള്ളവർ മരിക്കുകയും, പല പൗരാണിക കുടുംബങ്ങളും സാമ്പത്തിക കഷ്ടതകൾ അനുഭവിക്കേണ്ടി വരുകയും ചെയ്തിട്ടുണ്ട്. ഈ വസന്തകാലത്ത് ഇദ്ദേഹത്തിന്റെ പിതാവും മരിയ്ക്കുകയും തുടർന്നുണ്ടായ മറ്റ് ചില ആപത്തുകളും മൂലം പാലയ്ക്കൽ കുടുംബത്തിന്റെ സാമ്പത്തിക ശേഷി നശിക്കുകയും, വളരെ ഞെരുക്കത്തിൽ കഴിയേണ്ടി വരുകയും ചെയ്തു.

പിതാവിന്റെ മരണശേഷം രണ്ട് ആണ്മക്കളേയും രണ്ട് പെൺമക്കളേയും വളരെ ബുദ്ധിമുട്ടിയാണ് ഇവരുടെ അമ്മ വളർത്തിക്കൊണ്ടുവന്നത്. ഭക്തിക്കാര്യങ്ങളിൽ അതീവ തല്പരയായിരുന്ന അമ്മയുടെ കൂടെ വളർന്ന തോമ്മച്ചനും വലിയ ഭക്തനായിരുന്നു. അക്കാലത്ത് കുത്യതോട്ടിൽ നിന്ന് തച്ചിൽ എബ്രഹാം മൽപ്പാൻ താൻ പഠിപ്പിച്ചിരുന്ന വൈദിക വിദ്യാർത്ഥികളുമായി പള്ളിപ്പുറത്തു വന്നു താമസിച്ച് വൈദിക പരിശീലനം നടത്തുന്ന എന്നറിഞ്ഞ് പാലയ്ക്കൽ തോമ്മാച്ചൻ അദ്ദേഹത്തെ ചെന്നുകണ്ട് അദ്ദേഹത്തിന്റെ കീഴിൽ വൈദിക പരിശീലനം തുടങ്ങി. സാമ്പത്തിക പരിധീനതകൊണ്ട് വീട്ടിൽ നിന്ന് അമ്മ കൊടുക്കുന്ന ഭക്ഷണം കഴിച്ചാണ് മറ്റ് ശെമ്മാശ്ശന്മാരോടൊപ്പം പഠിച്ച് പട്ടമേറ്റത്. ഇദ്ദേഹം കുർബാന ചൊല്ലുന്നതിന് കുറച്ചു ദിവസം മുൻപ് അമ്മയും മരിച്ചു. ഒരു ജ്യോഷ്ടനും രണ്ട് പെങ്ങൾമാരും ഉള്ളതിൽ മൂത്ത പെങ്ങളെ കെട്ടിയവൻ സ്വഭാവക്കേടുകാരനായി ഭാര്യയെ രക്ഷിക്കാഞ്ഞതിനാൽ ആ പെങ്ങളും വീട്ടിൽ വന്ന് പാർത്തിരുന്നു. അമ്മയുടെ മരണശേഷം ഈ പെങ്ങളാണ് തോമ്മാച്ചനുവേണ്ട ഭക്ഷണം ഉണ്ടാക്കിക്കൊടുത്തിരുന്നത്. ഇദ്ദേഹത്തിന്റെ ജ്യേഷ്ടൻ പ്രാപ്തിയില്ലാത്തവൻ ആയിരുന്നതുകൊണ്ട് ഇദ്ദേഹം കുർബാന ചൊല്ലിയ നാളുമുതൽ ഇദ്ദേഹത്തിന്റെ സഹായത്താലത്രെ വീട്ടിലെ ചിലവുകൾ നടത്തിയിരുന്നത് എന്നാണ് നാളാഗമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പാലയ്ക്കൽ മൽപ്പാനച്ചന്റെ ഭക്ഷണരീതിയേയും നോമ്പും ഉപവാസത്തേയും കുറിച്ച് ചാവറയച്ചൻ വിവരിച്ചു തന്നെ നാളാഗമത്തിൽ എഴുതിയിട്ടുണ്ട്. അത് അദ്ദേഹത്തിന്റെ ഭാഷയിൽതന്നെ :-

"എന്നാൽ ഈ ദേഹം കുർബാന ചൊല്ലിയപ്പോൾ തുടങ്ങി (എന്ന്തോന്നുന്നു) ഞങ്ങൾ



www.TheCMSIndia.org

പഠിപ്പിപ്പാൻ ചെല്ലുമ്പോഴും അങ്ങനെതന്നെ. അതായത് ദിവസവും ഒരു നേരമായിട്ട് ഉച്ചക്കുമാത്രം ചോറുണ്ണും വൈകിട്ട് കുറെ കഞ്ഞി, കാലത്ത് ഒന്നുമില്ല, ഇങ്ങിനെ ഏറെനാൾ, എത്രകാലമെന്ന് തിട്ടമില്ല. പിന്നെ ഒരു ജ്വരം കഠിനമായിട്ടുവന്നു. അപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പു വൈദ്യൻ ശക്തിയായി പറഞ്ഞതിനാൽ അന്നുമുതൽ കാലത്ത് കഞ്ഞികുടിച്ചു തുടങ്ങി. എന്നാൽ വരാപ്പുഴ സെക്രട്ടറിയായിട്ട് പാർത്തിരുന്ന അവിടെയും ഇങ്ങനെതന്നെയായിരുന്നു. അവിടെവച്ച് തുടങ്ങിയോ ആയതിനും മുൻപ് ഇങ്ങനെതന്നെയോ എന്ന് നിശ്ചയമില്ല. എന്നാൽ ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോഴും ഈ ചട്ടമായിരുന്നു. എന്ന് തന്നെയുമല്ല വീട്ടിൽ നിന്നത്രേ ചോറുകൊണ്ടുവരുന്നത്. എന്നാൽ മേലെഴുതിയതിൻവണ്ണം വീട്ടിൽ ഞെരുക്കംതന്നെ. ആയതിനാലുള്ള ഞെരുക്കംകൊണ്ടോ, വേണ്ട എന്നു വച്ചിട്ടോ അതായത് ഇദ്ദേഹം ഒരു നേരമായ ഉച്ചയ്ക്കുള്ള ചോറും ഒരു കറിയും മാത്രമേയുള്ളു. ആയതും ഒരു സാധനം തന്നെ. അതായത് ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോൾ ചോറും പയർ പുഴുങ്ങി നല്ല മുളകും പൊടിച്ചിട്ട് ഉലർത്തിയതും ഒരു കറിയും മോരും. ചിലപ്പോൾ നിജമില്ല. ഈ ചോറും കറിയും തന്നെ ചെറിയ ചെമ്മീൻ മേൽപ്രകാരം ഉലർത്തിയതും ഇങ്ങിനെയും. ഇങ്ങിനെ ഏറിയനാൾ കണ്ടു. പിന്നെ ഒന്നു പകർന്നു. ഇതായത് ഈ ചോറും കറിയും അതോടുകൂടി ചെറിയ ചെമ്മീൻ മേൽപ്രകാരം ഉലർത്തിയതും ഇങ്ങിനെയും ഏറിയനാൾ അതായത് മേലെഴുതിയ വൈദ്യന്റെ പ്രമാണംവരെ.ആയതുകഴിഞ്ഞാറേയും ഈ പെങ്ങളുടെ പെരുമാറ്റവും അവരു കൊടുത്തയക്കുന്നതുമാത്രം അനുഭവിച്ചുപോന്നു."

ഒരു യോഗിയുടെ ഭക്ഷണക്രമമാണു മുകളിൽ ചാവറയച്ചൻ വിവരിച്ചിരിക്കുന്നത്. സെക്രട്ടറിയായി അരമനയിൽ യൂറോപ്യന്മാരൊത്ത് കഴിഞ്ഞ നാളിലും ഒരു നേരം മാത്രം അതും വളരെ ലളിതമായ ഭക്ഷണം ശീലിച്ച പാലയ്ക്കൽ മൽപ്പാനച്ചനു ഭക്ഷണം തന്നെ ഒരു പ്രശ്നമായിരുന്നില്ല. തന്റെ അരുമശിഷ്യർ പ്രഭാതഭക്ഷണം കഴിക്കുമ്പോഴും ക്ലാസെടുക്കേണ്ട പ്രൊഫസർ പട്ടിണിയായിട്ട് ദൂരെയിരിക്കുന്നത് എത്രയോ നാൾ ചാവറയച്ചൻ കണ്ടിരിക്കുന്നു. ഇതുതന്നെയല്ലേ വിശുദ്ധർക്കടുത്ത നോമ്പും ഉപവാസവും. ഇങ്ങിനെ സ്വർണ്ണത്തിനു സുഗന്ധം കൂടിച്ചേർന്നാലെന്നതുപോലെ വിജ്ഞാനത്തിന്റെ ഭണ്ഡാകാരമായ മൽപ്പാനച്ചനു വിശുദ്ധികൂടിച്ചേർന്ന് ജീവിക്കുന്ന ദൈവത്തിന്റെ മനുഷ്യനായി ജീവിച്ച് മാതൃക നൽകിയവനായിരുന്നു പാലയ്ക്കൽ മല്പ്പാൻ. തന്നോടടുക്കുന്നവരെ, ദൈവത്തിലേക്കടുപ്പിക്കുന്ന ഈ മഹാത്മാവ് ഓട്ടം പൂർത്തിയാക്കാനുള്ള ദിവസം ആഗ്രഹത്തോടെ പാർത്തിരിക്കുകയായിരുന്നു.

# വിശുദ്ധനെ വാർത്തെടുത്ത കൈകൾ

റവ. ഫാ. ജോൺ റോമിയോ പട്ടശ്ശേരി സി.എം.ഐ.

(തേവര ജനത സർവ്വീസസ് പ്രസിദ്ധീകരിച്ച പുണ്യചരിതനയ പാലയ്ക്കൽ തോമ്മാ മല്പാൻ എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തത്)

കൈനകരിയിലെ കരിയിൽ നിന്നും കുളിപ്പിച്ചെടുത്ത അനർഘമുത്തായിരുന്നു ചാവറയച്ചൻ. ഒരു വിധത്തിൽ പറഞ്ഞാൽ ചാവറയച്ചന്റെ മാതാപിതാക്കളോടു യുദ്ധം ചെയ്തു സമ്പാദിച്ചതായിരുന്നു ചാവറയെന്ന നിധി. പത്തുവയസ്സുകാരൻ ബാലനായി തന്റെ കൂടെ പള്ളിപ്പുറത്തേയ്ക്കു പോരുമ്പോൾ താൻ കാണിച്ചുതരുന്ന നാട്ടിലേയ്ക്ക് എല്ലാം ഉപേക്ഷിച്ചു പോരുവാൻ ദൈവം പറഞ്ഞിട്ട് അതനുസരിച്ച് പുറപ്പെടുന്ന അബ്രാഹത്തെപ്പോലെയായിരുന്നു ചാവറ കുര്യാക്കോസ്. പക്ഷെ ഈ മുത്തിനെ വിലകൂടിയ മുത്താക്കാൻ പാലയ്ക്കലച്ചൻ തന്റെ ജീവിതകാലം മുഴുവൻതന്നെ വിനിയോഗിച്ചിരുന്നു എന്നുപറയാം.

പാലയ്ക്കൽ മല്പാനായിരുന്നു കൊച്ചു കുര്യായ്ക്ക് അപ്പനും അമ്മയും ജ്യേഷ്ഠനുമെല്ലാം. പ്രാർത്ഥിക്കുന്ന രീതി മുതൽ ഉന്നതമായ ദൈവവിജ്ഞാനീയം വരെ മല്പാനിൽനിന്നും കുര്യാക്കോസിനു കിട്ടിയതായിരുന്നു. തന്റെ നാളാഗമത്തിൽ അല്പം ദീർഘമായിത്തന്നെ തന്റെ ഗുരുഭൂതനെക്കുറിച്ച് വാഴ്ത്തപ്പെട്ട ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. മല്പാനച്ചനെക്കുറിച്ച് പറയുന്നിടത്തെല്ലാം 'ഇ:ദെ' എന്ന പൂജ്യനാമം ഉപയോഗിക്കുന്നതല്ലാതെ മല്പാനച്ചനെന്നോ ഗുരുഭൂതനെന്നോ ഒരിടത്തും ഉപയോഗിച്ചു കാണുന്നില്ല. കുര്യാക്കോസച്ചന്റെ ഉള്ളിലുണ്ടായിരുന്ന ഗുരുഭക്തിയുടേയും കടപ്പാടിന്റേയും ഉദാത്തഭാവമായിരുന്നു ഇതെന്നു നമുക്ക് അനുമാനിക്കാം. കൊച്ചുശിഷ്യനു പ്രത്യേക നിർദ്ദേശങ്ങൾ കൊടുക്കുവാനും പണ്ഡിതനായ വൈദികനായിത്തീരുന്നതിന് എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തുകൊടുക്കുവാനും മല്പാനച്ചൻ തയ്യാറാകുന്നു. പുസ്തകങ്ങളുടെ ശേഖരമുള്ള നല്ല ലൈബ്രറിയും അതുപയോഗിക്കേണ്ട വിധവും ശിഷ്യനുപറഞ്ഞുകൊടുക്കുന്നു. മല്പാനച്ചൻ എവിടെയെങ്കിലും യാത്രയ്ക്കു പോവുകയോ അരമനയിൽ ആലോചന കൊടുക്കുവാൻ പോകുകയോ ചെയ്യുമ്പോൾ പകരം ക്ലാസ്സെടുക്കുന്നത് ചാവറ അച്ചനായിരുന്നു. അബ്രാഹം മല്പാൻ തോമ്മാച്ചനെ തന്റെ പിൻഗാമിയായി മനസ്സിൽ കണ്ടതുപോലെ പാലയ്ക്കൻ മല്പാനച്ചനും തന്റെ വിശ്വസ്ത പിൻഗാമിയായി മനസ്സിൽ കണ്ടിരുന്നത് ചാവറ കുര്യാക്കോസച്ചനെയായിരുന്നു.

തന്റെ അരുമ ശിഷ്യൻ യാതൊന്നിലും പിന്നോക്കമാകരുതെന്ന് പാലയ്ക്കൽ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മല്പാന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് ലത്തീൻ പഠിക്കാൻ വരാപ്പുഴ സെമിനാരിയിലയച്ചത്. മിലേസ്യമെത്രാനോടും മറ്റും അനുവാദം വാങ്ങിയിട്ട് അയച്ചതായിരുന്നെങ്കിലും അന്നത്തെ റീത്തുചരടുവലിയിൽ ഇതു സംഭവിച്ചില്ല. ശിഷ്യർക്ക് മനഃപ്രയാസം വരാതിരിക്കാൻ രണ്ടാഴ്ചയോളം അവിടെ പ്രത്യേകം ഒരു മുറിയിൽ താമസിപ്പിച്ചിരുന്നു. ആദ്യത്തെ ദിവസം ക്ലാസിൽ കയറ്റിയില്ലെങ്കിലും പിന്നീടെല്ലാം നേരെയാകുമെന്നാണ് അവർക്കുകൊടുത്തിരുന്ന പ്രതീക്ഷ. എന്നാൽ പാലയ്ക്കൽ മല്പാൻ തന്റെ അരുമശിഷ്യന് ലത്തീൻ പഠനം നൽകുകതന്നെ ചെയ്തു. കുറെ പഠനം സിദ്ധിച്ചപ്പോൾ ബുദ്ധിമാനായ ചാവറ സ്വയമായി ലത്തീൻ പഠനം പൂർത്തിയാക്കി. അങ്ങനെ ചാവറ പട്ടമേൽക്കുന്നതിനുമുൻപു തന്നെ ഒരു ബഹുഭാഷാപണ്ഡിതനായിത്തീർന്നു.

പാലയ്ക്കലച്ചന്റേയും ചാവറ ശമ്മാശ്ശന്റേയും സഹജീവിതത്തെക്കുറിച്ച് വിലയിരുത്തുന്ന ഒരാൾക്ക് നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കും ചാവറ വിശുദ്ധിയിലേക്ക് അതിവേഗം പറന്നുയർന്നത് തന്റെ ഗുരുവിന്റെ നല്ല മാതൃകമൂലമാണെന്ന്. വി. കുർബാനയോടുള്ള ഭക്തി, മാതാവിനോടുള്ള ഭക്തി, ഭക്താനുഷ്ഠാനങ്ങളും മറ്റും കൃത്യമായി നിർവഹിക്കുന്നതിനുള്ള താല്പര്യം ഇവയെല്ലാം പാലയ്ക്കലച്ചനിൽനിന്നും കിട്ടിയ പിതൃസ്വത്തായിരുന്നു. അതുപോലെ പള്ളിപ്രസംഗങ്ങൾ പറയുക, അല്മായർക്ക് നേതൃത്വം കൊടുക്കുക ഇവയെല്ലാം ഗുരുവിൽ നിന്നും സൂക്ഷ്മദൃക്കായ ശിഷ്യൻ കണ്ടെത്തിയ നല്ല ശീലങ്ങളായിരുന്നു.

കുർബാന പട്ടത്തിനൊരുക്കി വരാപ്പുഴയ്ക്ക് അയച്ചപ്പോൾ, അവിടെ എതിർപ്പുകളുടെ നീർച്ചുഴിയിൽ മെത്രാൻ മുങ്ങിത്താഴുന്ന ഒരു സ്ഥിതിവിശേഷമായിരുന്നു. പട്ടാർത്ഥികളെ അവിടെ നിർത്തിയിട്ട് വിദേശത്തേക്കു പോകാനൊരുങ്ങുന്ന മെത്രാനച്ചനെ ധൈര്യപ്പെടുത്തുകയും പൊതുജനങ്ങളുടെയും മറ്റും പിൻബലം പ്രഖ്യാപിക്കുന്ന രണ്ടുമൂന്നു മെമ്മോറാണ്ടങ്ങൾ നൽകി മെത്രാനച്ചന് ആത്മവിശ്വാസം പകരുകയും ചെയ്തു. വരാപ്പുഴയിൽ നിന്നും സുരക്ഷിതമായി മെത്രാനച്ചനെ അർത്തുങ്കൽപള്ളിയിൽ കൊണ്ടുവന്നു താമസിപ്പിക്കുകയും ഏതാണ്ടൊക്കെയൊന്നു മനസ്സു ശാന്തമായപ്പോൾ പട്ടം ഏൽക്കാനുള്ള ചാവറയച്ചനേയും മറ്റും അർത്തുങ്കൽ എത്തിക്കുകയും ചെയ്തു. തങ്ങളുടെ പുരോഹിതപട്ടത്തിനുവേണ്ടി - മല്പാനച്ചൻ സഹിക്കുന്ന ക്ലേശങ്ങൾ ക്രാന്തദർശിയായ ചാവറയിൽ വലുതായ ചലനം സൃഷ്ടിച്ചു. പ്രിയ ശിഷ്യൻ പട്ടമേൽക്കുമ്പോഴും പുത്തൻ കുർബാന ചൊല്ലുമ്പോഴുമെല്ലാം സന്തോഷാശ്രുക്കൾ പൊഴിക്കുന്ന ഗുരുവിന്റെ നേരെ കൂപ്പുകൈകളോടെയല്ലാതെ ചാവറയ്ക്കും മറ്റും സമീപിക്കാൻ കഴിഞ്ഞില്ല.

പുത്തൻ കുർബാനയ്ക്കു സ്വന്തം നാട്ടിൽ പോയ ശിഷ്യന്റെ താമസിയാതെയുള്ള തിരിച്ചുവരവ് പ്രതീക്ഷിച്ചിരുന്ന പാലയ്ക്കൽ മല്പാന് ചെറിയ ഒരു നിരാ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ശവരുത്തിക്കൊണ്ട് ഒരു മാസത്തോളം ജ്ഞാനധ്യാനവും മറ്റുമായി പുളിങ്കുന്നിൽ ചുറ്റിത്തിരിഞ്ഞപ്പോഴും ഈ ചെയ്യുന്നതെല്ലാം മല്പാനച്ചന്റെ അനുവാദത്തോടെയല്ലല്ലോ, എന്ന 'മനക്കടി' ചാവറ കുര്യാക്കോസച്ചന് ഉണ്ടായതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. സാമാന്യഗതിയിൽ പട്ടമേറ്റു കഴിയുമ്പോൾ മല്പാനും സെമിനാരിയുമായുള്ള ബന്ധമെല്ലാം തീരുമായിരുന്നു. ഇവിടെ കുര്യാക്കോസ് ഏലിയാസച്ചന്റെ കാര്യത്തിൽ ഏതോ ഒരു കാര്യത്തിന് അനുവാദം കൊടുത്ത് അയച്ചതുപോലെയും അതു കഴിഞ്ഞിട്ട് മടങ്ങിവരാൻ താമസിക്കുന്നതുപോലെയുമുള്ള ഒരു മാനസികാവസ്ഥയാണ് ഗുരുവും ശിഷ്യനും കാണിക്കുന്നത്. ചാവറയച്ചൻ തന്നെ തന്റെ നാളാഗമത്തിൽ ഒരു മാസം കഴിഞ്ഞു പള്ളിപ്പുറത്തു മടങ്ങി എത്തിയപ്പോൾ, 'ഇത്രയും താമസിച്ചതു ഭംഗിയായില്ല എന്ന മുഖഃഭാവം. ദേ. ഉണ്ടായി' എന്നു എഴുതിയിരിക്കുന്നു. ഇങ്ങനെ എല്ലാംകൊണ്ടും നോക്കുമ്പോൾ, ശിഷ്യന് ഗുരുവിനോടുള്ള പിതൃസഹജമായ ഭക്തിയും ബഹുമാനവും - ഗുരുവിന് ശിഷ്യനോടുള്ള പുത്രസഹജമായ വാത്സല്യവും സ്നേഹവും എല്ലാം ഒത്തിണങ്ങിയ ഒരു മൈത്രീ ബന്ധമായിരുന്നു ഇവരുടെത്.

ചാവറയച്ചൻ തന്റെ ഗുരുവിനെക്കുറിച്ച് നന്ദിയോടും കടപ്പാടോടുകൂടെ ഓർക്കുന്നത് ഇവിടെ രേഖപ്പെടുത്തട്ടെ. "പൈതൽപ്രായം മുതൽ ആത്മത്തിനടുത്തും ശരീരത്തിനടുത്തതുമായ രണ്ടു സംഗതികളിലും അദ്ദേഹം തന്നെ അന്വേഷിച്ചു നടത്തി. പഠിപ്പിച്ചു വളർത്തി. (ചാവറയച്ചന്റെ വൈദിക വിദ്യാഭ്യാസത്തിന്റെ ചിലവു മുഴുവൻ വഹിച്ചതു പാലയ്ക്കൽ മല്പാനച്ചനായിരുന്നു.) ആ ദേഹത്തിന്റെ മരണംവരെയും മാംസത്തിനടുത്ത സമ്മന്തക്കാരിലും അരൂപിക്കടുത്ത മക്കളായ ശിഷ്യരിലും അധികമായിട്ടുള്ള താല്പര്യവും എന്റെമേൽ വച്ചു. ആ ദേഹത്തിന്റെ സമ്പത്തിനവകാശി എന്ന പോലെ താൻ താൽപര്യംവച്ചു സ്നേഹിച്ചുവന്ന സമ്പത്തായ ഈ കൊവേന്തയുടെ വേലയ്ക്കും എന്നെ ചുമതലപ്പെടുത്തി."

ഗുരുവിന്റെ തൃച്ചേവടികളെ പിൻതുടർന്ന്, ഗുരുമുഖത്തു നിന്നും പഠിച്ച്, ഗുരുവിനെ അനുകരിച്ചു ജീവിച്ച് വിശുദ്ധിയിലേയ്ക്കുയർന്ന ചാവറ കുരിയാക്കോസച്ചനെയാണു നാം കാണുക. അതെ, വിശുദ്ധനെ വാർത്തുടുത്ത മനോഹരവും സംപൂജ്യവുമായ കൈകൾ.

## സ്ഥാപകരിൽ പ്രമുഖൻ

പാലയ്ക്കൽ മല്പാനച്ചന്റെ ബഹുമുഖമായ പ്രവർത്തനങ്ങൾക്ക് മകുടമണിയിക്കുന്നത് സി.എം.ഐ. സഭയുടെ സ്ഥാപനത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചയും മുൻനോട്ടവും പ്രാരംഭപ്രവർത്തനവുമായിരുന്നു. ഇന്നു സഭ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

യിൽ പോലും പലരും, സഭാസ്ഥാപനത്തിന്റെ ഈറ്റുനോവിൽ ജീവിതം സമർപ്പിച്ച പാലയ്ക്കൽ മല്പാനച്ചനുള്ള പങ്കിനെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തവരോ ഒട്ടും അറിവില്ലാത്തവരോ ആണ്.

ആർക്കാണ് സഭാസ്ഥാപകരിൽ ആദ്യമായി ഒരു സന്യാസസഭയെക്കുറിച്ച് ദർശനം കിട്ടിയത്. ആരെയാണ് പരിശുദ്ധാത്മാവ് അതിനായുള്ള charism - കൊടുത്തു ഉത്തേജിപ്പിച്ചത് - തീർച്ചയായും പാലയ്ക്കൽ മല്പാനച്ചനെത്തന്നെയാണെന്ന് സഭയുടെ ആരംഭചരിത്രത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

## സഭാസ്ഥാപന ദർശനം

യൂറോപ്പിലും മറ്റും സന്യാസസഭകളായിരുന്നു വലിയ വലിയ സെമിനാരികൾ നടത്തിക്കൊണ്ടു പോന്നിരുന്നത്. ഉദാ: ഡൊമിനിക്കൻ സഭ. പാലയ്ക്കലച്ചന്റെ വീക്ഷണത്തിൽ അന്നു കേരളസഭയ്ക്കു വേണ്ടത് വിജ്ഞാനികളായ വൈദികരെയായിരുന്നു. ഇവരെ വാർത്തെടുക്കാൻ നല്ല നിലയിലുള്ള സെമിനാരി വേണം. അതുപോലെ തന്നെ, ദൈവജനത്തെ മന്ദജീവിതത്തിൽനിന്നും തട്ടിയുണർത്തുന്നതിനും അവർക്കു ദൈവവിജ്ഞാനീയവും ബൈബിൾ ഭാഷ്യവും നൽകുന്നതിനും ഒന്നാംതരം സഭാപ്രസംഗകരെയും അന്ന് കേരളസഭയ്ക്ക് ആവശ്യമായിരുന്നു. ഇതുരണ്ടിനും ഒരു സന്യാസസഭ കേരളമണ്ണിൽ കേരള മക്കളുടേതായിട്ട് രൂപംകൊള്ളേണ്ടത് കാലത്തിന്റെ ഏറ്റം വലിയ ആവശ്യമാണെന്ന് മല്പാനച്ചനും ബോദ്ധ്യമുണ്ടായിരുന്നു. യൂറോപ്പിലെ വി. ദൊമിനിക്കോസിന്റെ സഭയുടെ ഒരു കേരള പതിപ്പായിരുന്നു കഥാനായകന്റെ മനസ്സിലുണ്ടായിരുന്ന സന്യാസ ദർശനം.

## സഭാസ്ഥാപന സിദ്ധി

തന്റെ അരുമ ശിഷ്യരോടുകൂടി പ്രാർത്ഥനയിലും കുറെയൊക്കെ തപസ്സിലും പഠനത്തിലും കാലം കഴിച്ചിരുന്ന ഈ സിദ്ധനിൽ തന്റെ അരുമയായ ദർശനം സാധിതമാകാനുള്ള ദൈവാനുഗ്രഹസിദ്ധി ദൈവാരൂപിതന്നെ ചിന്തിയിരുന്നു. മല്പാനച്ചൻ ശിഷ്യരോട് തന്റെ ഈ ആഗ്രഹം പറയുകയും നിരവധി പ്രാവശ്യം അവരെക്കൊണ്ടു പ്രാർത്ഥിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തെളിവാണു വത്സല ശിഷ്യനായ കുര്യാക്കോസ് കൊച്ചച്ചന്റെ പ്രഥമ ബലിയിലെ പ്രാർത്ഥന. നവപൂജയിൽ പ്രാർത്ഥിക്കുന്നതെല്ലാം ദൈവം സാധിച്ചുകൊടുക്കുമെന്ന വിശ്വാസമാണ് ഈ കാര്യം (സന്യാസസഭാസ്ഥാപനമെന്ന കാര്യം) സാധിച്ചുകൊടുക്കണമേ എന്ന പ്രാർത്ഥന. അതു തന്നെ സ്പർശിക്കുന്നതിനേക്കാൾ തന്റെ ഗുരുവിന്റെ ഏറ്റം വലിയ ആഗ്രഹമാണ് എന്ന രീതിയിലാണ് ചാവറയച്ചൻ പ്രഥമ ബലിയിൽ പ്രാർത്ഥിക്കുന്നത്. "ഈ സ്ഥലവും വേലയും നടന്നു നിറവേറുവാനുള്ള ദൈവാനുകൂലം ഉണ്ടാകണം"



www.TheCMSIndia.org

ഇങ്ങനെ പാലയ്ക്കൽ മല്പാനച്ചനു സന്നായസസഭയെക്കുറിച്ച് നിയതമായ ഒരു ദർശനവും അതു നടപ്പിലാക്കാനുള്ള സിദ്ധിയും കിട്ടുന്നു. ഈ ദർശനവും സിദ്ധിയും വച്ചുകൊണ്ട് ഉത്തമ മിത്രമായ പോരുക്കര തോമ്മാച്ചന്റെ അഭിപ്രായമറിയുവാൻ പാലയ്ക്കലച്ചൻ പരിശ്രമിക്കുകയാണ്.

## താപസ ഭവനം (ദർശനവീട്)

ലോകത്തിൽ ജീവിച്ചാൽ - ലോകരോടൊത്തു ജീവിച്ചാൽ പുണ്യപ്പെടുക അസാദ്ധ്യമെന്നും, കേരളസഭയിൽ വിശുദ്ധരുണ്ടാകണമെങ്കിൽ നിരന്തരം പ്രാർത്ഥനയിൽ ചിലവിടുന്ന താപസഭവനങ്ങൾ വേണമെന്നുമുള്ള ആശയം പോരുക്കരയ്ക്കുണ്ടായിരുന്നതായി കാണുന്നു. ആയിടയ്ക്കു കർമ്മലമാതാവിന്റെ അല്മയർക്കുള്ള കോഗ്രഗീസ്യ എന്ന കർമ്മലമാതാവിന്റെ ദർശനസമൂഹം പട്ടക്കാർക്കുവേണ്ടിയുള്ള ദർശനസമൂഹം. ഇതിനൊരു ദർശനഭവനം വേണം. അല്ലെങ്കിൽ താപസഭവനം വേണം. ഇങ്ങനെ പാലയ്ക്കലച്ചനും പോരൂക്കരയച്ചനും ദീർഘനാൾ ഇതിനെക്കുറിച്ചു ചർച്ച ചെയ്യുന്നു. പോരൂക്കര, അർത്തുങ്കൽ നിന്നും നിരവധി പ്രാവശ്യം ഇതിനായി പള്ളിപ്പുറത്ത് വന്നിട്ടുണ്ട്. ശക്തമായ ആലോചനയും പ്ലാനിംഗും അഴിച്ചുപണിയലും എല്ലാം നടന്നിട്ടുണ്ട്. ഇതു പട്ടമേൽക്കാനൊരുങ്ങുന്ന ചാവറ ശെമ്മാശ്ശൻ കണ്ടും കേട്ടും വരികയായിരുന്നു. അതു കൊണ്ടാണ് അദ്ദേഹം തന്റെ പുത്തൻകുർബാനയിൽ ഈ നിയോഗത്തിനുവേണ്ടി പ്രാർത്ഥിക്കുന്നത്.

ദർശവീട് അല്ലെങ്കിൽ താപസഭവനം തുടങ്ങണം എന്ന ആശയവുമായിട്ടാണ് സ്തബിലീനി മെത്രാനച്ചനെ അനുവാദത്തിനായിട്ട് സമീപിക്കുന്നത്. ഒരു ദിവസം തോമ്മാച്ചന്മാരു രണ്ടുപേരുംകൂടി ആലോചിച്ച് നമ്മൾ മുൻപത്തെ കാര്യം പെ.ബ. മെത്രാനച്ചനോട് ബോധിപ്പിച്ചുകൊണ്ട് പോകണമെന്നും പറഞ്ഞ് ഒരു ദിവസം ഉല്ലാസസമയത്ത് പറഞ്ഞു. "ഞങ്ങൾ രണ്ടുപേരും വാച്ചടത്തും ഒതുങ്ങിപാർക്കണമെന്നു നിരൂപിച്ചിട്ടുണ്ടെന്നും ആയതിനാൽ ഞങ്ങൾക്ക് അനുവാദം തരണമെന്നും, ഇവിടെ നില്പാൻ വേറിട്ടൊരാൾ ഞങ്ങൾ തന്നെ ഉണ്ടാക്കിതരാമെന്നും പറഞ്ഞു. അപ്പോൾ ബ. മെത്രാനച്ചൻ കൽപിച്ചു. അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടു പേരുള്ളതു മിണ്ടടക്കമായി വാച്ചിടത്തും ഒതുങ്ങി പാർത്താൽ പിന്നെ ലോകരെ പഠിപ്പിപ്പാൻ ആരെന്നും അങ്ങനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്തവെപ്പിൻ എന്നാൽ എല്ലാവർക്കും ഉപകാരമുണ്ടല്ലോ എന്നു കൽപിക്കുകയും. അപ്പോൾ അവർ പറഞ്ഞു. അതു കഴിയുന്ന കാര്യമോ? ഇവിടെ ആരു സഹായിക്കും? രാജാക്കൾ ചെയ്യുവാനുള്ള കാര്യമല്ലയോ, ഇവിടെ മാർഗ്ഗരാജാവായിരുന്നെങ്കിൽ കഴിഞ്ഞേനെ. അപ്പോൾ പെ.ബ.മെത്രാനച്ചൻ കൽപിച്ചു. മനസ്സായിട്ടു ഉത്സാഹിച്ചു പുറപ്പെട്ടാൽ നടക്കും. അതെന്ത്യെ ക്രിസ്ത്യാനികൾ വളരെയു



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ണ്ടല്ലോ അവരോടു ധർമ്മം വാങ്ങിച്ചാൽ മതിയല്ലോ എന്നു പറഞ്ഞു അന്നു പിരിഞ്ഞു. (നാളാഗമം A.P. 6-7)

മുകളിൽ പറഞ്ഞിരിക്കുന്നതിൽനിന്നും അനുമാനിക്കാവുന്ന ചില കാര്യങ്ങൾ വൈദികരെ പഠിപ്പിക്കണമെന്നും ജനങ്ങൾക്കു പഠാത്ഥ നൽകണമെന്നും അതിനായി ഒരു സഭ സ്ഥാപിക്കണമെന്നുള്ള പാലയ്ക്കലച്ചന്റെ ദർശനം-ആഗ്രഹം-പോരൂക്കര താപസഭവനമാക്കി മാറ്റുന്നു. അതു ദൈവത്തിന്റെ സഭയുടെ പ്രതിനിധി-മെത്രാനച്ചൻ-വാച്ചടത്തും ഒതുങ്ങിപ്പാർക്കാതെ ലോകരെ പഠിപ്പിക്കാൻ കൊവേന്ത വയ്ക്കുക എന്ന ആശയമാക്കി വീണ്ടും തിരുത്തുന്നു. അങ്ങനെ പാലയക്കൽ മല്പാന്റെ പഴേആശയത്തിലേക്ക് വീണ്ടു തിരിച്ചുവരുന്നു. പോരൂക്കരയും പാലയ്ക്കലും കൂടി ഒന്നിച്ച് ആലോചിച്ച് 'ക്രിസ്ത്യാനികൾ സഹായിക്കും' എന്ന മെത്രാനച്ചന്റെ അഭിപ്രായം നിവർത്തിക്കാനായി തീരുമാനിക്കുകയും, ഒരു ധർമ്മക്കടലാസിനായി മെത്രാനച്ചനെ വീണ്ടും സമീപിക്കാനായി തീരുമാനിക്കുകയും ചെയ്യുന്നു.

ധർമ്മക്കടലാസ് കൊടുക്കന്നതോടുകൂടി 200 രൂപയും കൊടുക്കുന്നുണ്ട്. അതിലും "ഈ കടലാസ് ഏല്പിച്ചിരിക്കുന്ന പാലയ്ക്കൽ തോമ്മാ കത്തനാരുടേയും പോരൂക്കര തോമ്മാ കത്തനാരുടേയും കയ്യിൽ കൊടുത്ത രൂപാ" എന്നും അതിനടിയിൽ കുറിക്കുന്നു. അങ്ങിനെ പാലയ്ക്കൽ തോമ്മാ കത്തനാരാണ് സഭയുടെ സ്ഥാപകരിൽ പ്രമുഖനായി ആരംഭംമുതൽ കാണുന്നത്. മെത്രാനച്ചന്റെ സെക്രട്ടറിയായിട്ടും ആലോചനക്കാരനായിട്ടും സെമിനാരി മല്പാനായിട്ടും വിരാജിക്കുന്ന പാലയ്ക്കൽ മല്പാനല്ലാതെ സഭയുടെ തുടക്കത്തിനായി മുന്നോട്ടുവരാൻ അന്നു സുറിയാനി വൈദികരിൽ പ്രമുഖരായ വേറെ ആരും ഇല്ലായിരുന്നു. പോരൂക്കരയെ സെക്രട്ടറിയാക്കുന്നതുതന്നെ പാലയ്ക്കലച്ചന്റെ നിർദ്ദേശപ്രകാരവും തനിക്കു പകരമായിട്ടുമാണ്. പോരൂക്കരയും ചാവറയും മല്പാന്മാർ ആകുന്നതും വളരെ നാളുകൾക്കുശേഷം പാലയ്ക്കലച്ചൻ മരിച്ചു കഴിഞ്ഞ് ആയിരുന്നു (1844-ൽ).

പണം പിരിവിനായി ധർമ്മക്കടലാസുകൊണ്ട് ആദ്യം കുട്ടനാടുപ്രദേശത്തേയ്ക്കായിരുന്നു പോയത്. നല്ല സുഖമില്ലെങ്കിലും പാലയ്ക്കലച്ചനും കൂടെപ്പോയി. ഇവരുടെ കയ്യിൽ കൊടുത്ത രൂപ എന്നാണ് പലരും ധർമ്മക്കടലാസിനു താഴെ എഴുതിയിരിക്കുന്നത്.

"എന്നാൽ ഇതിനുള്ള പ്രധാനികളും വേലക്കാരും മനസ്സുകാരും ഈ അച്ചന്മാർ രണ്ടുംതന്നെ. എന്നാൽ ഈ മല്പാനച്ചന്റെ മനസ്സിനു മുഴുവൻ ചേർന്നു നടക്കണമെന്നുള്ള അഭിപ്രായത്തിൽ ചെറുപ്പം മുതൽ തുടങ്ങി നിശ്ചയിച്ചവനായ ചാവറ കുരിയാക്കോസ് എന്ന ഈ എഴുത്തുകാരനും ഈ അച്ചന്മാരുടെ ബുദ്ധിചൊല്ലിൽ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അർത്തുങ്കൽവച്ച് കുർബാനപ്പട്ടം ഏറ്റപ്പോൾ മെത്രാനച്ചനോടുകൂടി ഒന്നാമത്തെ കുർബാനയിൽ ഈ സ്ഥലവും വേലയും നടന്നു നിറവേറ്റുവാനുള്ള ദൈവാനുകൂലം ഉണ്ടാകണം എന്നുള്ള നിരൂപണയാൽത്തന്നെ ഒന്നാമത്തെ പൂജയണച്ചു". (നാളാഗമം)

വീണ്ടും താപസഭവനം (കൊവേന്തയ്ക്കുള്ള സ്ഥലം) കരുപ്പിടിപ്പിക്കുന്നതിനുള്ള പരിശ്രമമാണ്, പാലയ്ക്കൽ മല്പാനച്ചന്റെ സുഖം നോക്കി മറ്റുള്ളവർ കാത്തിരിക്കുന്നു. ആദ്യത്തെ യാത്രയിൽ ചാവറ കുര്യാക്കോസച്ചനേയില്ല. പോയവരുടെ ലിസ്റ്റ് ഇതാണ്. ഞങ്ങളുടെ മല്പാനച്ചൻ, പോരൂക്കരയച്ചൻ, വാലിഭക്കാരൻ കണിയാന്ത്രയാക്കോ, പള്ളിപ്പുറത്തു കല്ലുങ്കൽ ഇട്ടിയുപ്പ്, ഈഴവ പരിഷയിലുള്ള ഇട്ടൻ എന്നയാളും മാത്രം. ഇവർ ആറുവഴി വള്ളത്തിൽ പോയി വെട്ടിക്കാട്ടുമുക്കും കടന്ന് മുളക്കുളത്തുചെന്ന് മനസ്സിണങ്ങിയ സ്ഥലം കണ്ടില്ല. കടനാട്ടിപാറയും ബോധിച്ചില്ല. വഴിയിൽ കാണുന്ന കുന്നും മലയുമെല്ലാം നോക്കിക്കണ്ട് ആ യാത്രാസംഘം മടങ്ങി വരുകയാണ്. മണക്ക എന്നുപറയുന്ന വെട്ടിക്കാട്ടുമുക്കിനു അടുത്തുള്ള സ്ഥലത്തുവന്നപ്പോൾ ആ കുന്നു കയറിക്കാണാൻ ആഗ്രഹിച്ചു. "അപ്പോൾ ഞങ്ങളുടെ അച്ചനു ക്ഷീണമാകയാൽ വള്ളത്തിൽത്തന്നെ കിടന്നു."

ഇങ്ങനെ ക്ഷീണമായിട്ടും പാലയ്ക്കലച്ചനെത്തന്നെയാണു കൊവേന്തയുടെ സൈറ്റ് കണ്ടുപിടിക്കാൻ കൊണ്ടുപോകുന്നതും. മല്പാനച്ചൻ ഇഷ്ടപ്പെട്ടാൽ മറ്റുള്ളവർക്കും ഇഷ്ടമായി. ഇല്ലെങ്കിൽ മറ്റുള്ളവർക്കും ഇഷ്ടമല്ല എന്ന നിലപാടായിരുന്നു. പെരിയപ്പുറത്തു മാത്തൻ എന്നയാൾ അയാളുടെ കുന്നുംപുറം, കൊടുക്കാം എന്നുള്ള എഴുത്തും വികാരിയുടെ എഴുത്തും കൊടുത്തയയ്ക്കുന്നത് ഞങ്ങളുടെ അച്ചന്റെ (പാലയ്ക്കൽ മല്പാൻ) പേർക്കാണ് അതിനു മറുപടി കൊടുത്തയയ്ക്കുന്നതും പാലയ്ക്കലച്ചൻതന്നെ.

സുഖക്കേടു ഭേദമായശേഷം ഒരു പുത്തൻ കുർബാനയ്ക്കുപോയി മടങ്ങുംവഴി പോറോത്തു ഒരു സ്ഥലം കയറി കാണുന്നു. ഇവിടെ മാത്രമേ കുര്യാക്കോസച്ചനുള്ളു അതും പുത്തൻകുർബാനയ്ക്കുവേണ്ടി പോയതുകൊണ്ടായിരുന്നു.

വേദഗിരിക്കുന്നു കാണുന്നതിന് ഞങ്ങളുടെ അച്ചനും പോരൂക്കരയച്ചനും കൂടെപ്പോയി.

കുടമാളൂർ പള്ളിക്കു കിഴക്കു കുന്നു (പുല്ലരിക്കുന്നു) കണ്ട് അതു ഏകദേശം മതിയെന്നു വയ്ക്കുന്നു. ഈ സ്ഥലം വാങ്ങാൻ സായിപ്പിൽ നിന്നും അനുവാദം കിട്ടാൻ പോരൂക്കരയച്ചനെ പാലയ്ക്കലച്ചൻ നിയോഗിക്കുന്നു.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഗവർണ്ണർ സായിപ്പു കൊച്ചിയിൽ വന്നെന്നു കേട്ടു കൊവേന്ത സ്ഥലം വാങ്ങുന്നതിന് അനുവാദത്തിനായി കർമ്മല മാതാവിന്റെ തിരുനാളായിട്ടും പാലയ്ക്കലച്ചൻ തന്നെ യാക്കോയേയും കൂട്ടി എറണാകുളത്തിനു പുറപ്പെടുന്നു.

ആലങ്ങോട്ടു മണ്ടവത്തും വാതുക്കൾ ആയിരിക്കുന്ന രാജാവിനെ കണ്ട് അനുവാദം വാങ്ങാൻ പാലയ്ക്കലച്ചൻ പോരൂക്കര അച്ചനോടൊത്തു പോകുന്നു.

അവിടെനിന്നും പോരുമ്പോൾ മാന്നാനത്തിൽകൂടി അതിരമ്പുഴയ്ക്കു പോകുവാൻ വന്നപ്പോൾ ദൂരത്തിൽ നമ്മുടെ ബേസ് റൗമ്മയും ഇതിനു വടക്കുപടിഞ്ഞാറു കരിയാറ്റം എന്ന കുന്നും കണ്ടു യാക്കോ കാടുകുറ്റി കൂടാതെ തെളിഞ്ഞു കിടക്കുന്ന കുരിയാറ്റം കൊള്ളാമെന്നു പറഞ്ഞപ്പോൾ പാലയ്ക്കൽ അതിൽ നല്ലതും തുറസ്സും ഇതാകുന്നു (ബേസ്റൗമ്മ) എന്നും വളമുള്ള ഭൂമിയാകകൊണ്ടത്രെ കാടു പിടിച്ചു കിടക്കുന്നത് എന്നും പറഞ്ഞു.

പാലയ്ക്കലച്ചൻ ചാവറയച്ചനെ സിമ്മാരിയേല്പിച്ചിട്ട് അതിരമ്പുഴ, കുടമാളൂർ മുതലായ സ്ഥലങ്ങളിലുള്ള സ്ഥലങ്ങളും പ്രത്യേകിച്ച് ബേസ്റൗമ്മായും എല്ലാം കാണുന്നതിനും അനുവാദ പത്രികകൾ ശരിയാക്കുന്നതിനുമായി ഒരു മാസത്തോളം അതിരമ്പഴു താമസിക്കുന്നു. "ഇങ്ങനെ നിശ്ചയിച്ചിരിക്കുമ്പോൾ ഞങ്ങളുടെ മല്പാനച്ചൻ പള്ളിപ്പുറത്തുനിന്നും പോന്നിട്ട് ഒരു മാസമാകകൊണ്ടും വസന്തദീനത്താൽ ശമ്മാശ്ശന്മാർക്കും കിടാങ്ങൾക്കും അവിടെ പാർപ്പാനുള്ളതിനു ഭയാമാകകൊണ്ടും ഏതെല്ലാം പ്രകാരം വേണ്ടുവെന്നു ചോദിപ്പാനായിട്ടു ഞാൻ പള്ളിപ്പുറത്തുനിന്നും അതിരമ്പുഴ വന്നു". (നാളാഗമം P 18)

"ഇങ്ങനെയിരിക്കുമ്പോൾ പോരൂക്കരക്കച്ചൻ പോന്നിട്ട് ഉത്തരവുകൊടുത്തോ അനുവാദം വാങ്ങിച്ചോ ഏതെല്ലാം പ്രകാരത്തിൽ ആയി എന്ന അവസ്ഥ അറിവാനായിട്ടു നോമ്പുവീടിയ ബുധനാൾച്ചനാൾ എന്നെ അച്ചൻ പറഞ്ഞയച്ചു". (നാളാഗമം P 20)

പനമ്പു മറവച്ചു കുരിശുപുരകെട്ടി അതിൽ കുർബാന ചൊല്ലുവാൻ അനുവാദത്തിന് മെത്രാനച്ചന് എഴുതുന്നു. (നാളാഗമം P 21)

"പിറ്റേദിവസം പുലർകാലെ കല്ലിടാറായപ്പോൾ സുഖക്കേടാൽ പെ.ബ.അച്ചന് ഉടുപ്പാനും മറ്റും പാടില്ലായ്കയാൽ പള്ളിപ്രത്തച്ചൻ കല്ലിടട്ടെ എന്നും അച്ചനു പാടില്ലെങ്കിൽ പോരൂക്കരയച്ചൻ ആകട്ടെ എന്നും" മെത്രാൻ പറയുന്നു. (നാളാഗമം P 24)



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

"പെ.ബ. അച്ചനും (മെത്രൻ) പള്ളിപ്രത്തച്ചനും പോരൂക്കരയച്ചന്റെ നിശ്ചയം തന്നെ എല്ലാത്തിനും നന്ന് എന്നുറച്ചു. (നാളാഗമം P 25)

"എന്നാൽ ഇതിനുള്ള പ്രധാനികളുടെ വേലക്കാരും പ്രധാനികളും മനസ്സു കാരും എല്ലാം ആ അച്ചന്മാരു രണ്ടുംതന്നെ. എന്നാൽ മല്പാനച്ചന്റെ മനസ്സിനും മുഴുവനും ചേർന്നു നടക്കണമെന്നുള്ള അഭിപ്രായത്താൽ ചെറുപ്പം മുതൽ നിശ്ച യിച്ച ഈ എഴുത്തുകാരൻ. (നാളാഗമം P 26)

ശമ്മാശ്ശന്മാരുടെ മുകളിലും താഴെയുമായി വേർതിരിക്കപ്പെട്ടതിലുള്ള സങ്ക ടഹർജി പള്ളിപ്പുറത്തുപെരുന്നാളിനു വന്നപ്പോൾ പാലയ്ക്കലച്ചന്റെ അടുക്കൽ കുടുക്കച്ചിറ അന്തോണിശമ്മാശു കൊടുക്കുന്നു.

"ഞാൻ പോരുവാനായിട്ട് അച്ചന്റെ അടുക്കൽ ചെന്നപ്പോൾ ഈ സങ്കടം കാണിച്ചു, അവിടെ പാർപ്പാൻ മനസ്സില്ലാത്തവർ ഇവിടെ പാർക്കട്ടെ എന്നും സങ്കടം ഇയാൾ തീർത്തുതരും എന്നും പറഞ്ഞു."

"ശേഷമുള്ള പണികൾ തീർത്ത് ആ വടക്കോട്ടുള്ള എല്ലാം തട്ടുംയിട്ടു. ഓടു മിടുവാൻ ഇടയായി എങ്കിൽ കൊള്ളാമായിരുന്നു എന്നും ആയതിനു വക എന്തെന്നും പറഞ്ഞു. വെളക്കിനും വകയില്ലാത്തതിനാൽ വെളിച്ചെണ്ണ മുതലായതു വാങ്ങിക്കൊണ്ടു ഞാൻ പോരുകയും ചെയ്തു." (നാളാഗമം P 36)

"1841-ാം കാലം മകരമാസം 16-ാം തീയിത ശനിയാഴ്ചയുടെ പിറവിയിൽ ഞങ്ങളുടെ മല്പാനും കൊവേന്തയുടെ തുടക്കവുമായ പള്ളിപ്പുറത്തെ പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ മരിച്ചു". (നാളാഗമം P 41)

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ നാളാഗമത്തിൽനിന്നും എടുത്തതാണ് മുക ളിൽ കുറിച്ചിരിക്കുന്ന ഉദ്ധരണികളെല്ലാം. സഭയുടെ ആരംഭത്തിനുള്ള തുടക്കവും അതിന്റെ പ്രചോദനവും ആലോചനയും അനുവാദം വാങ്ങിക്കലും പണം പിരിക്കലും സ്ഥലം തെരഞ്ഞെടുക്കലും മറ്റുള്ളവർക്കു നിർദ്ദേശം കൊടുക്കലും അധികാരിക ളോട് അനുവാദം വാങ്ങിക്കലും തെറ്റുതിരുത്തലും പുതിയ നിർദ്ദേശങ്ങൾ കൊടു ക്കലും എല്ലാം താൻ മരിക്കുന്ന തീയതിവരെ ചെയ്തുകൊണ്ടിരുന്ന പാലയ്ക്കൽ മല്പാനച്ചൻ തന്നെയാണ് സഭയുടെ സ്ഥാപകരിൽ പ്രമുഖൻ. ഈ പ്രമുഖ സ്ഥാനം വേറെ ആർക്കെങ്കിലും മാറ്റിക്കൊടുക്കുകയോ മാറ്റി പറയുകയോ ചെയ്യുക ചരിത്ര ത്തോടും സത്യത്തോടും നാം കാണിക്കുന്ന കടുത്ത അനീതിയായിരിക്കും.

ചാവറയച്ചനെ അൾത്താരയുടെ വണക്കത്തിനായി പ്രതിഷ്ഠിച്ചിരിക്കുന്ന



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഈ അവസരത്തിൽ സ്ഥാപകരിൽ പ്രമുഖൻ ചാവറയച്ചൻതന്നെ എന്ന വിധത്തിൽ സംസാരിക്കുന്നവരുണ്ട്. പോരൂക്കരയച്ചനാണെന്നും ചുരുക്കം ചിലർ വാദിക്കുന്നുണ്ട്. പ്രായം കൊണ്ടു പാലയ്ക്കലച്ചൻ മുമ്പനായതുകൊണ്ടല്ല, പാലയ്ക്കലച്ചൻ സ്ഥാപകരിൽ ഒന്നാമനാണെന്ന് അന്നത്തെ മറ്റു പിതാക്കന്മാർക്കുള്ള അടിയുറച്ച ബോദ്ധ്യം കൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ പേര് ആദ്യം എടുത്തുപറയുക. സഭാസ്ഥാപനത്തെക്കുറിച്ചുള്ള എത്ര നീണ്ട ചർച്ചകൾ പള്ളിപ്പുറം സെമിനാരിയുടെ മുകൾത്തട്ടിൽവച്ച് - പാലയ്ക്കലച്ചന്റെ മുറിയിൽവച്ചു - നടന്നിരിക്കണം. ഇവിടെയാണു സഭയുടെ തുടക്കം. ഇവിടെയാണ് പാലയ്ക്കൽ മല്പാനച്ചന്റെ ഏറ്റം വലിയ മഹിമ.

## പാലയ്ക്കലച്ചൻ ദൈവോപാസകൻ

സ്വർണ്ണത്തിനു സുഗന്ധമെന്നപോലെ വിജ്ഞാനത്തിനു വിശുദ്ധികൂടി ചേർന്നപ്പോൾ, ദൈവത്തിൽമാത്രം ശരണംവയ്ക്കുന്ന അടിയുറച്ച ഒരു ധ്യാനയോഗി ആയിത്തീർന്നു പാലയ്ക്കൽ മല്പാൻ. ആടുകൾക്കുവേണ്ടി ജീവൻ കൊടുത്ത നല്ലയിടയൻ. വീട് അടുത്തായിരുന്നിട്ടും 24 മണിക്കൂറും തന്റെ ശിഷ്യന്മാരുടെ കൂടെ കഴിയാനാഗ്രഹിച്ചവൻ! ഉന്നതരീതിയിലുള്ള നോമ്പും പ്രായശ്ചിത്തവും അനുഷ്ഠിക്കുന്ന ധ്യാനയോഗി. ഒരുപക്ഷേ, താപസഭവനത്തിനുള്ള പ്രേരണ ഈ ധ്യാനസായൂജ്യത്തിൽ നിന്നും ഉരുത്തിരിഞ്ഞതല്ലേ എന്നു നമ്മൾ സംശയിക്കണം. ദൈവത്തെക്കുറുച്ചും ദൈവികകാര്യങ്ങളെക്കുറിച്ചും പുസ്തകത്തിൽനിന്നു വായിച്ചു മനസ്സിലാക്കുക എന്നതിനെക്കാൾ ബൈബിളിൽനിന്നും വായിച്ച യേശുവചനത്തെ തന്റെ ഹൃദയത്തിലും ബുദ്ധിയിലും നിറച്ച് മനനം ചെയ്ത്, ദൈവികതലങ്ങളിലേയ്ക്കുയത്തിവിട്ട് അവിടെനിന്നും ലഭിക്കുന്ന പ്രചോദനവും സിദ്ധിയും തന്റെ അരുമശിഷ്യർക്കു പ്രദാനം ചെയ്യുന്ന ദൈവിക അനുഭവമായിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്സുകൾ.

## കുരിശെടുത്തു നാഥനെ അനുഗമിച്ചു.

ചെറുപ്പകാലം മുതൽതന്നെ തന്റെ കുരിശെടുക്കുവാൻ സ്നേഹനാഥൻ ഈ തപോയോഗിയെ ഒരുക്കിക്കൊണ്ടുവരികയായിരുന്നു. 10 വയസ്സ് ആയിരിക്കയിൽത്തന്നെ തന്റെ പ്രിയപിതാവ് മരിച്ചു. തന്നേയും തന്റെ സഹോദരങ്ങളേയും വളർത്തി വലുതാക്കിക്കൊണ്ടു വരുവാൻ തന്റെ പ്രിയമാതാവ് സഹിക്കുന്ന ബുദ്ധിമുട്ടുകളെ സമനിലയോടുകൂടി ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി കടിച്ചു സഹിക്കുകയായിരുന്നു പാലയ്ക്കൽ മല്പാൻ. കുട്ടിക്കാലത്തിലെതന്നെ പലതും വേണ്ടെന്നുവയ്ക്കുവാനും അമ്മയ്ക്കു മനഃപ്രയാസം വരുത്താതിരിക്കാനും പരിശ്രമിച്ചു. ആഭിജാത്യവും അന്തസ്സുമുള്ള തങ്ങളുടെ കുടുംബത്തിലെ പ്രയാസങ്ങൾ മറ്റുള്ളവ



www.TheCMSIndia.org

രേയും ബന്ധുക്കളേയും അറിയിക്കാതെ ഈശോയോടു മാത്രം പറയുന്ന മാതാവും കുട്ടികളും!.

താൻ സ്നേഹിച്ച, തന്നെ സ്നേഹിച്ച പ്രിയപ്പെട്ട മാതാവിന് ആനന്ദമരുളാൻ തന്റെ വൈദികസ്ഥാനവും നവപൂജയും കാരണമാകും എന്നുള്ള വലിയ പ്രതീക്ഷയോടെ പുരോഹിതാഭിഷേകത്തിന്റേയും നവപൂജാർപ്പണത്തിന്റേയും നാളുകളും മണിക്കൂറുകളും എണ്ണിനീക്കിയിരുന്ന കഥാനായകനു ദൈവം കൊടുത്ത ഏറ്റവും വലിയ കുരിശായിരുന്നു തന്റെ പ്രിയപ്പെട്ട അമ്മയുടെ മരണം. അതും പുത്തൻ കുർബായ്ക്ക് വളരെ അടുത്ത നാളുകളിൽ. മാനുഷികവും ലോകസംബന്ധവുമായ കാര്യങ്ങളിൽ അമിതമായി ശരണം വയ്ക്കുകയും ആശ്രയിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യുക മിഥ്യയാണെന്നുള്ള നിത്യസത്യം വളരെ ചെറുപ്പത്തിലേതന്നെ കഥാനായകന് ദൈവം മനസ്സിലാക്കിക്കൊടുത്തിരുന്നു.

വളരെ പ്രായമാകുന്നതിനു മുൻപുതന്നെ 50 വയസ്സാകുന്ന നല്ല പ്രായത്തിൽ, പലവിധ രോഗങ്ങൾക്കും കഥാനായകൻ അടിമയാകേണ്ടിവന്നു. "അങ്ങനെയിരിക്കെ ഞങ്ങളുടെ മല്പാനച്ചനു വാതത്തിന്റെ ദീനം വന്നു വിഷമിച്ചു കിടപ്പിലായി. ഒരു മാസത്തോളം കുർബാന ചൊല്ലാതെയും അരക്കൂടു തളർന്നുപോകയാൽ കാല് അനക്കുവാൻ വയ്യാതെയും കിടപ്പിലായി". എങ്കിലു തനിക്കു ദൈവം തന്ന ഈ ശാരീരിക കുരിശിനെ, വേദനയെ, മൗനമായി സഹിക്കുകയും ചേന്നങ്കരിയിൽ തന്റെ ബന്ധുജനങ്ങളെ കാണാൻപോയിരുന്ന തന്റെ അരുമശിഷ്യനായ ചാവറയച്ചനെപ്പോലും അറിയിക്കുകയോ ആശ്വാസം തേടുകയോ ചെയ്യാതെ ദൈവതിരുമനസ്സിന് കീഴ്വഴങ്ങുകയും ചെയ്യുന്നു. 1829-ലെ കാര്യമാണ് ഇവിടെ ചാവറയച്ചൻ പകർത്തുന്നത്. അപ്പോൾ കഥാനായകന് 49 വയസ്സേ ഉണ്ടായിരുന്നുള്ളൂ. ഏതാണ്ട് 50 വയസ്സിനു മുമ്പുതന്നെ നിരവധി രോഗങ്ങളാൽ മല്പാനച്ചൻ വേദനയനുഭവിക്കുവാൻ ആരംഭിച്ചിരുന്നു. അർശസ്സും പ്രമേഹവും വിട്ടുമാറാത്ത മറ്റു രോഗമായിരുന്നു.

## നോമ്പും ഉപവാസവും

പാലയ്ക്കൽ മല്പാനച്ചന്റെ ഭക്ഷണരീതിയേയും നോമ്പും ഉപവാസത്തേയുംകുറിച്ച് അരുമ ശിഷ്യനായ ചാവറയച്ചൻ വിവരിച്ചുതന്നെ തന്റെ നാളാഗമത്തിൽ എഴുതിയിട്ടുണ്ട്. അദ്ദേഹത്തെ നമുക്കു ശ്രവിക്കാം. "എന്നാൽ ഈ ദേഹം കുർബാന ചൊല്ലിയപ്പോൾ തുടങ്ങി (എന്നു തോന്നുന്നു) ഞങ്ങൾ പടിപ്പിപ്പാൻ ചെല്ലുമ്പോഴും അങ്ങനെതന്നെ. അതായത് ദിവസവും ഒരുനേരമായിട്ട് ഉച്ചയ്ക്കുമാത്രം ചോറുണ്ണും. വൈകിട്ട് കുറെ കഞ്ഞി. കാലത്ത് ഒന്നുമില്ല. ഇങ്ങനെ ഏറിയനാൾ. എത്രകാലമെന്നു തിട്ടമില്ല. പിന്നെ ഒരു ജ്വരം കഠിനമായിട്ടു വന്നു. അപ്പോൾ പുത്തനങ്ങാടിയിൽ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഇട്ടൂപ്പുവൈദ്യൻ ശക്തിയായി പറഞ്ഞതിനാൽ അന്നുമുതൽ കാലത്തു കഞ്ഞികുടിച്ചു തുടങ്ങി. എന്നാൽ വരാപ്പുഴ സെക്രട്ടറിയായിട്ടു പാർത്തിരുന്ന അവിടേയും ഇങ്ങനെതന്നെ ആയിരുന്നു. അവിടെവച്ചു തുടങ്ങിയോ ആയതിനുമുൻപും ഇങ്ങനെതന്നെയോ എന്നു നിശ്ചയമില്ല. എന്നാൽ ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോഴും ഈ ചട്ടമായിരുന്നു എന്നതന്നയുമല്ല വീട്ടിൽ നിന്നത്രേ ചോറുകൊണ്ടുവരുന്നത്. എന്നാൽ മേലെഴുതിയതിൻ വണ്ണം വീട്ടിൽ ഞെരുക്കം തന്നെ. ഈ. ദെ കുർബാന ചൊല്ലുന്നതിനു കുറെ ദിവസം മുമ്പ് അമ്മയും മരിച്ചു. ഒരു ജ്യേഷ്ഠനും രണ്ടു പെങ്ങന്മാരും ഉള്ളതിൽ മൂത്ത പെങ്ങളുടെ കെട്ടിയവൻ സ്വഭാവക്കെട്ടുകാരനായി രക്ഷിക്കായ്കയാൽ ഈ പെങ്ങൾ വീട്ടിൽ വന്നു പാർത്തിരുന്നു. അവരത്രെ ചോറും കറിയും ചമച്ചു കൊടുക്കുന്നത്. എന്നാൽ ജ്യേഷ്ഠൻ എന്നയാളും അതികം പ്രാപ്തിയില്ലാത്തയാൾ ആയിരുന്നു. ആയതിനാലുള്ള ഞെരുക്കംകൊണ്ടോ, വേണ്ട എന്നു വച്ചിട്ടോ അതായത് ഈ. ദെ ഒരുനേരമായ ഉച്ചയ്ക്കുള്ള ചോറും കറിയും മാത്രമേയുള്ളൂ ആയതും ഒരു സാധനം തന്നെ. അതായത് ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോൾ ചോറും പയറുപുഴുങ്ങി നല്ല മുളകുപൊടിയിട്ട് ഉലർത്തിയതും ഒരു കറിയും മോരും. ചിലപ്പോൾ നിജമില്ല ഈ ചോറും ഈ കറിയും തന്നെ ഇങ്ങനെ ഏറിയനാൾ കണ്ടു. പിന്നെ ഒന്നുപകർന്നു. ഇതായത് ഈ ചോറും അതോടുകൂടിയ ചെറിയ ചെമ്മീൻ മേൽപ്രകാരം ഉലർത്തി ആയതും ഇങ്ങനെയും ഏറിയനാൾ അതായത് മേലെഴുതിയ വൈദ്യന്റെ പ്രമാണം വരെയും, ആയതു കഴിഞ്ഞാറേയും ഈ പെങ്ങളുടെ പെരുമാറ്റവും അവരു കൊടുത്തയയ്ക്കുന്നതുമാത്രം അനുഭവിച്ചു പോന്നു." (നാളാഗമം P 68)

ഒരു യോഗിയുടെ ഭക്ഷണക്രമമാണ് മുകളിൽ ചാവറയച്ചൻ വിവരിച്ചിരിക്കുന്നത്. സെക്രട്ടറിയായി അരമനയിൽ യൂറോപ്യന്മാരൊത്തു കഴിഞ്ഞനാളിലും ഒരു നേരം മാത്രം അതും വളരെ ലളിതമായി ഭക്ഷണം കഴിച്ചു ശീലിച്ച് പാലയ്ക്കൽ മല്പാനച്ചന് ഭക്ഷണം തന്നെ ഒരു പ്രശ്നമായിരുന്നില്ല. തന്റെ അരുമശിഷ്യർ പ്രഭാതഭക്ഷമം കഴിക്കുമ്പോഴും ക്ലാസ്സെടുക്കേണ്ട പ്രൊഫസർ പട്ടിണിയായിട്ട് ദൂരെയിരിക്കുന്നത് എത്രയോനാൾ ചാവറയച്ചൻ കണ്ടിരിക്കുന്നു. ഇതുതന്നെയല്ലേ വിശുദ്ധർക്കടുത്ത നോമ്പും ഉപവാസവും.

## നാഥനെ വാഴ്ത്തുവിൻ

ഇന്നത്തെ രീതിയിലുള്ള എക്സ്പ്രസ് കാനോന നമസ്ക്കാരമല്ലായിരുന്നു പാലയ്ക്കലച്ചന്റെ കാലത്ത്. പല പുസ്തകങ്ങളിൽനിന്നും യാമപ്രാർത്ഥന കണ്ടെത്തി ചൊല്ലുക അതും വളരെ ദീർഘമായത്. ഇതിനു പ്രത്യേക നിഷ്ഠതന്നെ ആവശ്യമായിരുന്നു. പലരും നീണ്ട കാനോന പ്രാർത്ഥന ഉപേക്ഷിച്ചു കളഞ്ഞിരുന്ന ആ കാലത്ത് ദൈവത്തിന്റെ മനുഷ്യനായ പാലയ്ക്കലച്ചൻ ഇതുമുഴുവൻ ഭക്തിയോടു



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കൂടി അതാതു സമയത്തു എത്തിക്കുവാൻ സമയം കണ്ടെത്തിയിരുന്നു. തന്റെ അരുമശിഷ്യരോടു കൂടിയായിരുന്നു ഈ പ്രാർത്ഥന എത്തിക്കുക. എപ്രകാരമാണു ഭക്തിയോടുകൂടി തിരുസ്സഭയുടെ ഈ ഔദ്യോഗിക പ്രാർത്ഥന ചെല്ലേണ്ടതെന്ന് ഗുരുമുഖത്തുനിന്നുതന്നെ അവർ കണ്ടും കേട്ടും മനസ്സിലാക്കിയിരുന്നു. 'റംശായും ലെലിയായും ശമ്മാശ്ശന്മാരോടുകൂടെ അത്രെ ഈ ദെ എത്തിക്ക്'. (നാളാഗമം P 66)

ഇങ്ങനെ സ്വർണ്ണത്തിനു സുഗന്ധം കൂടിച്ചേർന്നാലെന്നതുപോലെ വിജ്ഞാനത്തിന്റെ ഭണ്ഡാഗാരമായ മല്പാനച്ചന് വിശുദ്ധികൂടി ചേർന്ന് ജീവിക്കുന്ന ദൈവത്തിന്റെ മനുഷ്യനായി വിശുദ്ധനായി ജീവിച്ചു മാതൃക നൽകിയവനായിരുന്നു പാലയ്ക്കൽ. തന്നോടടുക്കുന്നവരെ, ദൈവത്തിലേയ്ക്കടുപ്പിക്കുന്ന ഈ മഹാത്മാവ് ഓട്ടം പൂർത്തിയാക്കാനുള്ള ദിവസം - കിരീടം നേടുവാനുള്ള ദിവസം - ആഗ്രഹത്തോടെ പാർത്തിരിക്കയായിരുന്നു.

## പാലയ്ക്കലച്ചൻ മെത്രാനച്ചന്റെ സെക്രട്ടറി

വരാപ്പുഴ മെത്രാനായിരുന്ന റൈമൂന്തൂസ് തിരുമേനി തന്റെ സെക്രട്ടറിയാക്കുന്നതിന് യോഗ്യനായ ഒരു വൈദികനെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അന്വേഷണത്തിൽ പാലയ്ക്കൽ തോമസച്ചനെക്കാൾ ഈ സ്ഥാനത്തിനു പറ്റിയ വ്യക്തി വേറെയില്ലെന്നു ബോദ്ധ്യമായി. അബ്രാഹം മല്പാനെ അറിയിച്ച് പാലയ്ക്കലച്ചനെ വരുത്തി കാര്യം അറിയിച്ചു. സഭയുടെ കേന്ദ്രഭരണത്തിൽ സഹകരിച്ചുകൊണ്ട് തന്റെ സഭയ്ക്കും സമുദായത്തിനും പലതും ചെയ്യുവാൻ സാധിക്കുന്ന അസൂയാവഹമായ ഈ സ്ഥാനം സ്വീകരിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പള്ളിപ്പുറത്തുവന്നു വീട്ടുകാരോടും മല്പാനോടും സെമിനാരിക്കാരോടും യാത്ര പറഞ്ഞു. അവരെല്ലാവരും ഈ നിയമനത്തിൽ സന്തോഷിക്കുകയും കൊച്ചച്ചനെ അനുമോദിക്കുകയും ചെയ്തു പ്രത്യേകിച്ചും അബ്രാഹം മല്പാൻ കൊച്ചച്ചന് എല്ലാ നല്ല ഭാവിയും ഭാവുകങ്ങളും നേർന്നു. അദ്ദേഹത്തിന്റെ ആനന്ദത്തിന് അതിരില്ലായിരുന്നു. തന്റെ അരുമശിഷ്യൻ പട്ടമേറ്റ് ഉടനെ തന്നെ ഇത്രയും ഉന്നതമായ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതിൽ ദൈവത്തിനു നന്ദി പറയുകയും നല്ല സമ്മാനങ്ങൾ നൽകി യാത്രയാക്കുകയും ചെയ്തു. ഈ നിയമനത്തിന്റെ പിന്നിൽ അബ്രാഹം മല്പാനച്ചന്റെ കൈയുണ്ടായിരുന്നുവെന്ന് പാലയ്ക്കലച്ചന് അറിയാമായിരുന്നു.

ജോലിയേറ്റ് അധികനാൾ കഴിയുന്നതിനു മുമ്പുതന്നെ ചില അത്യാവശ്യമായ സമുദായ പരിഷ്ക്കാരങ്ങൾ സുറിയാനി സഭയിലും സമൂഹാചാരത്തിലും നടപ്പിലാക്കണമെന്നുതന്നെ പാലയ്ക്കലച്ചൻ തീരുമാനിച്ചു. മെത്രാനച്ചന്റെ 'ഓക്കെ' വാങ്ങുവാൻ സെക്രട്ടറിയച്ചന് ഒരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല.




www.TheCMSIndia.org



പുനഃരുദ്ധാരണം നടത്തിയ പള്ളിപ്പുറം പള്ളിയുടെ പ്രധാന അൾത്താരയ്ക്ക് ഇടതുവശത്ത് സ്ഥാപിച്ചിരിക്കുന്ന സ്തുതിമണ്ഡപവും അതിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വി. തോമാശ്ലീഹായുടെ തിരുസ്വരൂപവും മാട്ടേൽ നിന്നു കണ്ടെടുത്ത പള്ളിപ്പുറം കുരിശും.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഡോ: തോമസ് പാലയ്ക്കൽ

വരാപ്പുഴയിൽ സ്ഥാനമേറ്റതിനുശേഷം പാലയ്ക്കൽ മല്പാനു മായി കൂടുതൽ സഹവർത്തിക്കുന്നതിനും, ബാല്യ കാലം മുതൽ മനസ്സിൽ സൂക്ഷിക്കുന്ന വനവാസസന്യാസത്തെക്കുറിച്ച് പലപ്രാവശ്യം ചർച്ച ചെയ്യുന്നതിനും ഇടയായി. താൻ മനസ്സിൽ പടുത്തുയർത്തിക്കൊണ്ടിരിക്കുന്ന ദർശന ഭവനവും, പോരൂർക്കരയച്ചൻ ആഗ്രഹിക്കുന്ന വനവാസസന്യാസവും തമ്മിൽ സംയോജിപ്പിക്കാനാവാത്ത അന്തരം ഉണ്ടായിരുന്നില്ല. തൽഫലമായി ഉണ്ടായ ഏകീകൃത അഭിപ്രായ ഐക്യത്തോടെയാണു രണ്ടുപേരുംകൂടി മെത്രാനച്ചനെ കണ്ടതും ഇംഗിതം അറിയിച്ചതും.

പോരൂർക്കരയച്ചനു പകരം മറ്റൊരാളെ സെക്രട്ടറി സ്ഥാനത്തേക്ക് കൊണ്ടുവരാമെന്നും, തങ്ങളെ ഈ താപസഭവനലക്ഷ്യത്തിലേക്ക് നീങ്ങാൻ അനുവദിക്കണമെന്നും അപേക്ഷിച്ചു. എന്നാൽ മെത്രാനച്ചൻ വിഭിന്നമായ ഒരഭിപ്രായമാണു അവരുടെ മുന്നിൽ അവതരിപ്പിച്ചത്. പാലയ്ക്കലച്ചനേയും പോരൂർക്കരയച്ചനേയും പോലുള്ള സമർത്ഥരും, വിജ്ഞാനീയരും സമുദായ പരിഷ്ക്കർത്താക്കളും ആയവർ സമൂഹത്തിൽ നിന്നു വേർപെട്ട് താപസഭവനങ്ങളിൽ ഒതുങ്ങുന്നത് സമുദായത്തോട് ചെയ്യുന്ന അനീതി ആയിരിക്കുമെന്നും മറിച്ച് ലോകർക്കുകൂടി ഉപകാരപ്രദമായ രീതിയിൽ വൈദിക പരിശീലനത്തിനു കാര്യക്ഷമതയുള്ള ഒരു ദേശീയ കൊവേന്തക്കാണു നിങ്ങൾ ശ്രമിക്കേണ്ടതെന്ന് ഉപദേശിക്കുകയും ചെയ്തു. പാലയ്ക്കലച്ചന്റെ താപസഭവനവും, പോരൂർക്കരയച്ചന്റെ വനവാസ സന്യാസവും സമന്വയിപ്പിച്ച് മെത്രാനച്ചൻ ദേശീയ കൊവേന്ത എന്ന ആശയമാക്കി മാറ്റുകയാണു ചെയ്തത്. ഒരു തരത്തിൽ ചിന്തിച്ചാൽ ഉദാരമനസ്കനായ പോരൂർക്കരയച്ചൻ പാലയ്ക്കൽ അച്ചന്റെയും, മെത്രാനച്ചന്റെയും അഭിപ്രായത്തോട് അനുകൂലിക്കുകയാണ് ചെയ്തത്. അന്നുമുതലുള്ള കൂടിയാലോചനകളിൽ പോരൂർക്കരയച്ചന്റെ ആത്മമിത്രമായ കണിയാന്തറ യാക്കോബ് നിഴലുപോലെ അച്ചന്മാരെ പിന്തുടർന്നിരുന്നു. കേരളക്കരയിൽ ആദ്യമായി പ്രാദേശീയ കൊവേന്ത തുടങ്ങാൻ മെത്രാനച്ചനിൽ നിന്നുതന്നെ നിർദ്ദേശമുണ്ടായിട്ടും ഈ ത്രിമൂർത്തികൾക്ക് ആത്മധൈര്യം ഇല്ലായിരുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ കൊവേന്തകൾ നടത്തിയിരുന്നത് രാഷ്ട്രീയ പിൻബലമുള്ള സമൂഹ നേതൃത്വമായിരുന്നു. ഇക്കാര്യത്തിലും മെത്രാനച്ചനാണു ഇവർക്ക് ആത്മധൈര്യം പകർന്നത്. കേരളത്തിലെ ക്രൈസ്തവ സമൂഹം സമ്പന്നമാണെന്നും, സമ്പന്നരായ നാട്ടുകാർ സഹായിച്ചാൽ ഇത് നടക്കുമെന്നും ധൈര്യപ്പെടുത്തി ആയതിലേക്ക് സഹായാഭ്യർത്ഥന നടത്തുന്ന ഒരു പത്രമേനിയും ഇരുന്നൂറുരൂപയും കൊടുത്ത് ഇവരെ കർമ്മരംഗത്തേക്ക് ഇറക്കിയത് മെത്രാനച്ചനാണു. ഈ പത്രമേനിയുമായി വിവിധ ഇടവകകളിൽ ചെന്ന അച്ചന്മാർക്ക് അഭൂതപൂർവ്വമായ സഹായ വാഗ്ദാനങ്ങളാണ് കിട്ടിയത്. മെത്രാനച്ചനിൽ നിന്ന് കിട്ടിയ പത്രമേനിയും ഇരുന്നൂറുരൂപയുംകൊണ്ട് നാട്തെണ്ടി സാമ്പത്തിക ശക്തി വർദ്ധിപ്പിച്ച് കൊവേന്ത സ്ഥാപനത്തിനു അക്ഷീണം പ്രവർത്തിച്ച ഈ ആരംഭകാല പിതാക്കന്മാരെ വിസ്മൃതിയിൽ വിസ്മരിക്കാൻ ആരാലും സാധ്യമല്ല.

Welfare Offset Vkm. 04829-232225

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS